# ആത്മപ്രകാശിനി

## 2009 സെപ്റ്റംബർ

ആത്മപ്രകാശിനി പി. ഡി. എഫ്. ആയി താങ്കൾക്ക് എത്തിക്കുന്നതിൽ ഞങ്ങൾക്ക് വളരെ സന്തോഷം ഉണ്ട്. വരിസംഖ്യകൊണ്ടു മാത്രം നടത്തപ്പെടുന്ന ഈ ശുശ്രൂഷ ഇനിയും മുമ്പോട്ട് കൊണ്ടുപൊകണമെങ്കിൽ വായനക്കാരുടെ സഹകരണം ആവശ്യമാണ്. ആത്മപ്രകാശിനി പി. ഡി. എഫ്. ആയി ലഭിക്കുന്നവർ ഈ പ്രവർത്തനത്തെ ഓർത്ത് പ്രാർത്ഥിക്കുകയും ഇതിന്റെ സുഗമമായ നടത്തിപ്പിനായി വർഷത്തിൽ ഒരിക്കലെങ്കിലും സാമ്പത്തികമായി സഹകരിക്കുകയും ചെയ്യേണ്ടതാണ്.

**Please send your gift as a DD to:**

**The Manager**
**Athmaprakashini**
**P.B. No. 10**
**Kumbanad**
**Pathanamthitta Dist.**
**Kerala-689 547**
**India**

**Please see the details:**

**Bank: Indian Overseas Bank**
**Branch: Kumbanad**
**SB account no: 1492**
**DD should be in favour of “Athmaprakashini, Kumbanad”.**

# Athmaprakashini

# അകത്താളുകളിൽ


**ഇരുട്ടിൽ നിന്ന് വെളിച്ചത്തിലേക്ക്**
കെ.എ. ഫിലിപ്പ് ................................ 3

**മാളികമുറി പ്രഭാഷണം**
ഡോ. ഒ.എം. ശാമുവേൽ ................ 4

**പരിണാമ സൃഷ്ടി വിവാദം**
ഡോ. ജോൺസൺ ജോർജ്ജ് ........ 6

**സ്വേച്ഛാരാധന**
കെ.എ. ഏബ്രഹാം ............................ 8

**സ്ഥലം സഭയുടെ പ്രാധാന്യവും . . .**
കുഞ്ഞുമോൻ ഡാനിയേൽ .............. 11

**യോസേഫിന്റെ ശുശ്രൂഷകൾ**
സണ്ണി റ്റി. ഫിലിപ്പ് ............................ 13

**താഴ്മ**
രത്നാ ജേക്കബ് ................................ 14

**കൃപ എന്ന വിശിഷ്ട വിഷയം**
കെ.വി. ജോൺ .................................. 15

**തിമൊഥെയൊസിന് എഴുതിയ . . . .**
ജേക്കബ് തോമസ് ............................. 17

**പരിഹാസവും പരിഹാരവും**
ഡാനി എസക്കിയേൽ ...................... 18

**ബൈബിൾ പ്രശ്നാവലി ............** 20

**വാർത്തകളും, കുറിപ്പുകളും** 23


### *വരിക്കാരുടെ ശ്രദ്ധയ്ക്ക്*

*മാസിക സംബന്ധമായ എല്ലാ എഴുത്തുകുത്തുകളിലും നിങ്ങളുടെ മേൽവിലാസത്തോടൊപ്പം കാണുന്ന രജിസ്റ്റർ നമ്പർകൂടികാണിക്കണം.*

*നിങ്ങളുടെ മേൽവിലാസം മാറുമ്പോൾ പുതിയ വിലാസത്തൊടൊപ്പം പഴയ വിലാസവും ഞങ്ങളെ അറിയിക്കുക. വാർഷിക വരിസംഖ്യ അയച്ചുതരുവാൻ മറക്കരുത്.*

*എല്ലാ മാസവും 10 നു മാസിക തപാലിൽ അയയ്ക്കുന്നു. ഒരാഴ്ചയ്ക്കുള്ളിലും ലഭിച്ചില്ലെങ്കിൽ പോസ്റ്റോഫീസിൽ അന്വേഷിച്ചശേഷം ദയവായി ഞങ്ങളെ അറിയിക്കുക.*


# ആത്മപ്രകാശിനി

**Vol. XXVIII** **No.9**

## 2009 സെപ്റ്റംബർ

***പത്രാധിപസമിതി***
കെ. എ. ഫിലിപ്പ്
ഡോ. ഒ.എം. ശാമുവേൽ
ഡോ. കെ.സി. ജോൺസൺ

***പബ്ലിഷർ & മാനേജർ***
സി. എ. ജോർജ്ജ്

***ഡി.റ്റി.പി.***
**നെല്ലിമല** ഓഫ്സെറ്റ് പ്രിന്റേഴ്സ്, കുമ്പനാട്
ഫോൺ : 0469 2663308, 94476 00308

***പ്രിന്റിങ്***
എക്സൽ ഓഫ്സെറ്റ് പ്രിന്റേഴ്സ്, ഓമല്ലൂർ
ഫോൺ: 0468 2 350320

**വാർഷിക വരിസംഖ്യ**
ഇന്ത്യയിൽ : 50 രൂപ (മുൻകൂർ)
വിദേശത്ത് : 500 രൂപ (മുൻകൂർ)



***ലേഖനങ്ങൾ അയയ്ക്കേണ്ട വിലാസം***
ഡോ.ഒ. എം. ശാമുവേൽ
പി.ബി.നമ്പർ - 46
സുവിശേഷാലയം
പത്തനംതിട്ട - 689 645
ഫോൺ: 0468 2 224045

**വാർത്തകൾ, വിലാസമാറ്റം, വരിസംഖ്യ സംഭാവന, മാസിക സംബന്ധിച്ച എഴുത്തുകൾ എന്നിവ അയയ്ക്കേണ്ട വിലാസം**

മാനേജർ
**ആത്മപ്രകാശിനി**
പി.ബി.നമ്പർ : 10
കുമ്പനാട് 689 547
ഫോൺ : 0469 2664314 (O)
0469 2664925 (R)

www.athmaprakashini.com
athmaprakashini@gmail.com
+919447265500

# ഇരുട്ടിൽനിന്ന് വെളിച്ചത്തിലേയ്ക്ക്

**കെ.എ. ഫിലിപ്പ്**

"**നീ** എന്റെ ദീപത്തെ കത്തിക്കും. എന്റെ ദൈവമായ യഹോവ എന്റെ അന്ധകാരത്തെ പ്രകാശമാക്കും'' (സങ്കീ. 18:28). ദാവീദിന്റെ ഈ ഗാനശകലത്തിന് ഒരു ജീവചരിത്ര പശ്ചാത്തലമുണ്ട്. സങ്കീർത്തനത്തിന്റെ മുഖവുര ഇങ്ങനെയാണ്: "യഹോവ അവനെ സകല ശത്രുക്കളുടെ കൈയ്യിൽനിന്നും ശൗലിന്റെ കൈയ്യിൽനിന്നും വിടുവിച്ച കാലത്ത് അവൻ ഈ സംഗീത വാക്യങ്ങളെ യഹോവയ്ക്ക് പാടി.'' പ്രാണഭയത്തിന്റെയും പാലായനത്തിന്റെയും അന്ധകാര ദിനങ്ങൾ കഴിഞ്ഞു. സ്വസ്ഥതയുടെയും സമാധാനത്തിന്റെയും ദിവ്യപ്രകാശത്തിലേയ്ക്ക് ദാവീദ് വന്നെത്തിയിരിക്കുന്നു. മൂവായിരം വർഷങ്ങൾക്കു മുമ്പ് രചിച്ച ഈ വരികളുടെ പ്രസക്തി കാലാതീതമാണ്. ക്രിസ്തുവിശ്വാസികളിലാണ് ഇത് കൂടുതൽ അർത്ഥവത്താകുന്നത് എന്ന് ഇന്ന് നമുക്കറിയാം. വിശ്വാസികളിൽ ഇത് നിവൃത്തിയായിക്കഴിഞ്ഞിരിക്കുന്നു എന്ന സത്യം നമുക്ക് ഏറെ ചിന്തയ്ക്ക് വക തരുന്നു. "*അന്ധകാരത്തിൽനിന്ന് അത്ഭുത പ്രകാശത്തിലേയ്ക്ക്*" വിളിക്കപ്പെട്ടവരാണ് നാം (1 പത്രൊസ് 2:9). ഈ അവസ്ഥാമാറ്റവും അതിന്റെ അടിസ്ഥാനത്തിൽ നമുക്കുണ്ടായിരിക്കുന്ന ചുമതലകളും നമുക്ക് ചിന്താവിഷയമാക്കാം.

തന്റെ ആത്മ ദീപത്തെ ദൈവം ജ്വലിപ്പിക്കുമെന്നും ജീവിതാന്ധകാരത്തെ ജീവപ്രഭയാക്കി മാറ്റുമെന്നും പറയുമ്പോൾ മറ്റു സന്ദർഭങ്ങളിലെന്ന പോലെ ഒരു പ്രവാചകന്റെ ഉൾക്കാഴ്ചയോടുകൂടിയാണ് ദാവീദ് അത് പ്രഖ്യാപിക്കുന്നത്. വരാനുള്ള തന്റെ ഭക്ത ഗണങ്ങൾക്കും ദൈവം അതുതന്നെ ചെയ്യുമെന്ന് ദാവീദ് വിശ്വസിക്കുന്നുണ്ട് നിശ്ചയം (സങ്കീ. 22:26-31). ദാവീദിന്റെ പ്രവാചക ദൃഷ്ടിയിൽ വന്ന ഒരു പ്രധാന കാഴ്ചയാണ് 22-ാം സങ്കീർത്തനത്തിലെ പീഡിതൻ. "*എന്റെ ദൈവമെ, എന്റെ ദൈവമെ, നീ എന്നെ കൈവിട്ടതെന്ത്?*" എന്നു പറയുന്ന ആ ദുഃഖിതനെ ദാവീദ് വർണ്ണിക്കുന്നു. ആരാണത്? ദാവീദ് പുത്രനും ദൈവപുത്രനുമായ ലോകരക്ഷിതാവു തന്നെ. ആയിരം വർഷങ്ങൾക്കു ശേഷം യെരൂശലേം നഗരത്തിനു സമീപമുള്ള തലയോടിടത്തുനിന്ന് ചരിത്രത്തിലേയ്ക്ക് ഉയർന്ന ആ ശബ്ദം മൂന്നു മണിക്കൂർ നേരത്തെ ഇരുട്ടിനു ശേഷമാണ് ഉണ്ടായത് എന്നുള്ളത് ഇത്തരുണത്തിൽ പ്രാധാന്യമർഹിക്കുന്നു (മത്തായി 27:45,46). ചിന്താതീതമായ ഒരു മഹാത്ഭുതമായി ഇരുട്ടിന്റെ ഈ അല്പസമയത്തെ വാഴ്ച ഇരിക്കുന്നു. എന്തുകൊണ്ട്? "*വെളിച്ചം ഉണ്ടാകട്ടെ*" എന്നും "*ഞാൻ ലോകത്തിന്റെ വെളിച്ചമാകുന്നു*" എന്നും പറഞ്ഞവനാണ് ഇരുട്ടിൽ കൂടി കടന്നുപോയത് എന്നുള്ളതു തന്നെ. വ്യാഖ്യാനിച്ചും വിവരിച്ചും തീർക്കാനാവാത്ത ഈ അന്ധകാര പ്രവേശത്തെ ഇങ്ങനെ ചുരുക്കിപ്പറയാം. "*ഏറ്റം പുറത്തുള്ള ഇരുട്ടിലേയ്ക്ക്*" തള്ളപ്പെടേണ്ടിയിരുന്ന നമ്മെ "*വിശുദ്ധന്മാർക്ക് വെളിച്ചത്തിലുള്ള അവകാശത്തിനായി പ്രാപ്തരാക്കാൻ*" സാക്ഷാൽ വെളിച്ചം ഇരുളിൽകൂടി കടന്നു പോകുകയായിരുന്നു. നമുക്കു വെച്ചിരുന്ന ഇരുട്ട് അവൻ ഏറ്റുവാങ്ങുകയും പകരം ജീവവെളിച്ചം നമുക്കു തരികയുമായിരുന്നു. നമുക്കുണ്ടയ ഈ ദീപ്തീകരണത്തിന്റെ വേദശാസ്ത്രം അപ്പൊസ്തലനായ പൗലൊസ് ഇങ്ങനെ ചുരുക്കിപ്പറയുന്നു: "*മുമ്പെ നിങ്ങൾ ഇരുളായിരുന്നു; ഇപ്പോഴോ കർത്താവിൽ വെളിച്ചം ആകുന്നു*" (എഫെ. 5:8). ഇരുട്ടിലായിരുന്നു എന്നതിലുപരി ഇരുട്ടു തന്നെയായിരുന്നു നാം എന്ന സത്യം നമ്മെ അമ്പരപ്പിക്കുന്നു. നമ്മുടെ ദുരവസ്ഥയുടെ ശരിയായ ഒരു ചിത്രമാണിത്. പണ്ട് മിസ്രയീമിൽ ഉണ്ടായ 'സ്പർശിക്കത്തക്ക' കൂരിരുട്ടിനെക്കാൾ എത്രയോ ഭയങ്കരം! ഇവിടെയാണ് "*യഹോവ എന്റെ അന്ധകാരത്തെ പ്രകാശമാക്കും*" എന്ന വചനം കൂടുതൽ അന്വർത്ഥമാകുന്നത്. അത് ദൈവം നമ്മിൽ നിർവഹിച്ചു കഴിഞ്ഞു. ഇപ്പോൾ നാം കർത്താവിൽ വെളിച്ചമാകുന്നു.

ഈ വസ്തുത നമുക്ക് ഒരു ധാർമ്മിക കടമ നൽകുന്നു. "*കർത്താവിനു പ്രസാദമായത് എന്തെന്ന് പരിശോധിച്ചുകൊണ്ട് വെളിച്ചത്തിലുള്ളവരായി നടന്നു കൊൾവിൻ*" എന്നാണു പ്രബോധനം (എഫെ. 5:9). ഇതോടു ചേർത്തു ചിന്തിക്കേണ്ടതാണു നമ്മുടെ കർത്താവിന്റെ വാക്കുകൾ. "*നിങ്ങൾ ലോകത്തിന്റെ വെളിച്ചമാകുന്നു. മലമേൽ ഇരിക്കുന്ന പട്ടണം മറഞ്ഞിരിക്കുവാൻ പാടില്ല. വിളക്കു കത്തിച്ചു പറയിൻ കീഴെ അല്ല തണ്ടിന്മേൽ അത്രേ വെയ്ക്കുന്നത്. അപ്പോൾ അത് വീട്ടിലുള്ള എല്ലാവർക്കും പ്രകാശിക്കുന്നു. അങ്ങനെ തന്നെ മനുഷ്യർ നിങ്ങളുടെ നല്ല പ്രവൃത്തികളെ കണ്ടു സ്വർഗ്ഗസ്ഥനായ നിങ്ങുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിനു നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ*" (മത്തായി 5:14-16). വെളിച്ചത്തിനു മറഞ്ഞിരിക്കാൻ ഒട്ടുമേ കഴിയുകയില്ല. ലോകത്തിന്റെ വെളിച്ചമായ കർത്താവിനെ ഉൾക്കൊണ്ട് വെളിച്ചങ്ങളായി

# മാളികമുറി പ്രഭാഷണം - 23

**ഡോ. ഒ.എം. ശാമുവേൽ**

**യോ**ഹ. 17-ാം അദ്ധ്യായത്തിൽ രേഖപ്പെടുത്തിയിട്ടുള്ള ഈ പ്രാർത്ഥനയിൽ പ്രധാനമായും 4 ആശയങ്ങളാണ് ഉള്ളത്.

1. സംരക്ഷണം (Preservation). സൂക്ഷിക്കുക എന്ന പദം 4 പ്രാവശ്യം ആവർത്തിക്കുന്നു.
2. ഐക്യം (Unity). അവർ ഒന്നാകേണം.
3. പൂർത്തിയായ സന്തോഷം
4. വിശുദ്ധീകരണം.

*"നീ ലോകത്തിൽ നിന്ന് എനിക്ക് തന്നിട്ടുള്ള മനുഷ്യർക്ക് ഞാൻ നിന്റെ നാമം വെളിപ്പെടുത്തിയിരിക്കുന്നു"* (വാക്യം 6). യേശുക്രിസ്തു ദൈവത്തിന്റെ ഏതു നാമമാണ് വെളിപ്പെടുത്തിയത്? പഴയനിയമ വിശ്വാസികൾക്ക് ലഭിക്കാതിരുന്ന ഒരു പുതിയ വെളിപ്പാടാണിത്. ദൈവത്തെ പിതാവായി വെളിപ്പെടുത്തിയിരിക്കുന്ന സത്യം വളരെ മഹത്തരമാണ്. മാളികമുറി പ്രഭാഷണത്തിൽ മാത്രം പിതാവ് എന്ന പദപ്രയോഗം 53 പ്രാവശ്യം ആവർത്തിച്ചു വരുന്നു. യോഹന്നാന്റെ സുവിശേഷത്തിൽ 122 പ്രാവശ്യം പിതാവ് എന്ന പദം ആവർത്തിച്ചു കാണുന്നു. യേശുക്രിസ്തുവിൽക്കൂടി ശിഷ്യന്മാർക്ക് ലഭിച്ചിരിക്കുന്ന അനുഗ്രഹീത ബന്ധമാണ് പിതൃപുത്രബന്ധം എന്നുള്ളത്. വലിയവനും നിത്യനുമായ ദൈവത്തെ അബ്ബാ പിതാവേ എന്ന് വിളിക്കുവാൻ കഴിയുന്ന ഈ ബന്ധം ആത്മനിർവൃതി നൽകുന്ന ഒന്നാണ്. *"കാണ്മീൻ നാം ദൈവമക്കൾ എന്ന് വിളിക്കപ്പെടുവാൻ പിതാവ് എത്ര വലിയ സ്നേഹം നൽകിയിരിക്കുന്നു."* ദൈവം സൃഷ്ടാവ് എന്ന നിലയിൽ എല്ലാവരുടെയും പിതാവാണ്. എന്നാൽ ഇവിടെ വെളിപ്പെടുത്തിയിരിക്കുന്ന ബന്ധം അങ്ങനെയുള്ളതല്ല. യേശുക്രിസ്തുവിന്റെ പിതാവ് നമ്മുടെയും പിതാവു തന്നെ. എന്റെ പിതാവും നിങ്ങളുടെ പിതാവും എന്നാണല്ലോ പുനരുത്ഥാനത്തിനു ശേഷം കർത്താവ് പറയുന്നത് (യോഹ. 20:17). അവർ നിനക്കുള്ളവരായിരുന്നുഎന്നു പറഞ്ഞാൽ സൃഷ്ടാവ് എന്നുള്ള നിലയിൽ നാം എല്ലാവരും ദൈവത്തിന്റെ വകയാണ്. എന്നാൽ വീണ്ടെടുപ്പ് കൊണ്ടാണ് യേശുക്രിസ്തുവിന്റെ സ്വന്തമായി തീരുന്നത്. അവർ നിന്റെ വചനം പ്രമാണിച്ചുമിരിക്കുന്നു. അവരെക്കുറിച്ചുള്ള കർത്താവിന്റെ വാക്കുകളിൽ അവരുടെ കുറവുകളോ ബലഹീനതകളോ യേശുക്രിസ്തുവിനെ തള്ളിപ്പറയുന്നതോ ഒന്നും വിഷയമല്ല. ഇങ്ങനെയുള്ള ഒരു കർത്താവ് നമുക്കുള്ളതുകൊണ്ട് അവനെ സ്തുതിക്കാം; കൂടുതലായി ആ കർത്താവിനെ നമുക്ക് സ്നേഹിക്കാം.

*"ഞാൻ അവർക്കു വേണ്ടി അപേക്ഷിക്കുന്നു"* (17:9). ലോകത്തിനു വേണ്ടി ഇവിടെ കർത്താവ് പ്രാർത്ഥിക്കുന്നില്ല. കർത്താവിന്റെ ഹൃദയത്തിൽ ശിഷ്യഗണങ്ങൾ നിറഞ്ഞു തുളുമ്പി നിൽക്കുകയാണ്. ലോകത്തിന് കർത്താവിന്റെ ഹൃദയത്തിൽ സ്ഥാനമില്ല. ഈ സത്യം വിശ്വാസികൾ ഗ്രഹിച്ചിരുന്നുവെങ്കിൽ എത്ര നന്നായിരുന്നു. പഴയനിയമത്തിൽ മഹാപുരോഹിതൻ യിസ്രായേൽ ഗോത്രം പന്ത്രണ്ടിനെയും ചുമലിലും മാർവ്വിടത്തിലും വഹിച്ചു കൊണ്ടാണ് സമാഗമനകൂടാരത്തിൽ ശുശ്രൂഷിക്കുന്നത്. ഇതുപോലെ യേശുക്രിസ്തു തന്നിൽ വിശ്വസിക്കുന്ന ദൈവമക്കളെ തന്റെ ഹൃദയത്തിൽ വഹിച്ചുകൊണ്ടാണ് നമുക്കു വേണ്ടി പക്ഷവാദ ശുശ്രൂഷ ചെയ്യുന്നത്. കർത്താവ് പത്രൊസിന്റെ വിശ്വാസം നഷ്ടപ്പെടാതിരിക്കാൻ പ്രാർത്ഥിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു (ലൂക്കൊസ് 22:32). അതുപോലെ ദൈവത്തോട് അടുക്കുന്നവർക്കുവേണ്ടി പക്ഷവാദം ചെയ്‌വാൻ സദാ ജീവിക്കുന്നവനാകയാൽ അവരെ പൂർണ്ണമായി രക്ഷിപ്പാൻ അവൻ പ്രാപ്തനാകുന്നു (എബ്രാ. 7:25). നമുക്കു വേണ്ടി കരുതുകയും സ്നേഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്ന ഒരു രക്ഷകൻ നമുക്കുള്ളതുകൊണ്ട് ദൈവത്തെ സ്തുതിക്കാം.

ശിഷ്യന്മാർക്ക് വേണ്ടിയുള്ള പ്രാർത്ഥനയുടെ പ്രധാന പ്രമേയം എന്താണ്? ഞാൻ നിന്റെ അടുക്കൽ വരുന്നു. അതുകൊണ്ട് പരിശുദ്ധപിതാവേ

---

തീർന്ന നാം 'മറഞ്ഞിരുന്നാൽ' ആ ഉൾക്കൊള്ളലിന്റെ നിജാവസ്ഥയെ സംശയിക്കേണ്ടി വരും. ഇരുട്ടിൽ നിൽക്കുന്ന ഒരു ആനയെ കാണാൻ കഴിയുകയില്ല. എന്നാൽ പറന്നു ചുറ്റുന്ന ഒരു ചെറു മിന്നാമിനുങ്ങിനെ ഏതു കൂരിരുട്ടിലും കാണാതിരിക്കാനും കഴിയുകയില്ല. സ്പന്ദിക്കുന്ന ആ സൗമ്യ ശോഭ അതിന്റെ ജീവപ്രകാശമാണ്. വിശ്വാസിയുടെ വെളിച്ചം ക്രിസ്തുവിന്റെ ജീവനും (യോഹ. 1:4). ആ പ്രകാശമാണ് നാം ഇവിടെ പരത്തേണ്ടത്.

ക്രിസ്തുവിൽക്കൂടി നമുക്കുണ്ടായ പ്രകാശവൽക്കരണവും അതിന്റെ വെളിച്ചത്തിൽ നാം ചെയ്യേണ്ട കാര്യങ്ങളും വിശദമായ പഠനം ആവശ്യപ്പെടുന്നു. അതിനു പ്രചോദനമാകുന്ന ഒരു കാര്യം മാത്രം നമുക്ക് ഓർക്കാം. വെളിച്ചത്തിന്റെ വഴിയിലൂടെയുള്ള നമ്മുടെ ഈ നടപ്പ് നമ്മെ എത്തിക്കുന്നത് നമ്മുടെ സമ്പൂർണ്ണ തേജസ്ക്കരണത്തിലാണ്. അതിലേക്കുള്ള അകലം ഇനി ഒരു സ്വർഗ്ഗീയ കാഹളധ്വനി മാത്രം. ●

അവരെ കാത്തുകൊള്ളേണമേ. അവരോട് കൂടെയിരുന്നപ്പോൾ ഞാൻ അവരെ കാത്തു. ശിഷ്യന്മാരുടെ സംരക്ഷണത്തിനു വേണ്ടിയുള്ള ഈ യാചന, അപേക്ഷ വളരെ ഹൃദ്യമായ ഒരു വിഷയമാണ്. ദൈവജനത്തിന്റെ രക്ഷയുടെ ഭദ്രതയിൽ കർത്താവിനുള്ള ചിന്ത ഇവിടെ ദർശിക്കാം. ഈ കാത്തുകൊള്ളൽ എന്തിൽ നിന്നാണ്. രണ്ടു കാര്യങ്ങളിൽ നിന്നും കാക്കുന്നതിനുവേണ്ടിയുള്ള അപേക്ഷയാണ് നടത്തുന്നത്. ഒന്നാമത് ലോകത്തിൽ നിന്ന്. 15-ാം അദ്ധ്യായത്തിൽ ലോകം പിതാവിനെയും പുത്രനെയും വിശ്വാസികളെയും ഒരുപോലെ വെറുക്കുന്നു എന്ന് വ്യക്തമാക്കിയിരിക്കുന്നു. ലോകത്തിന്റെ ദൈവത്തെക്കുറിച്ചുള്ള അജ്ഞതയും പീഢനമനോഭാവവും എടുത്തു പറയത്തക്കവയാണ്. യോഹന്നാന്റെ സുവിശേഷത്തിൽ 67 പ്രാവശ്യം ലോകം എന്ന വാക്ക് ആവർത്തിക്കുന്നുണ്ട്. 13 മുതൽ 17 വരെയുള്ള മാളികമുറി പ്രഭാഷണത്തിൽ 34 പ്രാവശ്യം ഈ പദം ആവർത്തിക്കുന്നു. ശിഷ്യന്മാരുടെ ലോകവുമായിട്ടുള്ള ബന്ധം 4 പ്രത്യേക പദപ്രയോഗം കൊണ്ട് കർത്താവ് വിവരിക്കുന്നത് ശ്രദ്ധേയമാണ്. ലോകത്തിൽ നിന്ന് (Out of) എന്നത് 6 പ്രാവശ്യം, ലോകത്തിൽ (In it) എന്നത് 11 പ്രാവശ്യം, ലോകത്തിനുള്ളവരല്ല (Not of it) എന്നത് 14 പ്രാവശ്യം, ലോകത്തിലേക്ക് അയയ്ക്കപ്പെട്ടവർ (In to) എന്നത് 14 പ്രാവശ്യം, ഇങ്ങനെ ലോകവുമായുള്ള ബന്ധത്തിന്റെ ആകെത്തുക ഈ പദപ്രയോഗങ്ങളിൽ നിന്നും തെളിയുന്നു. ലോകത്തിൽ നിന്നുള്ള വേർപാടിന് പ്രാധാന്യം നൽകി പല കാര്യങ്ങൾ പൗലൊസും യോഹന്നാനും യാക്കോബും തങ്ങളുടെ ലേഖനങ്ങളിൽ വിവരിക്കുന്നുണ്ട്.

ശിഷ്യന്മാരുടെ സംരക്ഷണത്തോടുള്ള ബന്ധത്തിൽ കാക്കുകയെന്ന പദപ്രയോഗം രണ്ടു മൂന്നു രീതികളിൽ മറ്റു വേദഭാഗങ്ങളിൽ കാണാം. 17:12-15 വരെയുള്ള വാക്യങ്ങളിൽ ഉപയോഗിച്ചിരിക്കുന്ന വാക്കിന്റെ അർത്ഥം to watch over (കാക്കുക) എന്നാണ്. യൂദായുടെ ലേഖനത്തിൽ ഒന്നാം വാക്യത്തിലും ഈ പദപ്രയോഗം കാണാം. 1 പത്രൊസ് 1:5-ൽ ദൈവശക്തിയാൽ കാക്കപ്പെടുന്ന അവകാശത്തെക്കുറിച്ച് നാം വായിക്കുന്നു. ഇതിന്റെ ശരിയായ ആശയം പടയാളികൾ കോട്ടയ്ക്കുള്ളിൽ നിന്നുകൊണ്ട് സംരക്ഷിക്കുന്ന രീതിയാണ്. 2 തിമൊ. 1:12-ൽ അവൻ എന്റെ ഉപനിധി, ആ ദിവസം വരെ സൂക്ഷിപ്പാൻ ശക്തനെന്ന് ഉറെച്ചുമിരിക്കുന്നു എന്ന ഭാഗത്തുള്ളതും ഈ ആശയമാണ്. എന്നാൽ ഇവിടെയുള്ള അർത്ഥം പടയാളികളുടെ പുറത്തു നിന്നുള്ള സംരക്ഷണം ആണ്. ചുരുക്കത്തിൽ ഒരു ദൈവപൈതലിന് മൂന്നു രീതിയിലുള്ള സംരക്ഷണമാണുള്ളത്. ഒന്ന് മുകളിൽ നിന്നുള്ളത്, രണ്ടാമത്തേത് ഉള്ളിൽ നിന്നുള്ളത്, മൂന്നാമത്തെത് പുറത്തുനിന്നുള്ളത്; രക്ഷിക്കപ്പെട്ട ദൈവമക്കളുടെ സംരക്ഷണം എത്രയോ ഭദ്രം.

രണ്ടാം ലോകമഹായുദ്ധത്തിൽ ബ്രിട്ടീഷുകാരുടെ ഒരു തുറമുഖപട്ടണമായിരുന്നു ഡോവർ. തന്ത്രപ്രധാനമായ ഈ പട്ടണത്തിന്റെ സംരക്ഷണ രീതി മൂന്നു രീതിയിലായിരുന്നു. പുറത്തു നിന്ന് ആക്രമണം ഉണ്ടാകാതിരിക്കത്തക്കവണ്ണം ഇംഗ്ലീഷ് ചാനലിൽ കൂടി ബ്രിട്ടീഷുകാരുടെ കപ്പൽ സൈന്യം അതീവ ജാഗ്രതയോടു കൂടി പട്ടണത്തിന്റെ പുറമേ നിന്നും കാത്തുകൊണ്ടിരുന്നു. അതുപോലെ പട്ടണത്തിന്റെ അന്തർഭാഗത്ത് ബ്രിട്ടീഷ് കരസൈന്യം രാവും പകലും പട്ടണത്തെ കാത്തു മുകളിൽ നിന്നും ആക്രമണം ഉണ്ടാകാതെ വ്യോമസേന പട്ടണത്തെ സൂക്ഷിച്ചു.

ഇതുപോലെ ഒരു ദൈവപൈതലിന്റെ ഉള്ളിൽ പരിശുദ്ധാത്മാവ് കുടികൊള്ളുന്നു. ആ നിലയിൽ ഉള്ളിൽ നിന്നുള്ള സംരക്ഷണം ഉണ്ട്. ദൈവവചനം വിശ്വാസിയെ പുറമേ നിന്നുള്ള ആക്രമണത്തിൽ നിന്നും കാക്കുന്നു. യേശുക്രിസ്തു പിതാവിന്റെ സന്നിധിയിൽ നമുക്കു വേണ്ടി പക്ഷവാദം ചെയ്യുന്നതുകൊണ്ട് മുകളിൽ നിന്നും സംരക്ഷണം ലഭിക്കുന്നു. ഇങ്ങനെ അതിശ്രേഷ്ഠമായ സുരക്ഷിത വലയം ഒരു വിശ്വാസിക്കുണ്ട്. നമ്മുടെ ഭദ്രത നമ്മുടെ ശക്തിയിൽ ആശ്രയിച്ചല്ല ഇരിക്കുന്നത്. സർവ്വശക്തനായ കർത്താവും, പിതാവായ ദൈവവും, പരിശുദ്ധാത്മാവും നമ്മെ അനുനിമിഷം കാത്തുകൊണ്ടിരിക്കുന്നു. ശിഷ്യന്മാർക്കും ഇങ്ങനെയുള്ള സംരക്ഷണം ആവശ്യമായിരുന്നു. അതിനു വേണ്ടിയാണ് കർത്താവ് പിതാവിനോട് പ്രാർത്ഥിക്കുന്നത്.

ദുഷ്ടന്റെ കൈയിൽ അകപ്പെടാതിരിക്കുകയെന്നുള്ളതും പ്രാധാന്യം അർഹിക്കുന്നു (വാക്യം 15) "*ദുഷ്ടന്റെ കൈയിൽ അകപ്പെടാതവണ്ണം അവരെ കാത്തുകൊള്ളേണം എന്നത്രെ ഞാൻ അപേക്ഷിക്കുന്നത്.*" ദുഷ്ടൻ, സാത്താൻ, അലറുന്ന സിംഹം പോലെ നമ്മെ വിഴുങ്ങുവാൻ തക്കം നോക്കി ഊടാടി സഞ്ചരിക്കയാണല്ലോ? വെളിച്ച ദൂതന്റെ വേഷത്തിൽ പ്രത്യക്ഷപ്പെടുന്ന സാത്താന്റെ തന്ത്രങ്ങളെ നാം അറിയുന്നവരാണ്. ഇങ്ങനെ ലോകത്തിൽ നിന്നും ദുഷ്ടനിൽ നിന്നും അവരെ കാക്കുവാനാണ് പുത്രൻ പിതാവിനോട് അപേക്ഷിക്കുന്നത്.

ആത്മാവിന്റെ ഫലത്തിൽ ഒന്നാണ് സന്തോഷം. യേശുക്രിസ്തുവിന്റെ മദ്ധ്യസ്ഥ

ശാസ്ത്ര പംക്തി

# പരിണാമ സൃഷ്ടി വിവാദം : ഒരു പുനഃപരിശോധന – 31

**(2009 ഫെബ്രുവരി ലക്കത്തിന്റെ തുടർച്ച)**

**DR. JOHNSON GEORGE, TORONTO, CANADA**

## അദ്ധ്യായം 22. ഊറൽ പാറകളെക്കുറിച്ചുള്ള പഠനം എങ്ങനെ ഒരു ബൈബിൾ പ്രവചനം നിറവേറ്റി

**സംഗ്രഹം :** മണ്ണിനടിയിൽ ഭൂമിക്ക് ചുറ്റും കാണപ്പെടുന്ന ഊറൽ പാറ അടുക്കുകൾ കോടിക്കണക്കിന് വർഷങ്ങളിലൂടെ ഭൂമിയുടെ ചരിത്രത്തിൽ സാവധാനമായി ഊറൽ അടിഞ്ഞ് ഉണ്ടായവയാണെന്ന് പരിണാമവാദികൾ പറയുന്നു. മറുവശത്ത്, നോഹയുടെ കാലത്തെ ഒരു വർഷത്തോളം നീണ്ടു നിന്ന ജലപ്രളയത്തിൽ അടിഞ്ഞ ഊറൽ അടുക്കുകളാണ് പിന്നെ കട്ടിയായി പാറകളായി മാറിയത് എന്ന് സൃഷ്ടിവാദ ശാസ്ത്രജ്ഞൻമാർ വാദിക്കുന്നു. ഒരു ആഗോള ജലപ്രളയത്തെയും ഊറൽപാറകളെയും ബന്ധപ്പെടുത്തി ചിന്തിക്കുവാൻ മതിയായ പല ശാസ്ത്രീയ തെളിവുകളും ഇന്ന് നിലവിലുണ്ട്. പക്ഷേ നോഹയുടെ കാലത്തെ ജലപ്രളയത്തെ ഒരു ദൈവീക ഇടപെടൽ എന്ന് കണ്ടേ മതിയാകൂ എന്ന കാരണത്താൽ ഈ പ്രളയത്തെയും ഇതുമൂലമാണ് ഊറൽ പാറകൾ ഉണ്ടായിരിക്കുന്നത് എന്ന വാദത്തെയും ഇന്നത്തെ ശാസ്ത്ര ലോകം നിഷേധിച്ചിരിക്കുന്നു.

ഭൂമിയുടെ ഉപരിതലം (crust) മൂന്നു തരത്തിലുള്ള പാറകളാൽ നിർമ്മിതമാണ്. ആഗ്നേയ പാറകൾ (igneous rocks) രൂപഭേദം വന്ന പാറകൾ (metamorphic rocks), ഊറൽപാറകൾ (sedimentary rocks) എന്നിവ. ഭൂമിയുടെ ഉപരിതലം 95 ശതമാനവും ആഗ്നേയ പാറകളാലും രൂപഭേദം വന്ന പാറകളാലും നിർമ്മിതമാണ്. ഊറൽ പാറകൾ ഭൂമിയുടെ ഉപരിതലത്തിന്റെ 5 ശതമാനം മാത്രമെ ഉണ്ടാക്കുന്നുള്ളൂ. എങ്കിലും അവ ഉള്ളിയുടെ തൊലിപോലെ ഭൂമിക്കു ചുറ്റും പല പാളികളായി കാണപ്പെടുന്നതുകൊണ്ട് ഭൂതലത്തിന്റെ ഏകദേശം 80% ഭാഗത്തെ ചുറ്റിപ്പൊതിയുന്നു. അവ കരയിലും കടലിലും എല്ലായിടത്തും വിരിഞ്ഞു കിടക്കുന്നു. ഭൂരിഭാഗവും മണ്ണിനടിയിലാകയാൽ നാം അവയെ കാണുന്നില്ല.

വെള്ളത്താൽ കൊണ്ടുവരപ്പെടുന്ന ഊറൽ (sediment) (മണ്ണും മണലും മറ്റും) ഭൂമുഖത്ത് അടിഞ്ഞ് കട്ടിയാകുമ്പോഴാണ് ഊറൽ പാറകൾ ഉണ്ടാകുന്നത്. ഊറൽ ഒന്നിനുപുറകെ ഒന്ന് വരുന്ന തിരകളാൽ കൊണ്ടുവരപ്പെടുന്നതുകൊണ്ട് അടുക്കുകളായിട്ടാണ് (in layers) അടിയുന്നത്. അതുകൊണ്ട് ഭൂമുഖത്ത് വിശാലമായി വിരിഞ്ഞു കിടക്കുന്ന ഊറൽപാറ അടുക്കുകൾ സാധാരണമാണ്. പരിണാമവാദികൾ വിശ്വസിക്കുന്നത്, ഇന്ന് ഭൂമിയിൽ കാണുന്ന ഊറൽ പാറ അടുക്കുകൾ എല്ലാം ഭൂമിയുടെ ചരിത്രത്തിൽ സാവധാനമായി അടിയുകയും കട്ടിയാകുകയും ചെയ്തുകൊണ്ടിരുന്നു. അതുകൊണ്ട് ഭൂമിക്ക് കോടിക്കണക്കിന് വർഷം പഴക്കം ഉണ്ട് എന്നാണ്. മറിച്ച് സൃഷ്ടിവാദ ശാസ്ത്രജ്ഞന്മാർ വിശ്വസിക്കുകയും തെളിയിക്കുകയും ചെയ്തിരിക്കുന്നത് അസാധാരണമായ സാഹചര്യങ്ങളിൽ ചുരുങ്ങിയ സമയംകൊണ്ട് ചിലപ്പോൾ വെറും ആഴ്ചകൾക്കുള്ളിൽ ഊറലിന്റെ പല അടുക്കുകൾ അടിയുകയും കട്ടിയായി പാറയായി മാറുകയും ചെയ്തിട്ടുണ്ട് എന്നാണ്. ഊറൽ പാറകൾ അടിയുവാൻ എത്ര സമയം ഭൂമിയുടെ ചരിത്രത്തിൽ എടുത്തിട്ടുണ്ട് എന്ന കാര്യത്തിൽ പരിണാമവാദികളും സൃഷ്ടിവാദികളും വിയോജിക്കുന്നു. എങ്കിലും വെള്ളത്തിന്റെ പ്രവർത്തനത്താൽ മാത്രമേ ഊറൽ പാറകൾ അടിയുകയുള്ളൂ എന്ന വസ്തുത രണ്ടുകൂട്ടരും സമ്മതിക്കുന്നു.

ഊറലിന്റെ തടിച്ച തിരകൾ വരുമ്പോൾ പലപ്പോഴും ജന്തുക്കൾ ജീവനോടെ അതിൽ കുടുങ്ങി കുഴിച്ചിടപ്പെടുന്നു. ഊറൽ കട്ടിയായി പാറയായി മാറുമ്പോൾ അതിൽ കുടുങ്ങിയ ജന്തുക്കൾ ജീവാശ്മങ്ങളായി (fossils) മാറുന്നു. ഇക്കാരണത്താലാണ് ഊറൽ പാറകളിൽ ധാരാളം ജീവാശ്മങ്ങൾ കാണപ്പെടുന്നത്. ഇന്ന് ഭൂമിയുടെ പല ഭാഗങ്ങളിൽ നിന്നും കോടിക്കണക്കിന് ജീവാശ്മങ്ങൾ കണ്ടെ

---

പ്രാർത്ഥനയിൽ ഈ സന്തോഷം നമ്മിൽ നിറവേറുവാൻ കർത്താവ് ആഗ്രഹിക്കുന്നു. ലോക ജീവിതത്തിലെ പല ഘടകങ്ങൾ ഈ സന്തോഷത്തെ ഹനിക്കുന്നവയാണ്. ഏറ്റു പറയാത്ത പാപവും ജഢസ്വഭാവവും നിശ്ചയമായും സന്തോഷം ഇല്ലാതെയാക്കും. ദാവീദിന്റെ പ്രാർത്ഥനയുടെ വാക്കുകൾ ശ്രദ്ധിക്കുക. "*ദൈവമേ നിർമ്മലമായൊരു ഹൃദയം എന്നിൽ സൃഷ്ടിച്ച് സ്ഥിരമായോരു ആത്മാവിനെ എന്നിൽ പുതുക്കേണമേ. . . . നിന്റെ രക്ഷയുടെ സന്തോഷം എനിക്കു തിരികെ തരേണമേ*" (സങ്കീ. 51:10,12). വീഴാതവണ്ണം നമ്മെ സൂക്ഷിച്ചു തന്റെ മഹിമാസന്നിധിയിൽ കളങ്കമില്ലാത്തവരായി ആനന്ദത്തോടെ നിൽക്കുന്ന ആ മനോഹര ദിവസം ഒന്നു വന്നിരുന്നെങ്കിൽ!! നല്ലവനും വിശ്വസ്തനുമായ ദാസനെ . . . നിന്റെ യജമാനന്റെ സന്തോഷത്തിലേക്ക് പ്രവേശിക്കുക എന്ന വാക്കുകൾ കേൾക്കുന്ന ദിനം എത്ര അനുഗ്രഹീതം.

(തുടരും)

ടുത്തിട്ടുണ്ട്. പെട്ടന്ന് നിരവധി ജന്തുക്കൾ ഒരു പ്രളയത്തിൽ ചത്തു കുഴിച്ചിടപ്പെട്ടതിന്റെ കഥയാണ് ഈ ജീവാശ്മങ്ങൾ പറയുന്നത്. നിഷ്പക്ഷബുദ്ധിയോടെ ചിന്തിച്ചാൽ ഊറൽ പാറകളും ജീവാശ്മങ്ങളും ഭൂതകാലത്ത് ഉണ്ടായ ഏതോ ഒരു വലിയ ജലപ്രളയത്തിലേക്ക് വിരൽ ചൂണ്ടുന്നു എന്നതാണ് വാസ്തവം.

ആദ്യം സൂചിപ്പിച്ചതുപോലെ ഭൂമിയുടെ മുകൾപ്പരപ്പിന്റെ ഏകദേശം 80% ഭാഗം ഉള്ളിയുടെ തൊലിപോലെ ഊറൽപാറകളാൽ മൂടപ്പെട്ടിരിക്കുന്നു. ഇവ സമുദ്രത്തിലും കരയിലും ഒരുപോലെ കാണപ്പെടുന്നു. നാം നിൽക്കുന്ന മണ്ണിനടിയിൽ മിക്കവാറും എല്ലായിടത്തും ഊറൽപാറകളുടെ പാളികൾ ഉണ്ട്. എങ്കിലും ഭൂമിയുടെ ചില ഭാഗങ്ങളിൽ മണ്ണൊലിപ്പ് (erosion) മൂലം ഊറൽപാറകൾ അനാവൃതമായി (exposed) നിൽക്കുന്നത് കാണാം. ഭൂമിയിൽ എല്ലായിടത്തും സാധാരണ ഊറൽപാറകളുടെ പാളികൾ ശരാശരി ചില മീറ്ററുകൾ കട്ടിയിലാണ് കാണപ്പെടുന്നത്. പക്ഷേ അസാമാന്യമായി ചില ഭാഗങ്ങളിൽ അവ ഏകദേശം 5 കി.മീ.റോളം ഉയരം വരുന്ന മലകളായി നിൽക്കുന്നതും കാണാം. ഇങ്ങനെ ഊറൽപാറകളുടെ അനാവൃതമായി നിൽക്കുന്ന മലകൾ കാഴ്ചയ്ക്ക് കൗതുകം നൽകുന്നു. പുസ്തകങ്ങൾ ഒന്നിനു മുകളിൽ ഒന്ന് അടുക്കിയിരിക്കുന്നതു പോലെ പാളികൾ കാണപ്പെടുന്നു. ഓരോ പാളിയെയും നിരീക്ഷിച്ചാൽ ചില പാളികൾ ഒരു പേപ്പറിനെപ്പോലെ കട്ടികുറഞ്ഞതും മറ്റ് ചിലത് പല മീറ്ററുകൾ കട്ടിയുള്ളതുമായിരിക്കും.

17-ാം നൂറ്റാണ്ടിലാണ് ആളുകൾ ഊറൽപാറകളെക്കുറിച്ച് ശാസ്ത്രീയമായി പഠിക്കുവാൻ തുടങ്ങിയത്. വെള്ളത്തിന്റെ പ്രവർത്തനത്താലാണ് ഊറൽ പാറകൾ ഉണ്ടാകുന്നത് എന്നവർ മനസ്സിലാക്കി. ചരിത്രത്തിലേക്ക് തിരിഞ്ഞു നോക്കി വെള്ളത്താൽ സംഭവിച്ച ഏറ്റവും വലിയ ദുരന്തത്തെ നോഹയുടെ കാലത്തെ ജലപ്രളയത്തെക്കുറിച്ച് അവർ ചിന്തിച്ചു. ഭൂമിയുടെ എല്ലാ ഭാഗത്തും ഊറൽപാറകളുടെ സാന്നിദ്ധ്യത്തെ വിശദീകരിക്കുവാൻ ഏറ്റവും നല്ല മാർഗ്ഗം നോഹയുടെ കാലത്തുണ്ടായ ആഗോള ജലപ്രളയത്തെ ആശ്രയിക്കുകയാണ് എന്നവർ മനസ്സിലാക്കി. അതുകൊണ്ട് ഊറൽപാറകളെക്കുറിച്ച് പഠിച്ച ആദ്യ ശാസ്ത്രജ്ഞന്മാരായ Nicholas Steno (1631 - 1686), John Woodward (1665 - 1728) എന്നിവർ ഭൂമിയിലുള്ള ഭൂരിഭാഗം ഊറൽപാറകളും ആഗോള ജലപ്രളയമായ ഒരു മഹാവിനാശത്തിലൂടെ (catastrophe കറ്റാസ്ട്രഫി) ഉണ്ടായവയാണ് എന്ന് വാദിച്ചു. പക്ഷേ പിന്നീട് വന്ന ചില ഭൂഗർഭ ശാസ്ത്രജ്ഞന്മാർ - Georges Cuvier (1769 - 1872), William Buckland (1784 - 1856), Adam sedgwick (1785-1873) എന്നിവർ ഭൂമിയുടെ ചരിത്രത്തിൽ ജലപ്രളയമായി പല മഹാ വിനാശങ്ങൾ സംഭവിച്ചിട്ടുണ്ട്. അവയിൽ ഏറ്റവും ഒടുവിലത്തേത് നോഹയുടെ കാലത്തെ ജലപ്രളയമായിരുന്നു എന്നു വാദിച്ചു. ഈ ശാസ്ത്രജ്ഞന്മാർ എല്ലാവരും ബൈബിൾ വിശ്വാസികളായിരുന്നു. ഒന്നോ അതിലധികമോ മഹാവിനാശങ്ങൾ (catastrophes) ഭൂമിയുടെ മുകൾപ്പരപ്പിന്റെ ഘടനയെ സ്വാധീനിച്ചിട്ടുണ്ടെന്നുള്ള അവരുടെ ഈ വാദം ഭൂഗർഭ ശാസ്ത്രത്തിൽ മഹാവിനാശ വാദം (catastrophism) എന്നറിയപ്പെടുന്നു.

ഈ വാദത്തിന് കടക വിരുദ്ധമായി 1788 ൽ ഏകരൂപവാദമായി രംഗത്തുവന്ന വ്യക്തി ആയിരുന്നു ജെയിംസ് ഹട്ടൺ (James Hutton, 1726-1797) ഭൂമിയുടെ മുകൾപ്പരപ്പ് ഉണ്ടായിരിക്കുന്നത് ഒന്നോ അതിലധികമോ മഹാവിനാശങ്ങളിലൂടെ അല്ല, പ്രത്യുത ഭൂമുഖത്ത് സാവധാനമായി തുടരുന്ന പ്രകൃതി പ്രക്രിയകൾ മണ്ണൊലിപ്പ്, മണ്ണടിയൽ എന്നിവ മൂലമാണ് എന്ന് താൻ വാദിച്ചു. ഈ പ്രക്രിയകൾ ഏകരൂപമായി കോടിക്കണക്കിന് വർഷങ്ങളായി ഭൂമിയിൽ തുടരുകയും ഭൂമുഖത്ത് മാറ്റങ്ങൾ വരുത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്നു എന്ന് താൻ വാദിച്ചു. ഈ വാദമാണ് ഭൂഗർഭ ശാസ്ത്രത്തിൽ ഏകരൂപവാദം (uniformitarianism) എന്നറിയപ്പെടുന്നത്.

ഭൂമിയുടെ ചരിത്രത്തെ വിശദീകരിക്കുവാനായി പ്രതിപാദിക്കപ്പെട്ട മഹാവിനാശവാദമാണോ അതോ ഏകരൂപവാദമാണോ ശരി എന്ന വിവാദം അഭ്യസ്തവിദ്യരായ ആളുകളുടെ ഇടയിൽ ആരംഭിച്ചു. ഒടുവിലായി ഏകരൂപവാദത്തെ ശക്തമായി സമർത്ഥിച്ചുകൊണ്ട് ചാൾസ് ലായൽ (Charles Layell, 1797-1875) രംഗത്ത് വന്നു. "The Principles of Geology" എന്ന തന്റെ പ്രസിദ്ധമായ പുസ്തകം താൻ 3 വാല്യത്തിൽ പ്രസിദ്ധീകരിച്ചു (1830-1833). "The present is the key to the past" എന്ന വാക്യം ആദ്യമായി അവതരിപ്പിച്ചത് താനാണ്. ഇന്ന് ഭൂമുഖത്ത് സംഭവിക്കുന്ന ചെറിയ മാറ്റങ്ങൾ തന്നെ ആയിരുന്നിരിക്കണം ഭൂതകാലത്തും സംഭവിച്ചുകൊണ്ടിരുന്നത് എന്ന് താൻ വാദിച്ചു. ഇന്ന് ഭൂമുഖത്ത് വളരെ അധികം ഊറൽ പെട്ടെന്ന് അടിയുന്നത് നാം കാണാത്തതുകൊണ്ട് ഭൂമിയുടെ ആരംഭം മുതലേ ഊറൽ സാവധാനമായിട്ടായിരിക്കണം അടിഞ്ഞുകൊണ്ടിരുന്നത് എന്ന് ലായൽ അഭിപ്രായപ്പെട്ടു. തന്റെ ധാരണ ശരിയാണെന്ന് വിശ്വസിച്ചുകൊണ്ട്, ഇന്ന് ഭൂമുഖത്ത് കാണുന്ന ഊറൽ പാറകളെല്ലാം സാവധാനമായി അടിയുവാൻ വേണ്ടി വന്ന സമയം കണക്കുകൂട്ടി, ഭൂമിക്ക് കോടിക്കണക്കിന് വർഷങ്ങൾ പഴക്കം ഉണ്ടാകണമെന്ന് താൻ വാദിച്ചു.

# സ്വേച്ഛാരാധന

കെ.എ. ഏബ്രഹാം, മഴുക്കീർ

*"താഴ്മയിലും ദൂതന്മാരെ ആരാധിക്കുന്നതിലും രസിച്ച് സ്വന്ത ദർശനങ്ങളിൽ പ്രവേശിക്കുകയും തന്റെ ജഡമനസ്സിനാൽ വെറുതെ ചീർക്കുകയും തലയെ മുറുകെ പിടിക്കാതെയും ചെയ്യുന്നവൻ ആരും നിങ്ങളെ വിരുതു തെറ്റിക്കരുത് . . . മാനുഷ്യകല്പനകൾക്കും ഉപദേശങ്ങൾക്കും അനുസരണമായി പിടിക്കരുത്, രുചിക്കരുത്, തൊടരുത് എന്നുള്ള ചട്ടങ്ങൾക്കു കീഴ്പ്പെടുന്നത് എന്ത്? . . . അത് ഒക്കെയും **സ്വേച്ഛാരാധനയിലും** താഴ്മയിലും ശരീരത്തിന്റെ ഉപേക്ഷയിലും രസിക്കുന്നവർക്ക് ജ്ഞാനത്തിന്റെ പേരുമാത്രമുള്ളത്."*

ബ്രദറൺ വിശ്വാസികളുടെ മദ്ധ്യേ ഈ അടുത്ത കാലത്ത് അല്പമല്ലാത്ത കോളിളക്കം സൃഷ്ടിച്ചു കൊണ്ടിരിക്കുന്ന ഒരു വിഷയമാണല്ലോ ആരാധന. ഈ വിഷയത്തിന്റെ വിവിധ വശങ്ങളെക്കുറിച്ച് പലരും എഴുതിയത് വായിക്കുവാനിടയായി. എന്നാൽ സ്വേച്ഛാരാധന എന്ന വിഷയത്തെക്കുറിച്ചുള്ള പരാമർശം കാണുവാൻ സാധിച്ചിട്ടില്ല. തിരുവചനത്തിൽ കൊലൊസ്യ ലേഖനത്തിൽ മാത്രമെ ഈ വിഷയത്തെ കുറിച്ചുള്ള പരാമർശം നാം കാണുന്നുള്ളു. ആയതിനാൽ വിഷയത്തിന്റെ പ്രാധാന്യം കുറഞ്ഞുപോയി എന്ന് കരുതിക്കൂടാ. കാരണം ഈ ആശയം ഉൾക്കൊള്ളുന്ന പല ആരാധനകളെക്കുറിച്ച് തിരുവചനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിൽ ചിലത് ചൂണ്ടിക്കാണിച്ച്, സാക്ഷാൽ ആരാധന എന്നാൽ എന്ത് എന്നുള്ളതിനെക്കുറിച്ചുള്ള ഒരു ചിന്ത വായനക്കാരുടെ ശ്രദ്ധയിലേക്ക് കൊണ്ടുവരിക എന്നുള്ളതാണ് ഈ ലേഖനത്തിന്റെ ഉദ്ദേശ്യം.

---

17-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ജെയിംസ് അഷർ (Archbishop James Ussher, 1581-1656) എന്ന പണ്ഡിതൻ ബൈബിൾ വംശാവലികളുടെ (genealogies) അടിസ്ഥാനത്തിൽ കണക്കുകൂട്ടി ഉല്പത്തി 1-ാം അദ്ധ്യായത്തിൽ വിവരിച്ചിരിക്കുന്ന 6 ദിവസത്തെ സൃഷ്ടി ബി.സി. 4004-ൽ ആയിരുന്നു എന്ന് തിട്ടപ്പെടുത്തിയിരുന്നു. അതിനുശേഷം പല പണ്ഡിതന്മാരും പ്രസിദ്ധ ശാസ്ത്രജ്ഞനായ ഐസക്ന്യൂട്ടൺ ഉൾപ്പെടെ സ്വതന്ത്രമായി ഗണിച്ച് അഷറിന്റെ ഈ കണക്ക് ശരിയാണെന്ന് സമർത്ഥിച്ചിട്ടുണ്ട്. ബൈബിൾ വംശാവലികളെ ആസ്പദമാക്കിയുള്ള കണക്കിന്റെ അടിസ്ഥാനത്തിൽ 6 ദിവസത്തെ സൃഷ്ടി നടന്നത് ഇന്നത്തേയ്ക്ക് ഏകദേശം 6000 വർഷങ്ങൾക്ക് മുമ്പും ജലപ്രളയം നടന്നത് ഏകദേശം 4500 വർഷങ്ങൾക്ക് മുമ്പുമായിരുന്നു.

പക്ഷേ ഊറൽ പാറകൾ ഭൂമിയുടെ ചരിത്രത്തിൽ സാവധാനമായി കോടിക്കണക്കിന് വർഷങ്ങളിലൂടെ അടിഞ്ഞുകൊണ്ടിരുന്നതിനാൽ ഏകദേശം 4500 വർഷങ്ങൾക്ക് മുമ്പ് ഒരു ആഗോള ജലപ്രളയത്തിലാണ് അവ അടിഞ്ഞത് എന്ന ആശയം തെറ്റാണെന്ന് ചാൾസ് ലായൽ വാദിച്ചു. അങ്ങനെ താൻ നോഹയുടെ കാലത്തെ ജലപ്രളയം ഒരു ചരിത്ര സംഭവം അല്ലായിരുന്നു എന്ന് വരുത്തുകയും ആളുകളെ ബൈബിളിന്റെ ആധികാരികതയെ സംശയിക്കുവാൻ പ്രേരിപ്പിക്കുകയും ചെയ്തു.

ലായലിന്റെ ആശയങ്ങൾക്ക് അംഗീകാരം ലഭിച്ചത് ബൈബിൾ കാലക്രമത്തിന് (Biblical chronology) ഒരു വലിയ ആഘാതം ആയിപ്പോയി. ഊറൽ പാറകൾ കോടിക്കണക്കിന് വർഷങ്ങൾ പഴക്കം ഉള്ളവയാണെങ്കിൽ അവയിലെല്ലാം ജീവാശ്മങ്ങൾ (Fossils) കാണപ്പെടുന്നതുകൊണ്ട് ഭൂമിയിൽ ജീവികളും കോടിക്കണക്കിന് വർഷങ്ങളായി ജീവിച്ചിരുന്നിരിക്കണം. ഈ നിഗമനം ഉല്പത്തി 1-ാം അദ്ധ്യായത്തിലെ സൃഷ്ടി വൃത്താന്തത്തിന്റെ വിശ്വസനീയത പൂർണ്ണമായും തകർത്തുകളഞ്ഞു. ഇക്കാരണത്താൽ 1859-ൽ ചാൾസ് ഡാർവിൻ തന്റെ പരിണാമവാദം അവതരിപ്പിച്ചപ്പോൾ ഒരു നല്ല പങ്ക് ആളുകളും തന്റെ ആശയങ്ങളെ ചോദ്യം ചെയ്യാതെ സ്വീകരിക്കുവാൻ തയ്യാറായിരുന്നു.

ഒരു ആഗോള ജലപ്രളയം (a global flood) ഉണ്ടായിട്ടില്ല എന്നും ഇന്ന് കാണുന്ന ഊറൽ പാറകളെല്ലാം ഭൂമിയുടെ ചരിത്രത്തിൽ കോടിക്കണക്കിന് വർഷങ്ങളിലൂടെ ഉണ്ടായിട്ടുള്ള പല പ്രാദേശിക ജല പ്രളയങ്ങളിൽ (local floods) സാവധാനമായി അടിഞ്ഞിട്ടുള്ളവയാണെന്നും ഉള്ളത് പരിണാമവാദത്തിലെ ഒരു അടിസ്ഥാന വിശ്വാസമാണ്. പരിണാമവാദികളുടെ ഈ വിശ്വാസം അത്ഭുതകരമായി നൂറ്റാണ്ടുകൾക്ക് മുമ്പ് ബൈബിളിൽ രേഖപ്പെടുത്തിയിരുന്ന ഒരു പ്രവചനത്തിന്റെ നിറവേറലാണ്. 2 പത്രൊസ് 3:3-7 ൽ നാം ഇങ്ങനെ വായിക്കുന്നു. "പിതാക്കന്മാർ നിദ്രകൊണ്ടശേഷം സകലവും സൃഷ്ടിയുടെ ആരംഭത്തിൽ ഇരുന്നതുപോലെ തന്നെ ഇരിക്കുന്നു (ഏകരൂപവാദം) എന്ന് പറഞ്ഞ് സ്വന്തമോഹങ്ങളെ അനുസരിച്ച് നടക്കുന്ന പരിഹാസികൾ പരിഹാസത്തോടെ അന്ത്യകാലത്ത് വരുമെന്ന് വിശേഷാൽ അറിഞ്ഞുകൊൾവിൻ . . . . അന്നുള്ള ലോകം ജലപ്രളയത്താൽ മുങ്ങി നശിച്ചു എന്നും . . . അവർ മനസ്സോടെ മറന്നു കളയുന്നു." ഈ പ്രവചനം എത്ര കൃത്യമായി പരിണാമവാദികളിൽ ഇന്ന് നിറവേറിയിരിക്കുന്നു. (തുടരും)

ആദാമ്യയുഗം മുതൽ ആധുനിക മനുഷ്യ ഹൃദയത്തിൽ വരെ നിറഞ്ഞു നില്ക്കുന്ന ഒരു ചിന്തയാണ് ആരാധന. ആദ്യ സഹോദരന്മാരായ കയീനും ഹാബേലും അവരുടെ ഹൃദയത്തിലെ ചിന്തപ്രകടമാക്കി. യഹോവയ്ക്ക് ഒരു വഴിപാടു കഴിക്കണം എന്നുള്ളതായിരുന്നു അവരുടെ ഹൃദയത്തിലെ ചിന്ത. എങ്കിലും പ്രവൃത്തിയിൽ ഇരുവരും വ്യത്യസ്തമായ നിലപാടാണ് സ്വീകരിച്ചത്. കയീൻ തന്റെ സ്വന്ത ഇഷ്ടപ്രകാരം കുറെക്കാലം കഴിഞ്ഞിട്ട് യഹോവയ്ക്കു ഒരു വഴിപാടു കൊണ്ടുവന്നു. ഹാബേലും ആട്ടിൻ കൂട്ടത്തിലെ കടിഞ്ഞൂലുകളിൽ നിന്നും അവയുടെ മേദസ്സിൽ നിന്നും തന്നെ ഒരു വഴിപാടുകൊണ്ടുവന്നു. യഹോവ ഹാബേലിലും അവന്റെ വഴിപാടിലും പ്രസാദിച്ചു. കയീനിലും അവന്റെ വഴിപാടിലും പ്രസാദിച്ചില്ല (ഉല്പത്തി 4:3-4).

ഈ ചരിത്ര പശ്ചാത്തലത്തിൽ നിന്നും ആരാധനയെ രണ്ടായി തരംതിരിക്കാവുന്നതാണ്. 1. ദൈവം പ്രസാദിക്കുന്ന ആരാധന; 2. ദൈവം പ്രസാദിക്കാത്ത ആരാധന. അഥവാ ഒന്ന് ദൈവാരാധന, മറ്റൊന്ന് സ്വേച്ഛാരാധന. കയീൻ സ്വന്ത ഇഷ്ടപ്രകാരം കുറെക്കാലം കഴിഞ്ഞ് നിലത്തെ അനുഭവത്തിൽ നിന്നും ഒരു വഴിപാടുകൊണ്ടു വന്നു. അനേക വർഷങ്ങൾ അവൻ കൃഷിചെയ്തു. കളപ്പുരകളെല്ലാം ധാന്യം കൊണ്ടു നിറച്ചു. അവൻ തിന്നു കുടിച്ച് ആനന്ദലഹരിയിൽ ആയശേഷം യഹോവയ്ക്ക് ഒരു വഴിപാടു കൊണ്ടുവന്നു. ഇതാണ് സ്വേച്ഛാരാധന. സ്വന്ത ദർശനങ്ങളിൽ പ്രവേശിക്കുകയും തന്റെ ജഡമനസ്സിനാൽ വെറുതെ ചീർക്കുകയും ചെയ്ത കയീൻ

സ്വേച്ഛാരാധനയുടെ മറ്റൊരു രംഗമാണ് മോശ പർവ്വതത്തിൽ നിന്നും ഇറങ്ങി വന്നപ്പോൾ പാളയത്തിൽ കണ്ട ആരാധന. അവൻ പാളയത്തിനു സമീപിച്ചപ്പോൾ കാളക്കുട്ടിയെയും നൃത്തങ്ങളെയും കണ്ടു. നീ എഴുന്നേറ്റ് ഞങ്ങളുടെ മുമ്പിൽ നടക്കേണ്ടതിന് ഒരു ദൈവത്തെ ഉണ്ടാക്കി തരിക എന്നു പറഞ്ഞ പ്രകാരം അവൻ സ്വയം ഉണ്ടാക്കിയതാണ് ഈ കാളക്കുട്ടിഎന്നു നാം അറിയുന്നു. ഇപ്രകാരം വാദ്യാഘോഷങ്ങളോടും മറ്റും നൃത്തം ചെയ്തു പാടി ആടി ആനന്ദ ലഹരിയിലാകുന്നതാണ് ആരാധന എന്നാണ് അനേകരും ധരിച്ചിരിക്കുന്നത്. സ്വന്തദർശനങ്ങളിൽ പ്രവേശിച്ച് സ്വന്ത ഇഷ്ടപ്രകാരം ശരീരത്തെ വിറപ്പിച്ച് ചലിപ്പിച്ചാൽ ജഡീക വികാരങ്ങൾ ഉണർത്തപ്പെടുകയല്ലാതെ ആത്മശക്തി പകരപ്പെടുകയില്ല. ഇപ്രകാരമുള്ള ആരാധനാലയങ്ങൾ ക്രൈസ്തവ സമൂഹത്തിൽ കൂണ് മുളക്കുന്നതുപോലെയാണ് കണ്ടുവരുന്നത്. ആകയാൽ ജഡീക വികാരങ്ങൾ ഉണർത്തപ്പെടുന്ന ആരാധനാകേന്ദ്രങ്ങളിൽ ചെന്നുപെടാതെ വായനക്കാർ സൂക്ഷിക്കുക

അടുത്തതായി, യിസ്രയേലിൽ ആഹാബ് രാജാവിന്റെ കാലത്ത് കർമ്മേൽ പർവ്വതത്തിൽ നടന്ന ആരാധനയെക്കുറച്ചു നമുക്കു ചിന്തിക്കാം. രാജാവ് ആളയച്ച് പ്രവാചകന്മാരെ കൂട്ടിവരുത്തി. അവർ 450 പേരുണ്ടായിരുന്നു. ഈ കാലത്തെ അനേക മെഗാചർച്ചുകളെപ്പോലെ അവർകൂടി വന്നു. യാഗപീഠം പണിതു. കാളയെ അറുത്തു കഷണം ആക്കി വിറകിന്മേൽ വച്ചു, ശേഷം ബലിപീഠത്തിനു ചുറ്റും അവർ തുള്ളിച്ചാടിക്കൊണ്ടിരുന്നു (1 രാജാ. 18:26). മാത്രമല്ല അവർ ഉറക്കെ വിളിച്ചു. പതിവുപോലെ രക്തം ഒഴുകുവോളം വാൾക്കൊണ്ടും കുന്തം കൊണ്ടും തങ്ങളെത്തന്നെ മുറിവേൽപ്പിച്ചു (1 രാജാ. 18:28). ഇതാണ് സാക്ഷാൽ സ്വേച്ഛാരാധന. അവിടെ യഹോവയുടെ തീ ഇറങ്ങുകയില്ല. ദൈവത്തിന്റെ മഹത്ത്വം വെളിപ്പെടുകയുമില്ല.

എന്നാൽ പ്രവാചകനായ ഏലിയാവ് ഹോമയാഗം കഴിച്ച യാഗപീഠത്തിൻമേൽ യഹോവയുടെ തീ ഇറങ്ങി. ദൈവനാമം മഹത്വപ്പെട്ടു. യഹോവ തന്നെ ദൈവം എന്നവർ പൂർണ്ണ ഹൃദയത്തോടെ ഏറ്റു പറഞ്ഞു ദൈവത്തെ സ്തുതിച്ചു. ഇതാണ് സത്യമായുള്ള ദൈവരാധന.

ഇതിനു വിപരീതമായി ദൈവത്തെ പ്രസാദിപ്പിക്കുവാൻ മനുഷ്യ സമൂഹത്തിൽ നടക്കുന്ന അനേക ആരാധന രീതികൾ നമുക്ക് സുപരിചിതമാണ്. വിവരിക്കുന്നില്ല. ക്രൈസ്തവ സമുഹത്തിൽ പോലും ശയന പ്രദക്ഷിണം (പള്ളിക്കു ചുറ്റും കിടന്ന് ഉരുളുക) മുതലായ ക്രിയകൾ ചെയ്ത് ദൈവത്തെ പ്രസാദിപ്പിക്കുവാൻ ശ്രമിക്കുന്നത് കാണുമ്പോൾ അവയൊക്കെ സ്വേച്ഛാരാധനയുടെ വ്യക്തമായ തെളിവുകളായി വേണം മനസ്സിലാക്കുവാൻ. കർത്താവിനൊടൊപ്പം സഞ്ചരിച്ചിരുന്ന ശിഷ്യഗണങ്ങൾക്കും ഇതേ ആഗ്രഹമാണുണ്ടായിരുന്നത്. പിതാവിനെ പ്രസാദിപ്പിക്കണം. അതിന് എന്താണ് ഞങ്ങൾ പ്രവർത്തിക്കേണ്ടത് എന്ന് അവർ യേശുവിനോട് ചോദിച്ചു. യേശു അവരോട്: ദൈവത്തിനു പ്രസാദമുള്ള പ്രവൃത്തി അവൻ അയച്ചവനിൽ നിങ്ങൾ വിശ്വസിക്കുന്നതത്രെ എന്ന് ഉത്തരം പറഞ്ഞു (യോഹ. 6:28,29). ഇവിടെ ഒരു കാര്യം വളരെ വ്യക്തമാണ്. നമ്മുടെ യാതൊരു വിധമായ പ്രവൃത്തികൾ കൊണ്ടും ദൈവത്തെ പ്രസാദിപ്പിക്കുവാൻ സാധിക്കയില്ല. കാരണം നമ്മുടെ പ്രവൃത്തികൾ ഒക്കെയും കേവലം കറപുരണ്ട തുണിപോലത്രെ ആകുന്നു (യെശ. 64:6).

ആകയാൽ യേശുവിനെ കർത്താവെന്ന് വായികൊണ്ട് ഏറ്റുപറഞ്ഞ് ദൈവം അവനെ മരിച്ച

വരിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിച്ചു രക്ഷിക്കപ്പെടുന്ന വിശ്വാസികളുടെ ഹൃദയങ്ങളിലേക്കു പകരപ്പെടുന്ന പരിശുദ്ധാത്മാവിലുള്ള ആരാധാനയാണ് ദൈവം പ്രസാദിക്കുന്നത് (റോമർ 10:9; 5:4). ശമര്യ സ്ത്രീയുമായുള്ള സംഭാഷണത്തിലും കർത്താവ് ഇതുതന്നെയാണ് വ്യക്തമാക്കിയത്. ദൈവം ആത്മാവാകുന്നു: അവനെ നമസ്കരിക്കുന്നവർ ആത്മാവിലും സത്യത്തിലും നമസ്ക്കരിക്കണം (യോഹ. 4:24).

ദൈവാരാധനയെക്കുറിച്ച് മറ്റൊരു ഉദാഹരണം കൂടി ഉദ്ധരിച്ചുകൊണ്ട് ഈ വിഷയം ഇവിടെ ഉപസംഹരിക്കാം. യേശു മരിച്ചു അടക്കപ്പെട്ടു ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ ഉയിർത്തെഴുന്നേറ്റു. ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ മഗ്ദലക്കാരത്തി മറിയ രാവിലെ ഇരുട്ടുള്ളപ്പോൾ തന്നെ കല്ലറക്കൽ ചെന്നു. കല്ലറവായ്ക്കൽ നിന്നും കല്ലു നീങ്ങി യിരിക്കുന്നത് കണ്ടു. അവൾ വിവരം ശിഷ്യന്മാരെ അറിയിച്ചു. അവരും വന്നു നോക്കിയാറെ യേശുവിന്റെ ശരീരം കാണാതെ വീട്ടിലേക്കു മടങ്ങിപ്പോയി.

എന്നാൽ മറിയ കല്ലറയ്ക്കൽ പുറത്ത് കരഞ്ഞുകൊണ്ടു നിന്നു. കരയുന്നതിനിടയിൽ അവൾ കല്ലറയിൽ കുനിഞ്ഞുനോക്കി (യോഹ. 20:11). അവൾ കരയുന്നതിന്റെയും കല്ലറയിൽ കുനിഞ്ഞുനോക്കുന്നതിന്റെയും കാരണം വ്യക്ത മാണ്. അവൾക്കുവേണ്ടി മരിച്ച് അടക്കപ്പെട്ട് ഉയിർത്തെഴുന്നേറ്റ കർത്താവിനെ ഒന്നു കാണണം. പരിശുദ്ധാത്മാവിനാൽ അവളുടെ ഹൃദയത്തിലേക്ക് പകരപ്പെട്ട ദൈവസ്നേഹം കരകവിഞ്ഞ് ഒഴുകുവാൻ തുടങ്ങി. അതായിരുന്നു അവൾ ചൊരിഞ്ഞ കണ്ണുനീർ. അപ്പോൾ ആ കണ്ണുനീർ കണ്ടു മറഞ്ഞിരിക്കുവാൻ കർത്താവിന് മനസ്സാ യില്ല. യേശു മറിയയേ എന്നുള്ള അവളുടെ ഓമന പേർ വിളിച്ച് അവൾക്ക് പ്രത്യക്ഷനായി. മറിയ യേശുവിനെ കണ്ടു. ഇതാണ് ദൈവരാധനയിൽ സംഭവിക്കേണ്ടത്.

സങ്കീർത്തനക്കാരനായ ദാവീദിന്റെ ആഗ്ര ഹവും അതുതന്നെ ആയിരുന്നു ഞാൻ യഹോവ യോട് ഒരുകാര്യം അപേക്ഷിച്ചു: അതുതന്നെ ഞാൻ ആഗ്രഹിക്കുന്നു. യഹോവയുടെ മനോഹരത്വം കാണ്മാനും അവന്റെ മന്ദിരത്തിൽ ധ്യാനിപ്പാനും എന്റെ ആയുഷ്ക്കാലം ഒക്കെയും ഞാൻ യഹോവയുടെ ആലയത്തിൽ പാർക്കേണ്ടതിനു തന്നെ (സങ്കീ. 27:4). അതുമാത്രമല്ല, പത്മോസ് ദീപിൽ ആയിരുന്ന യോഹന്നാൻ കർത്തൃ ദിവസത്തിൽ ആത്മ വിവശതയിൽ കർത്താവിന്റെ മനോഹര രൂപം കണ്ട് അവന്റെ കാൽക്കൽ വീണ് അവനെ നമസ്ക്കരിച്ചതുപോലെ നാം കൂടി വരുന്ന എല്ലാ കർത്തൃ ദിവസങ്ങളിലും നമ്മുടെ പ്രാണ പ്രിയന്റെ മുഖശോഭ കണ്ടുകൊണ്ട് ആത്മാവിലും സത്യത്തിലും അവനെ ആരാധിപ്പാൻ ദൈവം കൃപ ചെയ്യുമാറാകട്ടെ. ●

---

## രോഗികൾ

**പൂവത്തൂർ** : റഹബോത്ത് ബ്രദറൺ സഭാംഗം മാവേ ലിൽ ഏബ്രഹാം ദാനിയേൽ (രാജൻ) മാതാ അമൃതാ ആശുപത്രിയിൽ ക്യാൻസർരോഗ ചികിത്സയിൽ കഴിയു ന്നു. സൗഖ്യത്തിനായി ദൈവജനം പ്രാർത്ഥിക്കണമേ.

**കാൺകീർ** : സുവി. ഒ.എസ്. ഏലിയാസ് എഴുതു ന്നത്. എന്റെ ഹൃദയത്തിന്റെ 2 വാൽവ് ബ്ലോക്കാ യതിനാൽ വെല്ലൂർ ആശുപത്രിയിൽ അഡ്മിറ്റ് ചെയ്തു. ഓപ്പൺഹാർട്ട് സർജറി ഏപ്രിൽ 28 ന് അത്ഭുതകരമായി നടന്നു. 2 ആർട്ടിഫിഷൽ വാൽവ് ഘടിപ്പിച്ച് ഹൃദയ ത്തിന്റെ പ്രവർത്തനം നന്നായി ചലിപ്പിക്കുന്നതിന് കർത്താവ് സഹായിച്ചു. ഭാരിച്ച സാമ്പത്തീക ചെലവ് തക്കസമയത്ത് കർത്താവ് തന്റെ മക്കളിൽക്കൂടി തന്ന് സഹായിച്ചു. ഈ ആവശ്യത്തിനായി സാമ്പത്തീകമായി സഹായിക്കുകയും പ്രാർത്ഥിക്കുകയും ചെയ്ത എല്ലാവ രോടുമുള്ള ഹൃദയംഗമമായ നന്ദി കർത്തൃനാമത്തിൽ അറിയിച്ചു കൊള്ളുന്നു. 3 മാസം പൂർണ്ണവിശ്രമം ആവ ശ്യമാണ്. 6 മാസം കൂടുമ്പോൾ പരിശോധനയ്ക്കായി വെല്ലൂർക്ക് പോകണം. ബോയ്സ് ഹോം ശുശ്രൂഷയും അനുഗ്രഹകരമായി നടക്കുന്നു. 8 കുഞ്ഞുങ്ങളുണ്ട് കർത്താവിനായി പ്രയോജനപ്പെടണമെന്ന ആഗ്രഹ ത്തോടും പ്രാർത്ഥനയോടുംകൂടി ശുശ്രൂഷ നിർവ്വഹിക്കു ന്നു. അയൽ സഭകളിൽ നിന്നും സഹോദരങ്ങൾ കടന്നു വന്ന് പ്രവർത്തനങ്ങളിൽ സഹായിക്കുന്നു. സഭയെയും പ്രവർത്തനത്തെയും എളിയവരെയും പ്രാർത്ഥനയിൽ ഓർത്താലും. എന്ന് O.S. Elias, Emmanuel, Near F.C.I. Godown, Annapurnapara, P.O. Box 7, Kanker, 494334 (C.G).

**റ്റൊറന്റോ** (കാനഡ) : ശാസ്ത്രപംക്തി ലേഖന കർത്താവ് ഡോ. ജോൺസൺ ജോർജ്ജിന്റെ ഇടതു കണ്ണിന് Glaucomaയ്ക്കുള്ള ഓപ്പറേഷൻ കഴിഞ്ഞ് സുഖം പ്രാപിച്ചു വരുന്നു. വലതു കണ്ണിനും ഓപ്പറേ ഷൻ ആവശ്യമായി വന്നതിനാൽ 28-8-09 ന് അതു നട ത്തി. പൂർണ്ണ സൗഖ്യത്തിനായി ദൈവമക്കൾ തുടർന്നും പ്രാർത്ഥിച്ചാലും.

**കൊടനാട്**: കോടനാട് ബ്രദറൺ സഭയിലെ സുവി. കെ.കെ. വർഗീസിന്റെ 4 മക്കളിൽ 30-ാമത്തെ ഏക ആൺകുട്ടി ജോബ് വർഗീസ് (3 1/4) ജനന സമയത്തു ണ്ടായ പ്രയാസങ്ങളാൽ ബ്രെയിനിൻ ഡാമേജ് സംഭവിച്ച് തുടർമാനമായ ചികിത്സയിലാണ്. കമിഴ്ന്നു വീഴുകയോ സംസാരിക്കുകയോ, വിളിച്ചാൽ പ്രതികരിക്കുകയോ ചെയ്യില്ല. ഇപ്പോൾ എറണാകുളം അമൃതാ ഹോസ്പിറ്റ ലിലെ ചികിത്സയിലാണ്. ജോബിന്റെ സൗഖ്യത്തിനായും സഹോ.ന്റെ ശുശ്രൂഷകൾക്കായും പ്രാർത്ഥിക്കണമേ. എന്ന് സി.എ. ഏബ്രഹാം, കെ.വി. പൗലൊസ്, കെ. കെ. വർഗീസ്, കാഞ്ഞിരത്തിങ്കൽ ഹൗസ്, ആലാട്ടുചിറ, കൊടനാട് - 683544.

# സ്ഥലം സഭയുടെ പ്രാധാന്യവും അച്ചടക്ക നടപടിയും (തുടർച്ച)

കുഞ്ഞുമോൻ ഡാനിയേൽ, കളമശ്ശേരി

**2 ശിക്ഷണ നടപടിയുടെ ഉദ്ദേശ്യം**

ദൈവം ഒരു വ്യക്തിയെ ശിക്ഷിക്കുന്നത് ആ വ്യക്തിക്ക് പ്രയോജനകരമായ നിശ്ചിതമായ ഉദ്ദേശ്യത്തോടുകൂടെയാണ്. നാം അവന്റെ വിശുദ്ധി പ്രാപിക്കേണ്ടതിന് നമ്മുടെ ഗുണത്തിനായി തന്നെ ശിക്ഷിക്കുന്നത് (12,10)........അതിനാൽ അഭ്യാസം വന്നവർക്ക് നീതി എന്ന സമാധാന ഫലം ലഭിക്കും (എബ്രാ.12:11). ദൈവം സഭ മുഖാന്തരം നടത്തുന്ന ശിക്ഷയ്ക്കും നിശ്ചിതമായ ചില ഉദ്ദേശ്യങ്ങളുണ്ട്. അവ നമുക്ക് പരിശോധിക്കാം.

**1) ബോധം വരുത്തുക മത്താ.18:15,19 തീത്തൊ 1:9, 1 തിമൊ. 4:2, 3:16.**

ഞാൻ വല്ല തെറ്റും ചെയ്തു എങ്കിൽ നിങ്ങൾ ക്ഷമിക്കണം. എന്റെ സംസാരം നിങ്ങളെ മുറിപ്പെടുത്തിയെങ്കിൽ ക്ഷമിക്കണം എന്നെല്ലാം ചിലർ മാപ്പു പറയാറുണ്ട്. പല പ്രശ്നങ്ങളും സങ്കീർണ്ണമാകാതിരിക്കുവാൻ ഇവ സഹായിച്ചിരിക്കാം എങ്കിലും, പാപബോധം (താൻ ചെയ്തത് തെറ്റാണ് എന്ന ചിന്ത) ഇവിടെ ഇല്ല. അതുകൊണ്ടു തന്നെ തെറ്റിനെക്കുറിച്ചുള്ള പശ്ചാത്താപവും സാദ്ധ്യമല്ല.

യഥാർത്ഥ മാനസാന്തരത്തിന് പാപബോധം ആവശ്യമാണ്. പാപബോധം വരാതെ മാനസാന്തരപ്പെടുന്നതോ ക്ഷമപറയുന്നതോ എല്ലാം ഉപരിപ്ലവമായ ചടങ്ങുകൾ മാത്രമാണ്. ജീവിതത്തിൽ വന്നുപോയ പാപത്തെ വിട്ടു തിരിയണമെങ്കിൽ ഒരു വ്യക്തിക്ക് പാപബോധം ഉണ്ടായാൽ മാത്രമേ സാധിക്കൂ.

തെറ്റിനെക്കുറിച്ച് ബോധം വരുക എന്നാൽ ഒരു വ്യക്തിയുടെ ജീവിതത്തിലെ ആത്മീക മാനദണ്ഡം(മൂല്യബോധം) വചനപ്രകാരമുള്ള മറ്റു വിശ്വാസികളുടെ മാനദണ്ഡവുമായി (അഥവാ സഭയിലെ ഇതരവിശ്വാസികളുടെ ആത്മീക മാനദണ്ഡവുമായി)ഒന്നാകുക എന്നാണർത്ഥം. ഈ സമീകരണമാണ് ശിക്ഷണനടപടികളുടെ ഒരു ലക്ഷ്യം.

**2. പാപത്തെ ഓർത്തു ദുഃഖിക്കണം** 2കൊരി. 2:7

പാപബോധം പാപത്തെക്കുറിച്ച് ദുഃഖം ഉളവാക്കുന്നു. പാപത്തെക്കുറിച്ചുള്ള ദുഃഖം മാനസാന്തരത്തിലേക്ക് നയിക്കുന്നു (2 കൊരി. 10) ഈ ദുഃഖമാണ് അനുതാപം അഥവാ പശ്ചാത്താപം. ദുഃഖം മാനസാന്തരത്തിലേക്കുള്ള ഒരു ഘട്ടം മാത്രമാണ്.

അനുതാപം/ദുഃഖം മാനസാന്തരത്തിലേക്ക് നയിക്കുന്നില്ല എങ്കിൽ പ്രയോജനമില്ല. യേശുവിനെ കാണിച്ചുകൊടുത്ത യൂദയെക്കുറിച്ച് നാം വായിക്കുന്നത്....അവനെ കാണിച്ചു കൊടുത്ത യൂദ കണ്ടു അനുതപിച്ചു, 30 വെള്ളിക്കാശ് മഹാപുരോഹിതന്മാരുടെയും മൂപ്പന്മാരുടെയും അടുക്കൽ മടക്കി കൊണ്ടുവന്നു. ഞാൻ കുറ്റമില്ലാത്ത രക്തത്തെ കാണിച്ചു കൊടുത്തതിനാൽ പാപം ചെയ്തു എന്നു പറഞ്ഞു (മത്തായി 27:3,4)യൂദയ്ക്ക് അനുതാപം ഉണ്ടായി എങ്കിലും പ്രയോജനമുണ്ടായില്ല. കാരണം പാപത്തെ ഓർത്ത് അനുതപിച്ച് ദൈവത്തിങ്കലേക്ക് തിരിഞ്ഞു വരുന്നതാണ് മാനസാന്തരം. കർത്താവിങ്കലേക്ക് തിരിച്ചുവരവ് യൂദയ്ക്ക് ഉണ്ടായില്ല.

പത്രൊസ് യേശുവിനെ തള്ളിപ്പറഞ്ഞപ്പോൾ കോഴി കൂകി. അപ്പോൾ യേശു അവനെ നോക്കി. അവൻ സംസാരിക്കുമ്പോൾ തന്നേ പെട്ടന്ന് കോഴി കൂകി. അപ്പോൾ കർത്താവ് തിരിഞ്ഞ് പത്രൊസിനെ ഒന്നുനോക്കി: ഇന്ന് കോഴി കൂകുംമുമ്പേ നീ 3 വട്ടം എന്നെ തള്ളിപ്പറയും എന്നു കർത്താവ് തന്നോടു പറഞ്ഞ വാക്ക് പത്രൊസ് ഓർത്ത് പുറത്തിറങ്ങി അതിദുഃഖത്തോടെ കരഞ്ഞു (ലൂക്കോസ്. 22:40-41). കർത്താവിന്റെ നോട്ടമാണ് അവനെ പാപബോധത്തിലേക്കും ദുഃഖത്തിലേക്കും നയിച്ചത്. പത്രൊസിന്റെ ദുഃഖം കർത്താവിങ്കലേക്കുള്ള തിരിച്ചുവരവായിരുന്നു.

**3. പാപത്തെ ഓർത്തു ലജ്ജിക്കണം** 2 തെസ്സ.3: 14,ഫിലി.3:19

സുവിശേഷത്തെക്കുറിച്ച് എനിക്ക് ലജ്ജയില്ല റോമർ 1:16,ലജ്ജയില്ലാത്തതുകൊണ്ട് സുവിശേഷം അറിയിക്കുവാൻ ആവോളം ഞാൻ ഒരുങ്ങിയിരിക്കുന്നു എന്ന് പൗലൊസ് പറഞ്ഞു. ലജ്ജയായതിൽ മാനം തോന്നാം. അതുകൊണ്ട്,തെറ്റു ചെയ്തവന് തെറ്റിനെ ഓർത്തു ലജ്ജിക്കുവാൻ അവസരം നൽകണം.

**4. നേടുക മാനസാന്തരപ്പെടുക, യഥാസ്ഥാനപ്പെടുക.** മത്തായി 18:15,ലൂക്കോസ് 3:17, ഗലാ. 6:1. ഒരു വ്യക്തിയെ പാപത്തിൽ നിന്ന് തിരികെ കൊണ്ടുവരുമ്പോൾ സഭയെ സംബന്ധിച്ചിടത്തോളം അവനെ നേടുകയാണ്. ആ വ്യക്തിയെ സംബന്ധിച്ചിടത്തോളം അവൻ മാനസാന്തരപ്പെടുകയാണ്. ദൈവവുമായുള്ള ആ വ്യക്തിയുടെ ബന്ധത്തെ പരിഗണിക്കുമ്പോൾ അവൻ യഥാസ്ഥാനപ്പെടുകയാണ്. ഇപ്രകാരം നോക്കുമ്പോൾ,നേടുക മാനസാന്തരപ്പെടുക, യഥാസ്ഥാനപ്പെടുക എന്നിവയെല്ലാം ഓരേ യാഥാർത്ഥ്യത്തെയാണ് ഉദ്ദേശിക്കുന്നത്.

**5.ഐകൃത** മത്തായി 18:19, റോമർ16:17,18, എഫെ.4:12.

**6. പാപം പരക്കരുത്** 1 കൊരി. 5:6,8, 1തിമൊ.5:20.

അസാരം പുളിമാവ് പിണ്ഡത്തെ മുഴുവൻ പുളിപ്പിക്കുന്നു എന്നറിയുന്നില്ലയോ?1 കൊരി.5:6 പാപത്തോടുള്ള നിസ്സംഗത പാപത്തിന്റെ ഗൗരവത്തെ മറക്കുവാൻ ഇടയാക്കുകയും കൂടുതൽ പേർ പാപവഴിയിലേക്ക് തിരിയുവാൻ ഇടയാക്കുകയും ചെയ്യും. അതുകൊണ്ട്, നിങ്ങൾ പുളിപ്പില്ലാത്തവരായിരിപ്പാൻ തക്കവണ്ണം പുതിയ പിണ്ഡം ആകേണ്ടതിന് പഴയപുളിമാവിനെ നീക്കിക്കളവിൻ (വാക്യം 7) എന്നു പ്രബോധിപ്പിക്കുന്നു.

നല്ലമാതൃകയേക്കാൾ വേഗം ജഢീകന്മാർ പിൻതുടരുന്നത് തെറ്റായ മാതൃക ആയിരിക്കും. അതുകൊണ്ട് തെറ്റിന്മേൽ നടപടി എടുക്കേണ്ടത് സഭയുടെ വിശുദ്ധമായ നടപ്പു നിലനിർത്തുവാൻ ആവശ്യമാണ്.

**7. കർത്താവായ യേശുവിന്റെ നാളിൽ ആത്മാവ് രക്ഷിക്കപ്പെടേണ്ടതിന്** 1 കൊരി. 5:5

**3 ശിക്ഷണം നടത്തുന്നവർക്കു/നടപ്പാക്കുന്നവർക്ക് വേണ്ട യോഗ്യതകൾ**

1. പ്രാപ്തിവേണം 1കൊരി.6:5,പുറ. 18:23

കർത്താവ് പ്രാപ്തി നൽകിയിട്ടില്ലാത്തവർ ശിക്ഷണ നടപടികളിൽ ഏർപ്പെട്ടാൽ പ്രശ്നം സങ്കീർണമാവുകയും പുതിയ പ്രശ്നങ്ങൾ ഉത്ഭവിക്കുകയും ചെയ്യാം.

2) ജ്ഞാനം വേണം 1കൊരി. 6:5, യാക്കോബ് 3:17,

3) വിശുദ്ധി വേണം 1കൊരി. 6:1,

4) അഭക്തി പാടില്ല 1കൊരി. 6:1, യാക്കോ.1:26,27.

ഒന്നാമതായി, യഥാർത്ഥ ഭക്തി എന്നത് ലോകത്താൽ കളങ്കപ്പെടാതിരിക്കുന്നതുമായി ബന്ധപ്പെട്ടിരിക്കുന്നു. ഭക്തിയുള്ള വ്യക്തി ലോകത്താൽ കളങ്കപ്പെടാതെ തന്നെത്താൻ സൂക്ഷിക്കുന്നു. അടുത്തതായി,ഭക്തി സമൂഹത്തോടുള്ള ഒരു വ്യക്തിയുടെ ഉത്തരവാദിത്വ നിർവ്വഹണവുമായി ബന്ധപ്പെട്ടിരിക്കുന്നു.

5. അവിശ്വാസി പാടില്ല 1 കൊരി. 6:6

6. ആത്മീകർ വേണം ഗലാ. 6:1

ആത്മീകർക്കു മാത്രമേ ആത്മീയ കാഴ്ചപ്പാടോടുകൂടി പ്രശ്നങ്ങളെ ആത്മീകമായി കൈകാര്യം ചെയ്യുവാൻ കഴിയൂ. ജഢീകന്മാർക്ക് ആത്മീയ തീരുമാനങ്ങൾ എടുക്കുവാൻ കഴിയുകയില്ല. ജഢസ്വഭാവമുള്ളവർക്ക് ജഢത്തിനുള്ളത് ചിന്തിക്കുവാനേ കഴിയൂ. റോമർ 8 പഠിക്കുക.

**4 ശിക്ഷണ നടപടിയിലെ മനോഭാവം**

1. സൗമ്യതയുടെ ആത്മാവ് ഗലാ. 6:1,യാക്കോ.3:13. വിനീതമായ ആത്മാവോടുകൂടെ -എന്ന് കോനാട്ട് മൽപ്പാൻ പരിഭാഷ. സൗമ്യത എന്നാൽ എന്താണ്? സ്വന്ത അവകാശങ്ങളെ ബോധപൂർവ്വം പ്രശ്നപരിഹാരത്തിനായി ത്യജിക്കുന്നതാണ് ഇവിടെ സൗമ്യത.

2. സ്വയ പ്രശംസ (മഹാനാണെന്ന ചിന്ത) കൂടാതെ ഗലാ. 6:3,4. സ്വയം പ്രവൃത്തികളെ ശോധനചെയ്താൽ പ്രശംസ ഒഴിവാക്കാം.

3. ദുഃഖം 1 കൊരി. 5:2, 2 കൊരി.7:9,10,11 എസ്രാ. 10:1-6. സഭയിലെ ഒരംഗം പാപത്തിൽ വീണുപോയാൽ അതു സംബന്ധിച്ച് യഥാർത്ഥ ദുഃഖം സഭയ്ക്കുണ്ടാകണം. പാപത്തിന്റെ ഗൗരവം മനസ്സിലാക്കുന്നു എങ്കിലേ ദുഃഖം ഉണ്ടാവുകയുള്ളൂ. ഈ ദുഃഖമാണ് ശിക്ഷാ നടപടിയിലേക്ക് നയിക്കേണ്ടത്. ദുഷ്കർമ്മം ചെയ്തവനെ നിങ്ങളുടെ ഇടയിൽ നിന്നും നീക്കുവാൻ തക്കവണ്ണം നിങ്ങൾ ദുഃഖിച്ചിട്ടുമില്ല (1. കൊരി. 5:2) എന്ന് പൗലൊസ് എഴുതിയിരിക്കുന്നത് അതുകൊണ്ടാണ്.

കൊരിന്തു സഭ ദുഃഖിക്കാതെ ചീർത്തിരിക്കുകയും(5:2)സ്വയം പ്രശംസിക്കയും(5:6) ആണ് ചെയ്തത് . ഇന്നും സഭകൾ ധനത്തിലും സ്വീധീനത്തിലും മതിമറന്ന് ചീർത്തിരിക്കുകയും പാപത്തെ നിസാരമായി ഗണിച്ചു മുമ്പോട്ടു പോകയും ചെയ്യുന്നു.

4. സ്വയം സൂക്ഷിക്കണം ഗലാ. 6:1, 1തിമൊ.5:22, .4:16, യാക്കോ.1:26,27). നിങ്ങളെ തന്നെയും.....പ്രവൃ. 20:28

**5. ശിക്ഷണ നടപടിയിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

1. സാക്ഷികൾ മുഖേന വേണം 1 തിമൊ. 5: 19, മത്തായി 18:16

2. പക്ഷവാദം പാടില്ല 1 തിമൊ.5:21, ഫിലി 4:2,3

യുവൊദ്യയും സുന്തുകയും ഏക ചിന്തയില്ലാതിരിക്കുന്നു. എന്നാൽ അവർക്ക് തുണ നിൽക്കണമെന്ന് ഞാൻ നിന്നോട് അപേക്ഷിക്കുന്നു. എന്ന് പൗലൊസ് എഴുതുന്നു. ഏതെങ്കിലും ഒരാൾക്ക് തുണനിൽക്കണം എന്നല്ല പറയുന്നത് . പക്ഷവാദം കൂടാതെ ഇരിക്കുന്നതിന് ദൃഷ്ടാന്തമാണിത്

3. സിദ്ധാന്തം (Prejudice = Pre + judge)പാടില്ല 1തിമ. 5:21

4. സകലവും വെളിപ്പെടും എന്ന സത്യം ഓർക്കണം 1 തിമോ. 5:24,25 (തുടരും)

# യോസേഫിന്റെ ശുശ്രൂഷകൾ: ആദ്യത്തേതും അവസാനത്തേതും

സണ്ണി റ്റി. ഫിലിപ്പ്, മല്ലശ്ശേരി

സത്യദൈവത്താൽ പ്രത്യേകമായി തിരഞ്ഞെടുക്കപ്പെട്ട വിലയേറിയ ദാസന്മാരുടെ ശുശ്രൂഷകൾ പഴയനിയമത്തിൽ രേഖപ്പെടുത്തിയിട്ടുള്ളതിൽ ഏറ്റവും മാതൃകാപരമായ ശുശ്രൂഷകൾ യോസേഫിന്റേതാണ്. ചിലരുടെ അന്ത്യകാലസന്ദേശങ്ങൾ മായാത്ത ചിത്രം പോലെ മനസ്സിൽ പതിഞ്ഞു കിടക്കും. ആത്മീയ ശക്തിയിൽ ആദ്യന്തം പൊരുതി ഒരിക്കലും തളരാതെ ലോകത്തെ അതിന്റെ എല്ലാ മോഹങ്ങളൊടുകൂടെ ത്യജിക്കുകയും കുടുംബജിവിതവും സാമൂഹ്യകർത്തവ്യവും തുല്യമായി ലക്ഷ്യബോധത്തോടുകൂടെ നിറവേറ്റുകയും ചെയ്ത യോസേഫിന്റെ ആദ്യത്തെ ശുശ്രൂഷ ആരംഭിക്കുന്നത് തന്റെ 17-ാം വയസ്സിലാണ്. ആ 17-ാം വയസ്സു മുതൽ 110-ാം വയസ്സു വരെയുള്ള തന്റെ വിവിധ ശുശ്രൂഷകളുടെ ഒരു നീണ്ടപട്ടിക തന്നെ ബൈബിളിലുണ്ട്. സത്യസന്ധമായ ജീവിതം, നിന്ദ, പരിഹാസം, പീഡനം, ഏകാന്തത, അന്ധകാരം, തടവറ, വ്യാപാരച്ചരക്കായി മാറിയത്, ജിവിച്ചിരിക്കെ മറ്റുള്ളവർ മരിച്ചുപോയി എന്ന് പറയുന്നത്, തുടങ്ങിയ ധാരാളം വസ്തുതകൾ യോസേഫിനെക്കുറിച്ച് ബൈബിളിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

**1. യോസേഫിന്റെ അദ്യത്തെ ശുശ്രൂഷ**

ഉല്പത്തി 37:5-7 വരെയുള്ള വാക്യങ്ങളിൽ യോസേഫിന്റെ അദ്യത്തെ ശുശ്രൂഷ രേഖപ്പെടുത്തിയിട്ടുണ്ട്. ഒരു സ്വപ്നം അറിയിക്കുന്ന ശുശ്രൂഷ; വളരെ സരളമായി സ്വന്തം സഹോദരങ്ങളോട് യോസേഫ് ആ സ്വപ്നം അറിയിച്ചു. ഇതിൽ നിന്നും ചില പാഠങ്ങൾ: 1. കൃപാവരങ്ങൾ ലഭിച്ചിട്ടുള്ള പ്രായം കുറഞ്ഞ സഹോദരങ്ങളെ ബഹുമാനിക്കുകയും ശ്രദ്ധിക്കുകയും ചെയ്യേണ്ടതാണ്.

2. നമുക്ക് ഇഷ്ടപ്പെട്ട ശുശ്രൂഷ അല്ലെങ്കിലും, ദൈവം നിയോഗിച്ചിരിക്കുന്ന ശുശ്രൂഷയ്ക്ക് വിധേയപ്പെടുക.

**2. യോസേഫിന്റെ അവസാനത്തെ ശുശ്രൂഷ**

തന്റെ 17-ാം വയസ്സിലും 110—ാം വയസ്സിലും ചെയ്ത ശുശ്രൂഷകളും ഒരെ രീതിയിൽ തന്നെയായിരുന്നു. പ്രായത്തിന്റെ ദുർബ്ബലത ശുശ്രൂഷയെ ബാധിച്ചില്ല. ഉല്പത്തി 50:22-26 വരെ വായിക്കുക. അബ്രാഹാംപിതാവിനോടു ദൈവം ചെയ്ത വാഗ്ദത്തത്തെക്കുറിച്ച് യോസേഫിനു സൂക്ഷ്മമായ അറിവ് ഉണ്ടായിരുന്നിരിക്കണം (ഉല്പത്തി 15:13,14). ദൃഢവിശ്വാസത്തോടുകൂടെ ഉല്പത്തി 50:24-ൽ യോസേഫ് ഇങ്ങിനെ സൂചിപ്പിച്ചു: "ഞാൻ മരിക്കുന്നു; എന്നാൽ ദൈവം നിങ്ങളെ സന്ദർശിക്കയും ഈ ദേശത്തുനിന്നു താൻ അബ്രാഹാമിനോടും യിസ്ഹാക്കിനോടും യാക്കോബിനോടും സത്യം ചെയ്ത ദേശത്തേക്കു കൊണ്ടുപോകയും ചെയ്യും."

യോസേഫിന്റെ ആദ്യത്തെ ശുശ്രൂഷയെ ദൈവം അക്ഷരാർത്ഥത്തിൽ അനുഗ്രഹിച്ചു. ഈ അവസാനത്തെ ശുശ്രൂഷയും ദൈവം മാനിക്കും എന്നുള്ളതിനെക്കുറിച്ച് തനിക്ക് വ്യക്തമായ ബോധ്യം ഉണ്ടായിരുന്നു. ഈ ശാന്തമായ അന്തരീക്ഷത്തിലാണ് യോസേഫ് മരിക്കുന്നത്. യുവാവായിരുന്ന കാലത്തും വൃദ്ധനായപ്പോഴും യോസേഫ് പെരുമാറ്റച്ചട്ടങ്ങളിൽ മാറ്റമില്ലാത്തവനായിരുന്നു. ആ ശുശ്രൂഷകൾ നമുക്കു നൽകുന്ന പാഠം വളരെ വ്യക്തമാണ്. നമ്മെ ഏൽപിക്കുന്ന ശുശ്രൂഷകൾ, നമ്മെ ദൈവം ഏൽപ്പിച്ചിരിക്കുന്ന ദൗത്യം എന്നിവ വിശ്വസ്തതയോടും ഉത്തരവാദിത്തത്തോടുകൂടെയും ആയിരിക്കുവാൻ ഇടയാകട്ടെ.

യോസേഫിന്റെ മരണശേഷം ആ തലമുറ രൂബേൻ മുതൽ ബെന്യാമിൻ വരെ എല്ലാവരും മരിച്ചു. പുറ. 1:6. എന്നാൽ ദൈവശുശ്രൂഷകൾ തുടർന്നുകൊണ്ടിരിന്നു. "Every moment dies a man, every moment one is born." മാറ്റമില്ലാത്ത ദൈവത്തിന്റെ ശുശ്രൂഷകളിൽ ഭാഗഭാക്കുകളായി ആ യോസേഫിനെപ്പോലെ ജിവിക്കുവാൻ നമുക്ക് ദൈവസന്നിധിയിൽ നമ്മെ സമർപ്പിക്കാം.

ഒരു തലമുറ മാറുമ്പോൾ മറ്റൊരു തലമുറ ആ വിടവ് നികത്തിക്കൊണ്ടിരിക്കുന്നു. "യിസ്രായേൽ മക്കൾ സന്താന സമ്പന്നരായി അത്യന്തം വർദ്ധിച്ചു പെരുകി ബലപ്പെട്ടു. ദേശം അവരെക്കൊണ്ടു നിറഞ്ഞു" (പുറ. 1:7). മരണവും, ജനനവും - ഒരു തുലാസിന്റെ രണ്ടു തട്ടുകൾ. ഒരു വീടിന്റെ താഴെ ശവപ്പെട്ടീ കല്ലറയിലേക്ക് പോകുവാൻ തുടങ്ങുമ്പോൾ അതാ, ആ വീടിന്റെ മുകൾത്തട്ടിൽ ഒരു ചെറിയ തൊട്ടിൽ ജിവൻ തുടിച്ചുകൊണ്ട് ചാഞ്ചാടുന്നു.

ദൈവം തന്റെ ദാസന്മാരെ ഭുമിയിൽ നിന്നും മാറ്റിയാലും ദൈവ ശുശ്രൂഷകൾ തുടർന്നു കൊണ്ടേയിരിക്കും. പുതിയ തലമുറ മണ്മറഞ്ഞവരിൽ ശ്രേഷ്ഠന്മാരായവരെ അനുകരിക്കുവാൻ ശ്രമിക്കുന്നത് ഉചിതമാണ്. മറ്റൊരു വിധത്തിൽ യോസേഫ് ചിന്തിച്ചിരുന്നുവെങ്കിൽ - "ഈ സഹോദരങ്ങളെ മിസ്രയീമിലേക്ക് കൊണ്ടുവന്നത് അബദ്ധമായി എന്ന്"! ഒരിക്കലും താൻ അങ്ങനെ ചിന്തിച്ചില്ല. ഒരാൾ വിതക്കുന്നു; വേറെ ഒരാൾ കൊയ്യുന്നു. ജോലി ഒന്നെയുള്ളു. വിലയിരുത്തുമ്പോൾ വൈവിദ്ധ്യങ്ങൾ കാണും. എത്ര എത്ര നൂലുകൾ കൂട്ടിച്ചേർത്ത്, ഊടു പാവും നെയ്യുന്ന പരവതാനിപോലെ മനോഹരമാണ് ഈ ജോലി. ഒരു മൊസൈക്ക് ഉണ്ടാക്കുവാൻ അനേകം ഗ്ലാസ് കഷണങ്ങൾ ഒത്തുചേരണം. നമ്മളും ഈ മാറ്റമില്ലാത്ത ദൈവത്തിന്റെ ശുശ്രൂഷയിൽ ഭാഗഭാക്കുകളായി യോസേഫിനെപ്പോലെ സത്യസന്ധതയോടെ ജിവിക്കുവാൻ നമ്മെ ദൈവ കരങ്ങളിൽ സമർപ്പിക്കാം. ●

# താഴ്മ

**രത്നാ ജേക്കബ്**

“മനുഷ്യാ, നല്ലത് എന്തെന്നു അവൻ നിനക്കു കാണിച്ചു തന്നിരിക്കുന്നു. ന്യായം പ്രവർത്തിപ്പാനും ദയാതല്പരനായിരിപ്പാനും നിന്റെ ദൈവത്തിന്റെ സന്നിധിയിൽ താഴ്മയോടെ നടപ്പാനും അല്ലാതെ എന്താകുന്നു യഹോവ നിന്നോടു ചോദിക്കുന്നത്? (മീഖാ. 6:8). നമ്മുടെ വാഴ്ത്തപ്പെട്ട കർത്താവ് ഈ ഭൂമിയിൽ ആയിരുന്നപ്പോൾ തന്റെ അരുമശിഷ്യഗണത്തോട് അരുളിചെയ്തത് “ഞാൻ സൗമ്യതയും താഴ്മയും ഉള്ളവൻ ആകയാൽ എന്റെ നുകം ഏറ്റുകൊണ്ട് എന്നോടു പഠിപ്പിൻ എന്നാൽ നിങ്ങളുടെ ആത്മാക്കൾക്ക് ആശ്വാസം കണ്ടെത്തും (മത്തായി. 11:29). എന്താണ് നാം കർത്താവിനോടു പഠിക്കേണ്ടത്? ക്രിസ്തുയേശുവിലുള്ള ഭാവം – “അവൻ ദൈവരൂപത്തിൽ ഇരിക്കെ ദൈവത്തോടുള്ള സമത്വം മുറുകെ പിടിച്ചുകൊള്ളണം എന്നു വിചാരിക്കാതെ ദാസരൂപം എടുത്ത് മനുഷ്യസാദൃശ്യത്തിലായി തന്നെത്താൻ ഒഴിച്ചു വേഷത്തിൽ മനുഷ്യനായി വിളങ്ങി തന്നെത്താൻ താഴ്ത്തി ക്രൂശിലെ മരണത്തോളം അനുസരണമുള്ളവനായിത്തീർന്നു. അതുകൊണ്ട് ദൈവവും അവനെ ഏറ്റവും ഉയർത്തി സകലനാമത്തിനും മേലായ നാമം നൽകി.” നമ്മുടെ രക്ഷിതാവും കർത്താവും ആയവന് ദൂതന്മാരിലും അല്പം ഒരു താഴ്ച വന്നതും തന്റെ താഴ്ചയിൽ അവന് ന്യായം കിട്ടാതെ പോയതും നമ്മുടെ താഴ്ചയിൽ നമ്മെ ഓർത്തതുകൊണ്ടായിരുന്നു.

എന്തുകൊണ്ടാണ് ദൈവമക്കളായ നാം താഴ്മയോടെ നടക്കേണ്ടത്? നാം പാപത്തിന്റെ നാശകരമായ കുഴിയിലും കുഴഞ്ഞ ചേറ്റിലും താണുവീണ് കരഞ്ഞപ്പോൾ ഒരു വാക്കിനാൽ സകലത്തെയും ഉളവാക്കിയ മഹാദൈവത്തിന് നമ്മോടു കരുണ തോന്നി. പാപകൂപത്തിൽ നിന്നും അവൻ നമ്മെ കയറ്റി ക്രിസ്തുവാകുന്ന പാറമേൽ നിർത്തി നമ്മുടെ ഗമനത്തെ സ്ഥിരമാക്കി. അവൻ നമ്മുടെ വായിൽ പുതിയൊരു പാട്ടു തന്നു. നമ്മുടെ ദൈവത്തിനു സ്തുതി തന്നെ.

അതിക്രമങ്ങളിലും പാപങ്ങളിലും മരിച്ചവരായിരുന്ന നമ്മെയും അവൻ ഉയിർപ്പിച്ചു. ക്രിസ്തുയേശുവിൽ അവനോടുകൂടെ സ്വർഗ്ഗസ്ഥലങ്ങളിൽ ഇരുത്തിയിരിക്കയാണ്. എളിയവരായ നമ്മെയും അവൻ പൊടിയിൽ നിന്ന് എഴുന്നേല്പിക്കയും കുപ്പയിൽ നിന്ന് ഉയർത്തുകയും ചെയ്തു. തന്റെ ജനത്തിന്റെ പ്രഭുക്കന്മാരോടുകൂടെ നമ്മെയും ഇരുത്തുവാൻ കരുണാസമ്പന്നനായ ദൈവം പ്രസാദിച്ചു (സങ്കീ. 113:7,8). കൃപയാൽ ഇന്നു നമുക്കു ലഭിച്ചിരിക്കുന്ന ഈ ഭാഗ്യാവസ്ഥയ്ക്കായി നാം എപ്പോഴും നമ്മുടെ വീണ്ടെടുപ്പുകാരനോട് നന്ദിയുള്ളവരായി ഇരിക്കേണ്ടതാണ്.

നമ്മുടെ വാഴ്ത്തപ്പെട്ട കർത്താവ് മനസ്താപവും മനോവിനയവും ഉള്ളവരോടുകൂടെ വസിക്കുന്നവനാണ്. യഹോവ ഉന്നതനെങ്കിലും താഴ്മയുള്ളവനെ കടാക്ഷിക്കുന്നവനാണ് (സങ്കീ. 138:6). താഴ്മയുള്ളവർക്ക് കൃപ നൽകുന്നവനാണ് നമ്മുടെ ദൈവം. അവൻ നമ്മെ തന്റെ ദിവ്യസ്വഭാവത്തിനു കൂട്ടാളികളാക്കി തീർത്തിരിക്കയാണ്.

നമ്മുടെ നടപ്പ് താഴ്മയോടെ ആയിരിക്കട്ടെ. നമുക്ക് സ്വയമായി അത് സാധിക്കുകയില്ല. അതുകൊണ്ടാണ് കർത്താവ് പറഞ്ഞത് “കൊമ്പിനു മുന്തിരി വള്ളിയിൽ വസിച്ചിട്ടല്ലാതെ സ്വയമായി കായ്പാൻ കഴികയില്ല” എന്ന്. നമ്മുടെ പ്രാണനാഥനെ പിരിഞ്ഞ് നമുക്ക് ഒന്നും ചെയ്വാൻ കഴികയില്ല. നമ്മുടെ വീണ്ടെടുപ്പുകാരനെ കൂടാതെ നമ്മൾ ഇല്ല. എന്നാൽ നമ്മുടെ രക്ഷിതാവിന്റെ കൃപ നമുക്ക് മതി. അവന്റെ ശക്തി നമ്മുടെ ബലഹീനതയിൽ തികഞ്ഞു വരുന്നു. നമ്മെ ശക്തനാക്കുന്നവൻ മുഖാന്തരം നാം താഴ്മയോടെ നടപ്പാൻ പ്രാപ്തർ ആകുന്നു. സ്തോത്രം.

നാം താഴ്മയോടെ നടന്നാൽ തീർച്ചയായും പ്രതിഫലം ഉണ്ട്. താഴ്മയ്ക്കും യഹോവാഭക്തിക്കും ഉള്ള പ്രതിഫലം. ധനവും മാനവും ജീവനും ആകുന്നു (സദൃ. 22:4).

നാം ഓരോരുത്തരും മറ്റുള്ളവരെ നമ്മെക്കാൾ ശ്രേഷ്ഠർ എന്നു താഴ്മയോടെ എണ്ണുവാൻ പറഞ്ഞിരിക്കുന്നു (ഫിലി. 2:3). അതിനാവശ്യമായ കൃപമേൽ കൃപ പ്രാപിക്കുവാൻ നമുക്ക് ധൈര്യത്തോടെ കൃപാസനത്തിന് അടുത്തേയ്ക്ക് ചെല്ലാം. നാം എല്ലാവരും അന്യോന്യം കീഴടങ്ങി താഴ്മ ധരിച്ചുകൊള്ളുവാനും പറഞ്ഞിരിക്കുന്നു (1 പത്രൊസ് 5:6). അതുകൊണ്ട് അവൻ തക്കസമയത്ത് നമ്മെ ഉയർത്തുവാൻ അവന്റെ ബലമുള്ള കൈക്കീഴു നമുക്കും താണിരിക്കാം. നമ്മെ വിളിച്ച ദൈവം വിശ്വസ്തൻ. അവൻ നമ്മെ അവസാനത്തോളം ഉറപ്പിച്ചു ദുഷ്ടന്റെ കയ്യിൽ അകപ്പെടാതവണ്ണം കാത്തുകൊള്ളും. താഴ്മയോടെ നമുക്ക് അവന്റെ സന്നിധിയിൽ നടക്കാം. ദയാതല്പരരായിരിക്കാം. ന്യായം പ്രവർത്തിക്കാം. അതിനായി സർവ്വകൃപാലുവായ ദൈവം വായനക്കാരായ എല്ലാ സഹോദരിമാരെയും ശക്തീകരിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു. നമ്മുടെ രക്ഷകൻ ഇതാ വേഗം വരുന്നു. അവന്റെ വരവിനായി ഒരുങ്ങാം. അവന്റെ പരിശുദ്ധവും ഭയങ്കരവുമായ നാമം വാഴ്ത്തപ്പെടുമാറാകട്ടെ. ആമേൻ. ●

# കൃപ എന്ന വിശിഷ്ട വിഷയം

കെ.വി. ജോൺ, തിരുവല്ല

2009 ജൂൺ 7 ലെ മലയാള മനോരമ പത്രത്തിൽ 'ഇന്നത്തെ ചിന്താവിഷയത്തിൽ മനസ്സു തകരുമ്പോൾ ദൈവം എവിടെ എന്ന ശീർഷകത്തിൽ ഒരു സംഭവകഥ വിവരിച്ചിട്ടുണ്ട്.

ഇറാഖിലും അഫ്ഗാനിസ്ഥാനിലും സൈനിക സേവനം നടത്തി മടങ്ങിയവർ അമേരിക്കയിൽ ഏതാണ്ട് 3 ലക്ഷത്തിൽ അധികമുണ്ട്. അംഗവൈകല്യം സംഭവിച്ചവരും വൈകാരികമായ ആഘാതം മൂലം മാനസികമായി പലതരം അസ്വാസ്ഥ്യങ്ങൾ ബാധിച്ചവരുമാണ് അവരിൽ അധികം പേരും. യൗവ്വനത്തിൽ എത്തിനിൽക്കുമ്പോളാണ് ദുരന്തങ്ങൾ പിടികൂടിയത്. ശാരീരിക വൈകല്യങ്ങളേക്കാൾ വൈകാരികാഘാതങ്ങളാണ് കൂടുതൽ. പലവിധ വൈഷമ്യങ്ങൾ. ചിലർ പേടിസ്വപ്നങ്ങൾ കാണുന്നു. മറ്റു ചിലർക്ക് ഉറക്കമില്ല. വേറെ ചിലർ സർവ്വഥാ വിഷാദത്തിന് അടിമകൾ. പരസ്പര ബന്ധങ്ങൾപോലും പുലർത്താൻ കഴിയാതെ മാനസികമായി ഒറ്റത്തുരുത്തിൽ കഴിയുന്നവർ. ഭീതിയുടെ നിഴലിൽ നട്ടംതിരിയുന്നവർ. ഇങ്ങനെപോകുന്നു അങ്ങനെയുള്ളവരുടെ അവസ്ഥകൾ. പ്രസ്തുത ദുഃസ്ഥിതിക്ക് നൽകിയിട്ടുള്ള പേരാണ് പോസ്റ്റ് ട്രൗമാറ്റിക് ഡിസ്ഓർഡർ (Post Traumatic Disorder). വിയറ്റ്നാം യുദ്ധം കഴിഞ്ഞപ്പോൾ മുതൽ ഇത് ഗുരുതരമായ ഒരു മാനസീകാവസ്ഥയായിത്തീർന്നു.

ഏതു തരത്തിലുള്ള വൈകാരികാഘാതവും ആന്തരീക പിരിമുറുക്കത്തിലും സംഘർഷത്തിലും ഏവരേയും എത്തിക്കുന്നു. യുദ്ധം മാത്രമല്ല, മറ്റു സാഹചര്യങ്ങളും ഈ ദുസ്ഥിതി സംജാതമാക്കാം.

ഇറാക്കിൽ മിലിട്ടറി ചാപ്ലെയിൻ (Military Chaplain) ആയി സേവനം അനുഷ്ഠിച്ച റോജറിന്റെ അനുഭവം അദ്ദേഹം തന്നെ അനുസ്മരിക്കുന്നു. സെമിനാരിയിൽ നിന്നും വേദശാസ്ത്ര പഠനവും മറ്റു പരിശീലനങ്ങളും നേടിയാണ് അദ്ദേഹം ഇറാഖിൽ എത്തിയത്. കൺമുൻപിൽ ബോംബു പൊട്ടി മനുഷ്യശരീരങ്ങൾ ചിതറി വീഴുന്നതും പിടഞ്ഞുമരിക്കുന്നതും എല്ലാം അനുദിന ദൃശ്യങ്ങളായിരുന്നു. പിടിച്ചു നിൽക്കാൻ കഴിയാത്ത ഭീവത്സകാഴ്ചകൾ. റോജറിന്റെ ഹൃദയത്തിന് മരവിപ്പും കടുത്ത അസ്വാസ്ഥ്യവും നേരിട്ടു. ചാപ്ലെയിൻ എന്ന നിലയിൽ പലരുടെയും പ്രത്യേകിച്ച് പട്ടാളക്കാരുടെയും അന്ത്യനിമിഷങ്ങളിൽ പ്രാർത്ഥന നടത്തുവാൻ അദ്ദേഹത്തിന് എത്തേണ്ടിയിരുന്നു. ക്രമേണ സ്വന്തം സമനില തെറ്റിപ്പോകുന്നുവോ എന്നുള്ള തോന്നൽ അദ്ദേഹത്തെ അലട്ടി. വിശ്വാസത്തിന് ഇളക്കം തട്ടിയതുപോലെ തോന്നി. ദൈവത്തിന്റെ ആർദ്രതയും സ്നേഹവും ഒന്നുംതന്നെ ഇവിടെ പ്രസക്തമായി കണ്ടില്ല. സർവ്വശക്തനും സർവ്വവ്യാപിയും സർവ്വകൃപാലുവുമായ ദൈവം നയിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന ലോകമാണ് ഇതെന്ന് തനിക്ക് ചിന്തിക്കുവാൻ കഴിയുന്നില്ല. ക്രൂരവും ദയനീയവുമായ രംഗങ്ങൾ കൺമുൻപിൽ പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുന്നു. മനുഷ്യന്റെ മഹത്വമൊക്കെ വേദശാസ്ത്രപുസ്തകങ്ങളിൽ മാത്രം ഒതുങ്ങിയിരിക്കുന്നതായി തോന്നി. ഇവിടെ കാണുന്നതോ മുറിഞ്ഞു മാറി വീഴുന്ന ശരീരങ്ങൾ! ചത്തൊടുങ്ങുവാൻ വിധിക്കപ്പെട്ടവർ! ദൈവം പ്രവർത്തിക്കുന്നത് ഇത്തരം ദുരന്തങ്ങൾ വരുത്താനാണോ? തന്റെ റെജിമെന്റിലുള്ളവർ കുഴിബോംബുപൊട്ടി ചത്തൊടുങ്ങുമ്പോൾ ദൈവം എവിടെ? റോജർ തന്നോടുതന്നെ ചോദിച്ചു. റോജറിന്റെ ചിന്ത പതറിക്കൊണ്ടിരുന്നു.

റോജർ ആകെപ്പാടെ മാനസികമായി തളർന്ന് തന്നാൽ ഒന്നും മേലാൽ ആവതില്ല എന്ന അവസ്ഥയിലുമായി. മനഃശാസ്ത്ര വിഭാഗത്തിലും മറ്റും അദ്ദേഹത്തെ ചികിത്സയ്ക്കു വിധേയനാക്കി. ജനക്കൂട്ടത്തെ കാണുന്നത് അദ്ദേഹത്തിനു ദുസ്സഹമായി. പള്ളിയിൽ പോകുന്നതുതന്നെ പാഴ്വേലയായിത്തീരുന്നു എന്ന ചിന്ത പ്രബലമായി. 7 വയസുള്ള തന്റെ മകൻ പ്രമേഹരോഗിയായിത്തീർന്നെന്നും ദിനവും 'ഇൻസുലിൻ' എടുക്കേണ്ടി വരുന്നുവെന്നുമുള്ള കാര്യം അദ്ദേഹത്തെ കൂടുതൽ അസ്വസ്ഥനാക്കി. ഒടുവിൽ സ്വഭവനത്തിൽ തിരിച്ചെത്തി. ഭാര്യയോടും രോഗിയായ മകനോടും ഒപ്പം സമയം ചെലവിടാൻ കഴിയുന്നില്ല. അസ്വസ്ഥത അത്രമാത്രം വർദ്ധിച്ചു. ഇത്തരുണത്തിൽ ദൈവം തന്നെയും കുടുംബത്തെയും കരുതുന്നുവെന്ന് എങ്ങനെ ചിന്തിപ്പാൻ കഴിയും. സെമിനാരിയിൽ പഠിച്ചതെന്ത്? അതിനിപ്പോൾ എന്ത് പ്രസക്തി? അതുകൊണ്ട് എന്ത് പ്രയോജനം? ഇത്യാദി ചോദ്യങ്ങൾ ആവർത്തിച്ചാവർത്തിച്ച് ഉരുവിട്ടുകൊണ്ടേയിരുന്നു. യുദ്ധത്തിന്റെ ഭീകരതയും അതിന്റെ ക്രൂരമായ സംഭവങ്ങളും മകന്റെ രോഗവുമൊക്കെ കൺമുൻപിൽ നിൽക്കുമ്പോൾ പഠിച്ച വേദശാസ്ത്ര പഠനങ്ങളൊക്കെ അപ്രസക്തമായി.

കടുത്ത നിരാശയുടെ നിസ്സഹായതയുടെ നീർചുഴിയിൽ ചുറ്റും തിരിഞ്ഞ് അടച്ചിട്ട തന്റെ മുറിയിൽ ഏകനായി ഏറെനേരം ഇരുന്നു. അപ്പോൾ കണ്ണുകൾ നിറഞ്ഞു. ചുണ്ടുകൾ ചലിച്ചു. ഹൃദയ

ത്തിന്റെ അന്തർഭാഗത്തുനിന്ന് ഒരു തേങ്ങൽ ഉയർന്നു. എന്താണ് ഉച്ചരിക്കുന്നതെന്ന് ആദ്യം ബോധ്യമായില്ല. പക്ഷേ അതു തുടർന്നുകൊണ്ടേയിരുന്നു. ഉച്ചരിച്ച വാക്കുകളോ "എന്റെ ദൈവമേ! എനിക്ക് അങ്ങയെ ആവശ്യമുണ്ട്" അത്രമാത്രം. എന്നാൽ ആ വാക്കുകൾ ആവർത്തിച്ചുകൊണ്ടേയിരുന്നു. ഉൽക്കടമായ വികാരത്തിൽ നിന്നുയർന്ന ലഘുവായ ആ പ്രാർത്ഥന തുടർന്നപ്പോൾ കുളിർകാറ്റുവീശുമ്പോഴുണ്ടാകുന്ന കുളിർമ ഹൃദയത്തിനുണ്ടായി. ഏങ്ങലടി നിലച്ചു. മുഖം തുടച്ച് ചുറ്റും നോക്കി. മുറി പഴയതു തന്നെ. അവിടെ പുതിയതായി ആരുംതന്നെ കടന്നുവന്നിട്ടില്ല. യാതൊരു മാറ്റവും അവിടെ സംഭവിച്ചിട്ടുമില്ല. പക്ഷേ മാറ്റം സംഭവിച്ചു. അത് തന്റെ ഹൃദയത്തിൽ! ഉള്ളിന്റെ ഉള്ളിൽതന്നെ. തന്റെ അന്തരംഗത്തെ അടിച്ച് ഉലച്ച കൊടുങ്കാറ്റ് അമർന്നതുപോലെ അനുഭവപ്പെട്ടു. റോജർ ഒരു പുതുമനുഷ്യനായി പുറത്തിറങ്ങി.

ക്രമേണ റോജർക്ക് മാറ്റം സംഭവിച്ചുകൊണ്ടേയിരുന്നു. സമചിത്തതയോടെ ചിന്തിക്കാമെന്ന മട്ടിലായി. അദ്ദേഹം എഴുതുന്നു. "അപ്പോഴാണ് 'കൃപ' എന്ന വിശിഷ്ട വിഷയം എന്റെ ചിന്തയിലേക്ക് വന്നത്. അദൃശ്യമായി അനുഭവപ്പെടുന്ന ദൈവത്തിന്റെ പ്രവർത്തനമാണ് അത്. അത് മനുഷ്യവാക്കുകളിൽ നിർവ്വചിക്കാനാവാത്ത അനുഭവയാഥാർത്ഥ്യമാണ്. ദൈവകൃപ വ്യാപരിക്കുമ്പോൾ മനുഷ്യബുദ്ധിക്ക് അതീതമായ പലതും സംഭവിക്കുന്നു. കോപവും അമർഷവും അപ്രത്യക്ഷമാകുന്നു. നിരാശയ്ക്ക് അറുതിയുണ്ടാകുന്നു." റോജർ തുടരുന്നു "മറ്റൊരു സൈനികന്റെ അനുഭവം ഓർക്കുന്നു. ബോംബു വീണ് ഒരു കാൽ നഷ്ടപ്പെട്ട ആളാണ് അദ്ദേഹം. അരിശവും നിരാശയും അമർഷവുമായിരുന്നു ഉള്ളിൽ. ദൈവത്തിൽ നിന്നും അകന്ന് ജീവിച്ചവനായിരുന്നു. പക്ഷേ ഈ പ്രതിസന്ധിയിൽ ദൈവത്തെ നോക്കി വിളിച്ചു. പ്രത്യാശയുടെ കിരണങ്ങൾ മനസ്സിലുദിച്ചു. ആക്രമണങ്ങളിൽ മരിച്ചുപോകാമായിരുന്നു. ദൈവകൃപ രക്ഷിച്ചു. ഇന്ന് ഭാര്യയോടും കുട്ടികളോടുമൊത്തു ജീവിക്കുവാൻ സാധിക്കുന്നു. പ്രാർത്ഥനയും ദൈവവചന ധ്യാനവും ക്രിസ്തീയ കൂട്ടായ്മയും തന്റെ ജീവിതത്തെ അർത്ഥപൂർണ്ണമാക്കിയിരിക്കുന്നു. ഇതുപോലുള്ള സാക്ഷ്യം എന്റെ ഹൃദയത്തെ ഉത്തേജിപ്പിച്ചു."

ഇപ്പോൾ യുദ്ധഭൂമിയിൽ നിന്നും മടങ്ങിയെത്തിയിട്ട് 2 വർഷങ്ങൾ പിന്നിട്ടു. രോഗിയായ മകനോടും മറ്റു കുടുംബാംഗങ്ങളോടുമൊത്ത് റോജർ സമാധാനത്തിന്റെയും സന്തോഷത്തിന്റെയും അവസ്ഥയിൽ കഴിയുന്നു.

ജീവിതത്തിലുണ്ടാകുന്ന അനുഭവങ്ങളിലൂടെയാണ് ഒരുവൻ ദൈവകൃപയുടെ വ്യാപാരം അറിയുന്നത്. താൻ നേടിയതൊക്കയും മാത്രമല്ല തന്നെത്തന്നെയും ദൈവത്തിനായും സമർപ്പിച്ച പൗലൊസ് അപ്പൊസ്തലൻ എഴുതി. "വെളിപ്പാടുകളുടെ ആധിക്യത്താൽ ഞാൻ അതിയായി നിഗളിച്ചു പോകാതിരിപ്പാൻ എനിക്ക് ജഡത്തിൽ ഒരു ശൂലം തന്നിരിക്കുന്നു. ഞാൻ നിഗളിച്ചു പോകാതിരിക്കേണ്ടതിന് എന്നെക്കുത്തുവാൻ സാത്താന്റെ ദൂതനെത്തന്നേ. അത് എന്നെ വിട്ട് നീങ്ങേണ്ടതിന് ഞാൻ 3 വട്ടം കർത്താവിനോട് അപേക്ഷിച്ചു. അവൻ എന്നോട് "എന്റെ കൃപ നിനക്കു മതി" എന്റെ ശക്തി ബലഹീനതയിൽ തികഞ്ഞു വരുന്നു എന്നു പറഞ്ഞു. ആകയാൽ ക്രിസ്തുവിന്റെ ശക്തി എന്റെമേൽ ആവസിക്കേണ്ടതിന് ഞാൻ അതിസന്തോഷത്തോടെ എന്റെ ബലഹീനതയിൽ പ്രശംസിക്കും" (2. കൊരി. 12:7–9). 'ദൈവകൃപ എന്ന വിശിഷ്ട വിഷയത്തിൽ നിരവധി പ്രായോഗിക വശങ്ങൾ അടങ്ങിയിട്ടുണ്ട്. അവയിൽ ഒന്നാണ് ബലഹീനതയിൽ തികഞ്ഞു വരുന്ന സ്വർഗ്ഗീയ ശക്തി. അതാണ് റോജറുടെ അനുഭവത്തിലൂടെ നാം അറിഞ്ഞത്. ദൈവം അനുവദിച്ചാൽ മറ്റു ചിലത് തുടർന്നുള്ള ലേഖനങ്ങളിലൂടെ മനസ്സിലാക്കാം (തുടരും)

---

## മഹത്വത്തിൽ

**വേങ്ങൂർ** : വേങ്ങൂർ ബ്രദറൺ അസംബ്ലിയിലെ ആദ്യകാലവിശ്വാസികളിൽ ഒരാളായ തോട്ടത്തിൽ പുത്തൻവീട്ടിൽ എം. കോശി (85) 22–7–09 ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ഭൗതിക ശരീരം 23–7–09 ന് വേങ്ങൂർ ബ്രദറൺ സഭയുടെ ചുമതലയിൽ സഭാസെമിത്തേരിയിൽ സംസ്കരിച്ചു. ഭാര്യ തൃക്കണ്ണമംഗൽ ഇടയില വീട്ടിൽ കുടുംബാംഗം പരേതയായ തങ്കമ്മ. എം.സി. ചെറിയാൻ, സാംസഖറിയ, ശമുവേൽ, ബിജു, പ്രൊഫ. മാത്യൂസ് ഏബ്രഹാം എന്നിവർ വിവിധ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. സുവി. എം.സി. ചെറിയാൻ.

**കളമശേരി** : എഫ്.എ.സി.റ്റി. കൊച്ചിൻ ഡിവിഷൻ ഉദ്യോഗസ്ഥനും കളമശ്ശേരി ബ്രദറൺ സഭാംഗവുമായിരുന്ന ഗ്രേസ് വില്ലയിൽ പി.ആർ. ശമുവേൽ (68)18–8–09 ന് താൻ പ്രിയം വെച്ചിരുന്ന കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. സംസ്കാര ശുശ്രൂഷ 21–8–09 ന് വസതിയിൽ ആരംഭിച്ച് അനുസ്മരണ ആശ്വാസ സന്ദേശങ്ങൾക്കുശേഷം അനേക ബന്ധുമിത്രാദികളുടെയും വിശ്വാസികളുടെയും സാന്നിദ്ധ്യത്തിൽ ഉയിർപ്പിൻ പൊൻപുലരിയിൽ വീണ്ടും കാണാമെന്നുള്ള പ്രത്യാശയിൽ ഏലൂർ കളമശ്ശേരി ബ്രദറൺ സഭാ വക സെമിത്തേരിയിൽ സംസ്ക്കരിച്ചു. ഭാര്യ ഗ്രേസിക്കുട്ടി, ഐപ്പുണ്ണിൽ ഉഴത്തിൽ കുടുംബാംഗമാണ്. ദുഃഖത്തിലിരിക്കുന്ന ഭാര്യയെയും മക്കളെയും കുടുംബാംഗങ്ങളെയും പ്രാർത്ഥനയിൽ ഓർക്കുക (C.A.G.)

# തിമൊഥെയൊസിനു എഴുതിയ ഒന്നാം ലേഖനം: ഒരു പഠനം – 21

ജേക്കബ് തോമസ്, മാവേലിക്കര

## XXI. ദൈവത്തിന്റെ മനുഷ്യന്റെ പ്രത്യേകതകൾ

(1 തിമൊ. 6:11–16)

*"നീയോ ദൈവത്തിന്റെ മനുഷ്യനായുള്ളോവേ, അത് വിട്ടോടി നീതി, ഭക്തി, വിശ്വാസം, സ്നേഹം, ക്ഷമ, സൗമ്യത എന്നിവയെ പിൻതുടരുക. വിശ്വാസത്തിന്റെ നല്ല പോർ പൊരുതുക; നിത്യജീവനെ പിടിച്ചുകൊൾക; അതിനായി നീ വിളിക്കപ്പെട്ടു അനേകം സാക്ഷികളുടെ മുമ്പാകെ നല്ല സ്വീകാരം കഴിച്ചുവല്ലോ. നീ നിഷ്കളങ്കനും നിരപവാദ്യനുമായി ഈ കല്പന നമ്മുടെ കർത്താവായ യേശുവിന്റെ പ്രത്യക്ഷതവരെ പ്രമാണിച്ചുകൊള്ളണം എന്നിങ്ങനെ സകലത്തേയും ജീവിപ്പിക്കുന്ന ദൈവത്തേയും പൊന്തിയൊസ് പീലാത്തൊസിന്റെ മുമ്പിൽ നല്ല സ്വീകാരം കഴിച്ച ക്രിസ്തുവേശുവിനേയും സാക്ഷിവെച്ചു ഞാൻ നിന്നോടു ആജ്ഞാപിക്കുന്നു. ധന്യനായ ഏകാധിപതിയും രാജാധി രാജാവും കർത്താധി കർത്താവും താൻ മാത്രം അമർത്യതയുള്ളവനും അടുത്തുകൂടാത്ത വെളിച്ചത്തിൽ വസിക്കുന്നവനും മനുഷ്യരാരും കാണാത്തവനും കാണ്മാൻ കഴിയാത്തവനുമായവൻ തക്കസമയത്തു ആ പ്രത്യക്ഷത വരുത്തും. അവന് ബഹുമാനവും നിത്യബലവും ഉണ്ടാകട്ടെ. ആമേൻ"* (1 തിമൊ. 6:11–16).

എക്കാലത്തുമുള്ള ക്രിസ്തീയ യുവാക്കൾക്കു വേണ്ടിയെഴുതിയതാണോ എന്ന് തോന്നിക്കും വിധമാണ് ഇടയ ലേഖനങ്ങളിലെ പലഭാഗങ്ങളും. മനുഷ്യജീവിതത്തിന്റെ ഏത് അവസ്ഥയിലും മാർഗ്ഗദീപമാകുന്നത് ദൈവവചനമാണ്. ലോകത്തിന്റെ പിന്നാലെ പോയി ജീവിതം വ്യർത്ഥമാക്കാൻ നമ്മെക്കുറിച്ച് ദൈവമൊരിക്കലും ആഗ്രഹിക്കുന്നില്ല. ക്രിസ്തീയ മൂല്യങ്ങൾക്ക് വിലകല്പിക്കാതെ ജീവിതം തകർന്നവർ അനേകർ ഉണ്ട്; ആകയാൽ ലോകത്തിന്റെ മരീചികകൾക്ക് പിന്നാലെ പോകുന്നവർ ശ്രദ്ധിക്കുക. മനുഷ്യൻ ആഗ്രഹിക്കുന്ന സംതൃപ്തി ഭൗമീക വിഷയങ്ങളിലൂടെ അനുഭവിക്കാൻ കഴിയില്ല. എന്നാൽ പൗലൊസ് പറയുന്നത്, തിമൊഥെയൊസ് അപ്രകാരം ലോകത്തിന്റെ പിന്നാലെ പോയി ജീവിതം പാഴാക്കുന്നവനല്ല, അവൻ ദൈവത്തിന്റെ മനുഷ്യനാണ്. അവൻ ലോകത്തിൽ ജീവിക്കുന്നവനെങ്കിലും ദൈവത്തിന്റെ പ്രതിനിധിയാണ്. ദൈവത്തിന്റെ മനുഷ്യനെന്ന ഈ പ്രയോഗം പഴയ നിയമത്തിൻ പ്രവാചകന്മാരെക്കുറിച്ച് പറയുവാൻ ഉപയോഗിച്ചിട്ടുള്ളതാണ്. പൗലൊസ് തിമൊഥെയൊസിനെ അപ്രകാരം അഭിസംബോധന ചെയ്യുന്നത് തനിക്ക് പൗലൊസ് നല്കിയ ഉന്നതമായ പദവിയെ വ്യക്തമാക്കുന്നു. തിമൊഥെയൊസ് താല്കാലികമായ, മായയായ, നശിച്ചുപോകുന്ന ലോകത്തിന് വേണ്ടി ജീവിക്കുന്നവനല്ല, അവൻ ദൈവത്തിന്റെ മനുഷ്യനാണ്.

### 1. ദൈവത്തിന്റെ മനുഷ്യന്റെ ദൗത്യം (6:11–12)

ദൈവത്തിന്റെ മനുഷ്യന്റെ പ്രത്യേകത അവൻ ദ്രവ്യാഗ്രഹത്തിൽ ജീവിക്കുന്നവനല്ല എന്നുള്ളതാണ്. അവന്റെ സകല ആവശ്യങ്ങളും ദൈവം നിറവേറ്റും. എന്നാൽ അവൻ ആദ്യം ചെയ്യേണ്ടത് ചില കാര്യങ്ങൾ വിട്ടോടണം എന്നുള്ളതാണ്. അവൻ അവവിട്ട് ഓടിക്കൊണ്ടിരിക്കണം. ചില കാര്യങ്ങൾ ഉപേക്ഷിക്കുന്നതുകൊണ്ടു മാത്രം ക്രിസ്തീയ ജീവിതം ശരിയാകുകയില്ല; ചില നല്ല ഗുണങ്ങൾ കൈമുതലാക്കുകയും വേണം. അവൻ സ്വായത്തമാക്കേണ്ട കാര്യങ്ങൾ തുടർന്ന് പറയുന്നു. നീതി, ഭക്തി, വിശ്വാസം, സ്നേഹം, ക്ഷമ, സൗമ്യത എന്നിവ പിൻതുടരുക. ഉപേക്ഷിക്കേണ്ട കാര്യങ്ങളെക്കുറിച്ച് മാത്രം പറഞ്ഞിട്ട്, ആത്മാർത്ഥതയോടും ശക്തിയോടും ചെയ്യേണ്ടുന്ന കാര്യങ്ങളെ വളരെ വിവരിച്ച് പ്രസ്താവിക്കുന്നു. നീതിയും, ഭക്തിയും ദൈവോന്മുഖങ്ങളായ ഗുണവിശേഷങ്ങളാണ്. ദൈവസന്നിധിയിലാണ് നാം നീതിയോടും ഭക്തിയോടും ജീവിക്കേണ്ടുന്നത്. അവയുണ്ടെന്ന് മനുഷ്യന് മുമ്പാകെ കാണിക്കാൻ കഴിഞ്ഞെന്ന് വരാം; പക്ഷേ ദൈവമുമ്പാകെ നാം നീതിയോടും ഭക്തിയോടും കൂടെയാണോ ജീവിക്കുന്നത്? നീതിയെന്നത് ദൈവത്തിന്റെ ഗുണവിശേഷമാണ്; ദൈവവുമായി ആത്മീക ഐക്യത്തിലാകുന്ന വ്യക്തിയിൽ ദൃശ്യമാകുന്ന ഗുണവിശേഷം.

ഭക്തി ദൈവത്തോടുള്ള ആദരവിനെ പ്രകടമാക്കുന്നു. വിശ്വാസം, സ്നേഹം ഇവ രണ്ടും വിജയകരമായ ക്രിസ്തീയ ജീവിതത്തിന്റെ ജീവസ്രോതസുകളാണ്. ആദ്യത്തത്, ദൈവത്തിന്റെ കരുണയെ സ്വന്തമാക്കുന്ന കരങ്ങളാണ്, അടുത്തത്, മറ്റുള്ളവരിലേക്ക് ഒഴുകിയെത്തുന്ന സ്വർഗ്ഗീയ അരുവിയാണ്. ക്ഷമ, സൗമ്യത ഇവ രണ്ടും ലോകത്തോടുള്ള ബന്ധത്തിൽ നമുക്കുണ്ടായിരിക്കേണ്ട ഗുണങ്ങളാണ്, എതിർപ്പിന്റെയും കഷ്ടതയുടെയും മധ്യത്തിലാണ് ഒരു വിശ്വാസി തന്റെ ക്ഷമ തെളിയിക്കേണ്ടത്. ക്ഷമ എന്നത് ജീവിതത്തിലെ കഷ്ടതകളെയും, പീഢനങ്ങളെയും സഹിഷ്ണതയൊടെ നേരിടുന്നതിനുള്ള കഴിവാണ്. സൗമ്യത എന്നത് അവകാശവാദങ്ങളൊ, ആക്രമണ സ്വഭാവമൊ കൂടതെയുള്ള ക്രിസ്തീയ സ്വഭാവമാണ്. എന്നാൽ ചില കാര്യങ്ങൾക്കു വേണ്ടി തിമൊഥെയൊസ് പോരാടണം; അത് വിശ്വാസത്തിന് വേണ്ടിയാണ്. എല്ലാവരും ഈ പോരാട്ടത്തിൽ നല്ല പ്രകടനം കാഴ്ചവെച്ചെന്ന് വരികയില്ല, എന്നാൽ തിമൊഥെയൊസ് ഈ ആത്മികലോകത്തിലുള്ള വിശ്വാസത്തിൻ പോരാട്ടത്തിൽ വിജയിക്കണം. ഈ പോരാട്ടത്തിൽ താൻ

# പരിഹാസവും പരിഹാരവും

ഡാനി എസക്കിയേൽ, തിരുവനന്തപുരം

നാമെല്ലാവരും ലാഘവബുദ്ധിയോടുകൂടി അനേക പ്രാവശ്യം സ്വയന്യായീകരണത്തിന്റെ അകമ്പടിയോടെ ചെയ്ത്കൂട്ടിയ ഒരു മഹാപാതകമാണ് പരിഹാസം. പക്ഷേ വിശ്വാസികൾ പോലും പരിഹാസം വളരെ ചെറിയ ഒരു പാപമാണെന്നും അല്ല, അത് പാപമേ അല്ലെന്നും മനുഷ്യനായാൽ പരിഹാസഹാസ്യാദികൾ അല്പസ്വല്പമെങ്കിലും കൂടിയേ തീരൂ എന്ന് വിശ്വസിക്കുന്നത് അപകടകരമാണ്. പരിഹാസത്തിന്റെ ദൂരവ്യാപക ദൂഷ്യവശങ്ങളെ അറിയാത്തതിനാൽ പല വിശ്വാസകളും പരിഹാസത്തെയും പരപരിഹാസം നടത്തുന്ന പലരെയും പ്രോത്സാഹിപ്പിക്കാറുണ്ട്. മറ്റുള്ളവരെ മുറിവേൽപ്പിച്ചുകൊണ്ട് പ്രസംഗിക്കുവാനും എഴുതുവാനും സംസാരിക്കുവാനും പരിഹാസത്തെ ആയുധമായി എടുക്കുന്നവർ അവരുടെ തന്നെ ആത്മീയ പാപ്പരത്വത്തിലേക്കുതന്നെ വിരൽ ചൂണ്ടുന്നു. സത്യം പറയാനോ ഗുണദോഷിക്കാനോ മററനേകം മാർഗ്ഗങ്ങൾ ഉള്ളപ്പോൾ പരിഹാസത്തെ ഉപയോഗിച്ചാൽ സ്വന്തം മക്കളെപ്പോലും കോപിപ്പിക്കാനല്ലാതെ നേടുവാൻ ഇത് ഉപകരിക്കില്ല. പരിഹാസത്തെ ലഘൂകരിച്ച് പ്രോത്സാഹിപ്പിക്കാതെ തിരിച്ചറിഞ്ഞ് തിരസ്കരിക്കേണ്ടതിനുള്ള വചനത്തിലെ ന്യായങ്ങൾ.

**പരിഹാസം - നിഗൂഢവും ഗാഢവുമാണ്.**

പലരും പരിഹാസത്തെ പ്രോത്സാഹിപ്പിക്കുന്നതിന് കാരണം ഒരു ചെറിയ പാപം എന്ന നിഗമനത്തിലാണ്. എന്നാൽ പരിഹാസം ഒരു മഞ്ഞുമല പോലെ ആണ്. അതിന്റെ മൂന്നിൽ ഒരു ഭാഗമേ നമുക്ക് ദൃശ്യമാകയുള്ളൂ. എന്നാൽ ഭീമനായ ടൈറ്റാനിക്കിനെപ്പോലും പിളർക്കുവാൻ തക്ക ഗാഢമായ മൂന്നിൽ രണ്ടുഭാഗം അദൃശ്യമാണ്. അതുപോലെ പരിഹാസവും നിഗൂഢമാണെങ്കിലും ഗാഢവുമാണ്. ഉദാ:- മീഖൾ ദാവീദിനെ പരിഹസിച്ചത് വെറും ഹാസ്യമായിരുന്നില്ല. മറിച്ച് ദൈവഭക്തനായ ഭർത്താവിന്റെ തീഷ്ണത കണ്ണാൽ കണ്ടിട്ടും തിരിച്ചറിയാത്ത അഭക്തിയുടെ നിറകുട

---

പിടിച്ചുകൊള്ളേണ്ടത് നിത്യജീവനാണ്. അതിന്നായിട്ടാണ് താൻ വിളിക്കപ്പെട്ടത്. ഈ കാര്യങ്ങളിലൂടെയെല്ലാം പൗലൊസ് തിമൊഥെയൊസിന്റെ വലിയ ദൗത്യം ഓർമ്മപ്പെടുത്തുന്നു.

**2. ദൈവത്തിന്റെ മനുഷ്യന്റെ മാതൃക (6:13-14)**

എന്നുവരെയാണ് തിമൊഥെയൊസ് ഈ ദൗത്യം ചെയ്യേണ്ടത്? ക്രിസ്തുവിന്റെ വരവ് വരെ. പൗലൊസ് ക്രിസ്തുവിന്റെ വരവിനെ ആസന്ന ഭാവിയിൽ കണ്ടു; ക്രിസ്തുവിന്റെ വരവിനെ മുന്നിൽ കണ്ടുകൊണ്ട് ജീവിതം നയിക്കുക എന്നത് എല്ലാ കാലത്തുമുള്ള ദൈവജനത്തിനുമുള്ള മാതൃകയാണ്. സകലത്തെയും നിലനിർത്തുന്ന ദൈവത്തിന് വേണ്ടിയാണ് തിമൊഥെയൊസ് പ്രവർത്തിക്കുന്നതെന്ന് പൗലൊസ് തന്നെ ഇവിടെ ഓർപ്പിക്കുകയാണ്. സകലത്തെയും ജീവിപ്പിക്കുന്ന ദൈവത്തിനുവേണ്ടി മരിച്ചാൽ പോലും ജീവിതം നിരർത്ഥകമല്ല; അവൻ സകലത്തേയും ജീവിപ്പിക്കുന്നവനാണ്. മറ്റൊരു സാക്ഷി ക്രിസ്തുവാണ്. അവൻ പൊന്തിയൊസ് പിലാത്തൊസിന്റെ മുന്നിൽ നല്ല സ്വീകാര്യം കഴിച്ചവനാണ്. ഈ ക്രിസ്തു കാണിച്ച നല്ല മാതൃക പിൽകാലത്ത് ക്രിസ്ത്യാനികളുടെ സത്യത്തിന് വേണ്ടിയുള്ള പ്രതിവാദത്തിന് ഊർജ്ജവും മാതൃകയുമായി ഭവിച്ചു. നാം കർത്താവിനെ സേവിക്കുമ്പോൾ ഈ രണ്ടു കാര്യങ്ങളും നമുക്ക് വലീയ പ്രചോദനവും ആശ്വാസപ്രദവുമാണ്. സകലത്തേയും ജീവിപ്പിക്കാൻ കഴിവുള്ള ഒരു ദൈവത്തെ സേവിക്കുക എത്ര ഭാഗ്യകരമായ കാര്യമാണ്. താൻ അനുഭവിച്ചതായ കഷ്ടതകളുടെ മധ്യത്തിലും ദൈവപുത്രനായ ക്രിസതു കാണിച്ച സംയമനവും ക്ഷമയും ഓരോ വിശ്വസിയേയും ജീവിതത്തിലെ പ്രശനങ്ങളെ സമചിത്തതയോടെ നേരിടുവാൻ സഹായിക്കുന്നു.

**3. ദൈവത്തിന്റെ മനുഷ്യന്റെ പ്രത്യാശ (6:15-16)**

ക്രിസ്തുവിന്റെ വരവ്വരെയും പാലിക്കേണ്ട കാര്യങ്ങളെക്കുറിച്ച പറയുമ്പോൾ തന്നെ പൗലൊസ് ദൈവത്തെ സ്തുതിക്കുന്നു (വാക്യം 16). എക്കാലത്തെയും ജനങ്ങളെ ഭരിക്കാൻ കഴിയുന്ന ഏകാധിപതി ദൈവം മാത്രമാണ്. എത്രയോ ചക്രവർത്തിമാരുണ്ടായിട്ടുണ്ട്; അവരാരും കാലത്തെ അതിജീവച്ചിട്ടില്ല; അവരുടെ മാഹാത്മ്യം ചരിത്രത്തിന്റെ ഏടുകളിലുറങ്ങുമ്പോൾ ദൈവത്തിന്റെ സർവ്വാധിപത്യം സകലത്തേയും ഭരിക്കുന്നു. *ധന്യനായ ഏകാധിപതിയും രാജാധി രാജാവും കർത്താധി കർത്താവും താൻ മാത്രം അമർത്യതയുള്ളവനും അടുത്തുകൂടാത്ത വെളിച്ചത്തിൽ വസിക്കുന്നവനും മനുഷ്യരാരും കാണാത്തവനും കാണ്മാൻ കഴിയാത്തവനുമായ* പിതാവായ ദൈവം (യോഹ. 1:18) *തക്കസമയത്തു* പുത്രനും ദൈവവുമായ യേശുക്രിസ്തുവിന്റെ *പ്രത്യക്ഷത വരുത്തും.* ക്രിസ്തുവിന്റെ പ്രത്യക്ഷതയെക്കുറിച്ചുള്ള പ്രത്യാശ ദൈവമക്കളുടെ ധൈര്യമാണ്; അത് വിശുദ്ധ ജീവിതത്തിനുള്ള പ്രചോദനമാണ്. ആ പ്രചോദനം ഉൾക്കൊണ്ടു ദൈവമക്കളായി ജീവിക്കുവാൻ എല്ലാ അനുവാചകരെയും കർത്താവ് സഹായിക്കട്ടെ. **(തുടരും)**

മായതുകൊണ്ടാണ് അവർ ആ സന്ദർഭത്തിൽ അങ്ങനെ ചെയ്തത്.

**പരിഹാസം അന്തർലീന പാപങ്ങളുടെ ബാഹ്യ ലക്ഷണം.**

അകമേയുള്ള ഘോരപാപങ്ങളുടെ ബാഹ്യനിദർശനമാണ് പരിഹാസം. ഉദാ:- (1) അഭക്തരും പരിഹാസവും : - ഹാമും യിശ്മായേലും മീഖളും ഏലീശയുടെ കാലത്തെ 42 ബാലകന്മാരും ഭക്തി കാട്ടേണ്ട ഭക്തി നിർഭര മുഹൂർത്തങ്ങളിൽ പരിഹാസികളായി മാറി. കാരണം അവരുടെ ജീവിതങ്ങളിൽ അഭക്തിയാണ് നടമാടിയിരുന്നത്.

2) അവിശ്വാസവും പരിഹാസവും :- സാറാ ദൈവത്തിൽ വിശ്വസിക്കാത്തതിനാൽ തന്റെ പുത്രോത്പാദന വാർത്തയിങ്കൽ ദൈവമുമ്പാകെ പരിഹാസിയായി.

3) അഹങ്കാരവും പരിഹാസവും :- ഹാഗാറിന് അബ്രഹാമിൽ യിശ്മായേൽ ജനിച്ച് കഴിഞ്ഞപ്പോൾ മച്ചിയായ തന്റെ യജമാനത്തിയോട് പുച്ഛവും അഹങ്കാരവും തോന്നി, നിന്ദിച്ചു.

കർത്താവ് മൊഴിഞ്ഞതുപോലെ അവരുടെ ഹൃദയത്തിലെ ഈ മഹാപാപങ്ങളാണ് പരിഹാസരൂപേണ അവരുടെ വായ് പ്രസ്താവിച്ചത്. പരിഹസിക്കുന്നവരുടെ ഹൃദയം വലിയ പാപങ്ങളാൽ മലീമസമായിരിക്കും.

കുറിപ്പ് : - പക്ഷേ ബാലിന്റെ പ്രവാചകന്മാരെ ഏലിയാവ് പരിഹസിച്ചതുപോലെ മറ്റുള്ളവരെ തങ്ങൾ ഹാസ്യമാക്കുകയാണ് എന്ന് ചിലർ പറഞ്ഞേക്കും. പക്ഷേ ബാലിന്റെ പ്രവാചകന്മാർ രാവിലെ മുതൽക്ക് വീരവാദങ്ങൾ മുഴക്കുകയും യാഗം കഴിക്കയും സ്വയം ദണ്ഡിപ്പിക്കയും ചെയ്ത് സ്വയം ഹാസ്യമാകയും മാത്രവുമല്ല അത് ദൈവവെളിപ്പെടലിൽ മത്സരമാകയാൽ ഏലിയാവ് അങ്ങനെ പറഞ്ഞുവെന്നേ ഉള്ളൂ. തന്റെ ദൈവത്തെ വിശ്വസിച്ചതിനാൽ ദൈവം വെളിപ്പെടും മുൻപുതന്നെ ഏലിയാവ് അവരെ പരിഹസിച്ചത് തന്റെ വിശ്വാസദൃഢതയെക്കൂടെ കാണിക്കുന്നു. മത്സരത്തിൽ ജയിച്ചശേഷം ഏലിയാവ് മറ്റെല്ലാവരേയുംപോലെ അട്ടഹസിച്ചതല്ല പിന്നെയോ മത്സര വിജയത്തിന് മുൻപ് തന്നെ വിജയം ഉറപ്പാക്കിയവന്റെ ജയഭേരിയായിരുന്നു ആ പരിഹാസം.

**പരിഹാസം അതീവ ശിക്ഷാർഹം**

മഹാപാപങ്ങളിൽ നിന്ന് ഉടലെടുക്കുന്നതിനാൽ പരിഹാസം വളരെയധികം ശിക്ഷാർഹമാണ്. പരിഹാസിയുടെ 2 പരിഹാസ വാക്കുകൾക്കല്ല ശിക്ഷ. അതിനെ പുറപ്പെടുവിച്ച അവന്റെ ഹൃദയത്തിലെ പാതകങ്ങളെ ഹൃദയങ്ങളെ തൂക്കിനോക്കുന്ന ദൈവം തൂക്കി നോക്കി ശിക്ഷിക്കും.

**മീഖൾ:** പെട്ടകത്തിന്റെ മുമ്പിൽ സന്തോഷ നൃത്തം ചെയ്ത സ്വന്തഭർത്താവ് ദാവീദിനെ മീഖൾ പരിഹസിച്ചു. അതിന് ആയുഷ്കാലം മുഴുവൻ അവൾ മക്കളില്ലാത്തവളായി. ഒരു പരിഹാസത്തിന് ഇത്ര വലിയ ശിക്ഷയോ? എന്ത് ന്യായം? ന്യായമുണ്ട്, കാരണം പെട്ടകം തന്റെ അടുക്കൽ എത്തിക്കാൻ ദാവീദ് ആശിച്ചുകൊണ്ട് വന്ന വഴിയിൽ ഉസ്സ മരിച്ചു. ദാവീദിന് അന്ന് യഹോവയെ മഹാഭയമായി, അതിനാൽ ഓബേദ് ഏദോമിന്റെ വീട്ടിൽ പെട്ടകം വച്ചപ്പോൾ ആ 3 മാസക്കാലത്തിൽ ആ ഭവനം അനുഗ്രഹിക്കപ്പെട്ടു ഇതിങ്കൽ ധൈര്യം വീണ്ടെടുത്ത് യാഗാർപ്പണഘോഷങ്ങളോടെ ദാവീദ് പെട്ടകം തന്റെ അരികിൽ കൊണ്ടുവന്ന ആ ദിവസത്തിൽ കിളിവാതിലിലൂടെ ഈ ഘോഷമെല്ലാം നോക്കിക്കണ്ട മീഖളിന് ഭക്തിയുടെ ഒരു കണികപോലും ഉണ്ടായില്ലെങ്കിൽ എത്ര കഠിനഹൃദയയും അഭക്തയും ആയിരുന്നു അവൾ. ഇത്രയുമായിട്ടും പരിഹാസവുമായി ദാവീദിനെ എതിരേറ്റ അവളുടെ ധാർഷ്ട്യം ഭയങ്കരം തന്നെ. അതിനാലാണ് മീഖളുടെ പരിഹാസം അവളെ മച്ചിയാക്കിയത്.

**ഹാം:-** ഭൂമിയിൽ സർവ്വനാശം വിതച്ച പ്രളയത്തിൽ ദൈവീക പരിപാലനവും ദയയും മനസ്സിലാക്കിയ ഹാം ഭയഭക്തി ഉളവാക്കേണ്ട സ്ഥാനത്ത് ഹാസ്യം ഉളവാക്കി അടിമത്വം സ്വീകരിച്ചു.

**42 ബാലന്മാർ:-** ഏലീശാ പ്രവാചകൻ, എത്രയോ ശ്രേഷ്ഠൻ; എന്നാൽ അദ്ദേഹത്തെ വഴിമുടക്കാനും വെറുതെ വീർപ്പുമുട്ടിക്കാനും അവർ ശ്രമിക്കയും ഉടനെ കൂലി ലഭിക്കയും ചെയ്തു.

പരിഹാസം അത്രയ്ക്ക് നിഗൂഢവും ഗാഢവും ഹൃദയപാപങ്ങളുടെ ലക്ഷണവും. അതിനാൽ വളരെ ശിക്ഷാർഹവും ആകയാൽ പരിഹാസത്തെയോ പരിഹാസികളേയോ നാം പ്രോത്സാഹിപ്പിക്കരുത്.

**പരിഹാരം**

പരിഹാസത്തിന്റെ രൂക്ഷത നാം മനസ്സിലാക്കി എങ്കിൽ അതിന്റെ പ്രതിവിധി അറിയാതെ പോകാൻ എങ്ങനെ മനസ്സ് വരും. ഇത് പരിഹരിക്കേണ്ട ഒരു പാതകം ആകയാൽ ദൈവം തന്റെ വചനത്തിലൂടെ പ്രതിവിധിയും പറഞ്ഞിരിക്കുന്നു.

**പരിഹാരം ആവശ്യമായ ഇടങ്ങൾ:-**

(a) സ്വന്തം ജീവിതത്തിൽ:-"ആകയാൽ നിങ്ങളുടെ ബന്ധനങ്ങൾ മുറുകിപ്പോകാതിരിക്കേണ്ടതിന് നിങ്ങൾ പരിഹാസികൾ ആകരുത്" (യെശ. 28:22). ഇനിയും ഒരാവർത്തികൂടെ പരിഹസിച്ചാൽ പോലും ബന്ധനം അത്ര കണ്ട് മുറുകും. പരിഹാസം മതിയാക്കി അതിന് കാരണമായ മഹാപാതകങ്ങൾ ഏറ്റുപറഞ്ഞ് കരുണപ്രാപിക്കാൻ ഒട്ടും

# ബൈബിൾ പ്രശ്നാവലി (വചനധ്യാനം) നം.106-ഉത്തരം

**വിഷയം** : **'ഭയപ്പെടേണ്ട' എന്തുകൊണ്ട്?**

**വായനഭാഗം** : ആവ. 31, സങ്കീ. 46, യെശ. 57, മത്താ. 24, 1 പത്രോ. 5., റോമ. 5, 2 കൊരി. 4.

1 (a). നിനക്ക് മുമ്പായി നടക്കയും നിന്നോടുകൂടെ ഇരിക്കയും ചെയ്യുന്നതാര്?

ഉത്തരം : ആവ. 31:8. യഹോവ തന്നെ നിനക്ക് മുമ്പായി നടക്കയും നിന്നോടുകൂടെ ഇരിക്കയും ചെയ്യുന്നു.

ഒ.വാ. (1) ആവ. 1:30,31 നിങ്ങളുടെ ദൈവമായ യഹോവ നിങ്ങളുടെ മുമ്പിൽ നടക്കുന്നു. ഒരു മനുഷ്യൻ തന്റെ മകനെ വഹിക്കുന്നതുപോലെ തന്നെ. (2) എബ്രാ. 13:5 "ഞാൻ നിന്നെ ഒരുനാളും കൈവിടുകയില്ല, ഉപേക്ഷിക്കയുമില്ല" (3) യോശുവ. 1:9 നിന്റെ ദൈവമായ യഹോവ നീ പോകുന്നേടത്ത് ഒക്കെയും നിന്നോടുകൂടെയുള്ളതുകൊണ്ട് ഉറപ്പും ധൈര്യവും ഉള്ളവനായിരിക്ക, ഭയപ്പെടരുത്, ഭ്രമിക്കരുത്. കൂടാതെ : യെശ. 41:10, ആവ. 1:29,30, ഉല്പ. 13:21, ആവ 31:6, മത്താ. 1:22

1 (b). നീ പേടിക്കരുത്, ഭ്രമിക്കരുത്, കാരണം എന്ത്?

ആവ. 31:6. പേടിക്കരുത്; ഭ്രമിക്കരുത്; നിന്റെ ദൈവമായ യഹോവ നിന്നോടുകൂടെ പോരുന്നു. അവൻ നിന്നെ കൈവിടുകയില്ല, ഉപേക്ഷിക്കയുമില്ല.

താമസിക്കണ്ട. "കൂട്ടുകാരനെ നിന്ദിക്കുന്നവൻ ബുദ്ധിഹീനൻ; വിവേകമുള്ളവനോ മിണ്ടാതെ ഇരിക്കുന്നു" (സദൃ. 11:12)

(b) കുടുംബത്തിൽ : അപ്പനമ്മമാർ ആരെയും പരിഹസിക്കരുത്. മക്കൾ അത് ഒപ്പിയെടുക്കും. ബൈബിളിൽ പരിഹാസി എന്ന അപരനാമത്തിൽ അറിയപ്പെട്ടവനാണ് യിശ്മായേൽ. അവന്റെ പരിഹാസം സഹിക്കവയ്യാതെയാണ് സാറാ അബ്രഹാമിനോട് അവരെ രണ്ടാളെയും പുറത്താക്കുവാൻ പറയുന്നത്. "ഹാഗാർ അബ്രഹാമിന് പ്രസവിച്ച മകൻ പരിഹാസി എന്നു കണ്ട് സാറാ അബ്രഹാമിനോട് ഈ ദാസിയെയും മകനെയും പുറത്താക്കികളക; ഈ ദാസിയുടെ മകൻ എന്റെ മകൻ യിസ്ഹാക്കിനോടു കൂടെ അവകാശിയാകരുത് എന്ന് പറഞ്ഞു" (ഉല്പത്തി 21:9,10).

ഇവന്റെ പരിഹാസ സ്വഭാവത്താൽ അവനും അമ്മയ്ക്കും നല്ല വീട്ടിൽ നിന്ന് മരുഭൂമിയിൽ പാർക്കേണ്ടി വന്നതുമാത്രമല്ല ലഭിക്കാമായിരുന്ന അവകാശവും നഷ്ടമായി. സർവ്വനാശം വിതച്ച ഈ സ്വഭാവം അവന് കിട്ടിയത് മറ്റൊരിടത്ത് നിന്നുമല്ല അവന്റെ പെറ്റമ്മയായ ഹാഗാറിൽ നിന്നുതന്നെ. കാരണം ഹാഗാർ ഒന്നാംതരം പരിഹാസ താല്പര്യം ഉള്ളവൾ ആയിരുന്നു. കാരണം അവൾ സാറായെ നിന്ദിച്ചു തുടങ്ങിയത് യിശ്മായേലിനെ പ്രസവിച്ച് വളർത്തിയശേഷം അല്ല മറിച്ച് അബ്രഹാമിനാൽ താൻ ഗർഭം ധരിച്ചു എന്ന് അറിഞ്ഞ സമയം തൊട്ട് അവൾ സാറായെ നിന്ദിച്ചു തുടങ്ങി. അവൻ ഹാഗാറിന്റെ അടുക്കൽ ചെന്നു. അവൾ ഗർഭം ധരിച്ചു. താൻ ഗർഭംധരിച്ചു എന്ന് അവൾ കണ്ടപ്പോൾ യജമാനത്തി അവളുടെ കണ്ണിന് നിന്ദിതയായി" (ഉല്പ. 16:4). ഇവളുടെ മകൻ പരിഹാസി ആയതിൽ അതിശയമൊന്നുമില്ല.

(c) സഭയിൽ, സാമൂഹിക ഇടപാടിൽ:- "പരിഹാസിയെ നീക്കിക്കളയുക; അപ്പോൾ പിണക്കം പൊയ്ക്കൊള്ളും ; കലഹവും നിന്ദയും നിന്നുപോകും" (യെശ. 32:7).

സഭകളിൽ വായ്ക്ക് കടിഞ്ഞാണിടാതെ പരിഹാസ ശരങ്ങൾ വർഷിക്കുന്ന നേതൃനിരയിലുള്ളവരെയും സഹോദരീ സഹോദരന്മാരെയും കാണാൻ കഴിയും. ഒന്നു വിലയിരുത്തിയാൽ നമ്മുടെ സഭകളിലെ പ്രശ്നക്കാർ എല്ലാവരിലും സ്ഥായിയായ പരിഹാസ സ്വഭാവം ഉണ്ടായിരിക്കും. അവർ പരിഹാസത്തിലൂടെ ഉള്ളിലെ അഴുക്ക് നുരഞ്ഞ് തള്ളുകയാണ്. അവരെ താക്കീത് ചെയ്കയും യഥാസ്ഥാനപ്പെട്ടില്ലെങ്കിൽ ആന്തരീക രൂക്ഷപാപങ്ങൾ ഇപ്പോഴും അവരിൽ ഉണ്ടെന്ന് തിരിച്ചറിഞ്ഞ് സഭയിൽ നിന്ന് നീക്കിക്കളയണം. അപ്പോൾ സഭ ശുദ്ധവും കലഹരഹിതവും ആകും. എന്നാൽ പല പാപങ്ങൾക്കും പലരേയും സഭ മുടക്കിയാലും ഒരു പരിഹാസിയെ എങ്കിലും തിരിച്ചറിഞ്ഞ് മുടക്കിയിട്ടുണ്ടോ? ഇല്ലാത്തതിനാൽ കള്ളൻ കപ്പലിൽ തന്നെ വിലസുകയല്ലേ.

ആകയാൽ പ്രിയരേ, സ്വന്ത ജീവിതത്തിൽ നിന്ന് ആദ്യം പരിഹാസത്തെ തുരത്തുക. ഇതിനെ തുരത്തണമെങ്കിൽ ഇതിന് കാരണമായ പാപത്തെ വിട്ടൊഴിയണം. അപ്പോൾ പരിഹാസം താനേ നിന്നുപോകും, നമ്മുടെ കുടുംബങ്ങൾ ശുദ്ധമാകും. അപ്പോൾ സഭയിലെ പരിഹാസികൾക്ക് എതിരെ പ്രതികരിപ്പാൻ നമുക്ക് ശക്തി ലഭിക്കയും ക്രമേണ അവരും നീക്കപ്പെട്ട്, പിണക്കങ്ങൾ അകന്ന് കലഹങ്ങൾ തീർന്ന് സഭയും ശുദ്ധമാകും. നമ്മെയും കുടുംബത്തെയും ദൈവസഭയെപ്പോലും പിടിച്ച് ഉലയ്ക്കുന്ന പാപലക്ഷണമായ പരിഹാസത്തെ കണ്ട് നമുക്ക് പ്രതികരിക്കാം. ●

ഒ.വാ. (1) ഉല്പ. 28:15, ഇതാ ഞാൻ നിന്നോടുകൂടെയുണ്ട്. . . . . . . ഞാൻ നിന്നെ കൈവിടാതെ നിന്നോട് അരുളിച്ചെയ്തത് നിവർത്തിക്കും. (2) സങ്കീ. 23:4 മരണനിഴലിൽ താഴ്വരയിൽക്കൂടെ നടന്നാലും ഞാൻ ഒറു അനർത്ഥവും ഭയപ്പെടുകയില്ല; നീ എന്നോടുകൂടെ ഇരിക്കുന്നുവല്ലോ. (3) മത്താ. 28:20. ഞാനോ ലോകാവസാനത്തോളം എല്ലാ നാളും നിങ്ങളോടുകൂടെയിരിക്കും. കൂടാതെ സങ്കീ. 27:1, യോശു. 1:5,6, ; യോശു. 10:25, ഉല്പ. 15:1

2. ഭൂമി മാറിപ്പോയാലും പർവ്വതങ്ങൾ കുലുങ്ങി സമുദ്ര മദ്ധ്യേ വീണാലും അതിന്റെ വെള്ളം ഇരച്ചു കലങ്ങിയാലും അതിന്റെ കോപം കൊണ്ട് പർവ്വതങ്ങൾ കുലുങ്ങിയാലും നാം ഭയപ്പെടുകയില്ല. എന്തുകൊണ്ട്?

സങ്കീ. 46:1,2 ദൈവം നമ്മുടെ സങ്കേതവും ബലവുമാകുന്നു. കഷ്ടങ്ങളിൽ അവൻ ഏറ്റവും അടുത്ത തുണയായിരിക്കുന്നു. അതുകൊണ്ട് ഭൂമി മാറിപ്പോയാലും........ നാം ഭയപ്പെടുകയില്ല.

ഒ.വാ. (1) സങ്കീ. 62:2,7 അവൻ തന്നെ എന്റെ പാറയും എന്റെ രക്ഷയും ആകുന്നു.

(2) ആവ. 4:7........ യഹോവയോടു നാം വിളിച്ചപേക്ഷിക്കുമ്പോഴൊക്കെയും അവൻ നമുക്ക് അടുത്തിരിക്കുന്നതുപോലെ ദൈവം ഇത്ര അടുത്തിരിക്കുന്ന ശ്രേഷ്ഠജാതി ഏതുള്ളു?

സങ്കീ. 145; 18 യഹോവ സത്യമായി തന്നെ വിളിച്ചപേക്ഷിക്കുന്ന ഏവർക്കും സമീപസ്ഥനാകുന്നു.

(3) യെശ. 25:4....... യഹോവ എളിയവനു ദുർഗം ദരിദ്രന് അവന്റെ കഷ്ടത്തിൽ ഒരു കോട്ട, കൊടുങ്കാറ്റിൽ ഒരു ശരണം, ഉഷ്ണത്തിൽ ഒരു തണൽ. (4) സങ്കീ. 18:2 യഹോവ എന്റെ ശൈലവും കോട്ടയും രക്ഷകനും എന്റെ ദൈവവും എന്നാൽ ശരണമാകുന്ന പാറയും എന്റെ പരിചയും എന്റെ രക്ഷയായ കൊമ്പും എന്റെ ഗോപുരവും കൂടാതെ ആവ. 13:6 സങ്കീ. 9:9 യോവേൽ 3:16, ദാനി 12:13.

3. (a). അനർത്ഥത്തിനു മുമ്പേ കഴിഞ്ഞു പോകുന്നതും സമാധാനത്തിലേക്ക് പ്രവേശിക്കുന്നതും ആര്?

യെശ. 57:1 നീതിമാൻ അനർത്ഥത്തിനു മുമ്പെ കഴിഞ്ഞു പോകുന്നു. അവൻ സമാധാനത്തിലേക്ക് പ്രവേശിക്കുന്നു.

ഒ.വാ. (1) തെസ്സ. 1:10 മഹോപദ്രവകാലത്തിനു മുമ്പേ കർത്താവ് വന്ന് വീണ്ടും ജനിച്ചവരെ നിത്യ സമാധാനത്തിലേക്ക് ചേർത്തുകൊള്ളും. (2) സങ്കീ. 34:19. നീതിമാന്റെ അനർത്ഥങ്ങൾ അസംഖ്യം. അവയെല്ലാറ്റിൽ നിന്നും യഹോവ അവനെ വിടുവിക്കുന്നു. (3) 2 രാജാ. 22:20 നീ സമാധാനത്തോടെ നിന്റെ കല്ലറയിൽ അടക്കപ്പെടും. ഞാൻ ഈ സ്ഥലത്തുനിന്നും വരുവാൻ പോകുന്ന അനർത്ഥമൊന്നും നിന്റെ കണ്ണുകാണുകയില്ല. കൂടാതെ ഉല്പ. 7 :1-5, യിരെ. 26:3, സദൃ. 19:23

(b). താന്താന്റെ കിടക്കയിൽ വിശ്രമം പ്രാപിക്കുന്നത് ആര്?

യെശ. 57:2 നേരായി നടക്കുന്നവരൊക്കെയും താന്താന്റെ കിടക്കയിൽ വിശ്രമം പ്രാപിക്കുന്നു.

ഒ.വാ. (1) സദൃ. 14:2 നേരായി നടക്കുന്നവൻ ദൈവ ഭക്തൻ, നടപ്പിൽ വക്രതയുള്ളവനോ അവനെ നിന്ദിക്കുന്നു. (2) സദൃ. 10:9 നേരായി നടക്കുന്നവൻ നിർഭയമായി നടക്കുന്നു.

(3) സങ്കീ. 84:11 നേരോടെ നടക്കുന്നവർക്ക് അവൻ ഒരു നന്മയും മുടക്കുകയില്ല.

(4) യെശ. 33: 15, 16 നീതിയായി നടന്നു നേരു പറയുന്നവൻ..... കൈക്കൂലി വാങ്ങാത്തവൻ, ദോഷത്തെ കണ്ട് രസിക്കാത്തവൻ . . . . ഉയരത്തിൽ വസിക്കും.

കൂടാതെ, യെശ. 25:8; 26:3, 2 രാജാ. 22:20, സദൃ. 12:13. 4. നിങ്ങൾ യുദ്ധങ്ങളെയും യുദ്ധശ്രുതികളെയും കുറിച്ചു കേൾക്കും. എങ്കിലും ചഞ്ചലപ്പെടേണ്ട. രണ്ടു കാരണങ്ങൾ ഏവ?

ഒ.വാ. മത്താ. (1) 24:6. യുദ്ധങ്ങളും യുദ്ധശ്രുതികളും സംഭവിക്കേണ്ടതു തന്നെ. അത് അവസാനമല്ല.

(2) വാ. 7,8. ജാതി ജാതിയോടും രാജ്യം രാജ്യത്തോടും എതിർക്കും. ഇതൊക്കെയും ഈറ്റുനോമ്പിന്റെ ആരംഭം മാത്രമാണ്. ഒ.വാ. (1) ലൂ. 21:8 -18. മത്താ. 24:13-14 (3) വാ. 14. സുവിശേഷം ലോകത്തിൽ എല്ലായിടത്തും പ്രസംഗിക്കപ്പെടും. അപ്പോൾ അവസാനം വരും. (4) വാ. 27-28 കർത്താവിന്റെ വരവ് മിന്നൽവേഗത്തിൽ. വിശുദ്ധന്മാർ കർത്താവിനോടുകൂടെ എടുക്കപ്പെടും. പിന്നെ പേടിക്കാൻ എന്തുണ്ട്?

5. (a). പിശാചിനോട് എതിർത്ത് അല്പകാലത്തേക്ക് കഷ്ടം സഹിക്കുന്ന നിങ്ങളെ സർവ്വകൃപാലുവായ ദൈവം വിളിച്ചിരിക്കുന്നത് എന്തിനായി?

1. പത്രോ. 5:10 അല്പകാലത്തേയ്ക്ക് കഷ്ടം സഹിക്കുന്ന നിങ്ങളെ ക്രിസ്തുവിൽ തന്റെ നിത്യ തേജസ്സിനായി വിളിച്ചിരിക്കുന്നു.

ഒ.വാ. (1) ഫിലി. 3:14 .... പിമ്പിലുള്ളതു മറന്നും മുമ്പിലുള്ളതിന് ആഞ്ഞും കൊണ്ട് ക്രിസ്തു യേശുവിൽ ദൈവത്തിന്റെ പരമവിളിയുടെ വിരുതിന്നായി ലാക്കിലേക്ക് ഓടുന്നു.

(2) റോമ. 8:17,18 നാം ക്രിസ്തുവിനോടുകൂടെ തേജസ്കരിക്കപ്പെടേണ്ടതിനു അവനോടുകൂടെ കഷ്ടം അനുഭവിക്കുന്നു. (3) 1 പത്രൊ. 2:20 . . . . . നന്മ ചെയ്തിട്ടു കഷ്ടം സഹിച്ചാൽ ദൈവ ത്തിന്നു പ്രസാദം. അതിനായിട്ടല്ലോ നിങ്ങളെ വിളിച്ചിരിക്കുന്നത്. കൂടാതെ പ്രവൃ. 5:41; ഫിലി. 3:14, എഫെ. 6:11, റോമ. 8:17-18

(b) നമ്മെ ഉറപ്പിച്ചു ശക്തീകരിക്കുന്നവന്റെ ബലം എന്നുവരെയുള്ളത്?

1 പത്രോ. 5:11 നമ്മെ ഉറപ്പിച്ചു ശക്തീകരിക്കുന്നവന്റെ ബലം എന്നേക്കുമുള്ളത്. ഒ.വാ. സെഖ. 9:10 അവന്റെ ആധിപത്യം സമുദ്രം മുതൽ സമുദ്രം വരെയും നദി മുതൽ ഭൂമിയുടെ അറ്റ ത്തോളവും ആയിരിക്കും. (2) 1 പത്രോ. 4:11, വെളി 7:12, യൂദാ. 25

6. നാം കഷ്ടങ്ങളിലും പ്രശംസിക്കുന്നത് എന്ത് അറിഞ്ഞുകൊണ്ട്?

റോമ. 5:3,4 കഷ്ടത സഹിഷ്ണുതയേയും സഹിഷ്ണുത സിദ്ധതയേയും സിദ്ധത പ്രത്യാശ യേയും ഉളവാക്കുന്നു എന്ന് അറിഞ്ഞുകൊണ്ട് നാം കഷ്ടങ്ങളിലും പ്രശംസിക്കുന്നു.

ഒ.വാ. (1) 2 കൊരി. 12:9 ..... ഞാൻ ക്രിസ്തുവിനു വേണ്ടി ബലഹീനത കൈയേറ്റം, ബുദ്ധിമുട്ട്, ഉപദ്രവം, ഞെരുക്കം എന്നിവ സഹിപ്പാൻ ഇഷ്ടപ്പെടുന്നു. (2) റോമ. 8:18. നമ്മിൽ വെളിപ്പെ ടുത്തുവാനുള്ള തേജസ്സ് വിചാരിച്ചാൽ ഈ കാലത്തിലെ തകഷ്ടങ്ങൾ സാരമില്ല.

(3) 2 കൊരി. 7:4 ഞങ്ങളുടെ സകല കഷ്ടതയിലും സന്തോഷം എനിക്കു കവിഞ്ഞിരിക്കുന്നു,

7. നൊടിനേരത്തേക്കുള്ള നമ്മുടെ ലഘുവായ കഷ്ടം നമുക്ക് എന്ത് കിട്ടുവാൻ ഹേതുവാകുന്നു?

2. കൊരി. 4:17 നൊടിനേരത്തേയ്ക്കുള്ള മ്മുടെ ലഘുവായ കഷ്ടം അത്യന്തം അനവധിയായി തേജസ്സിന്റെ നിത്യ ഘനം നമുക്കു കിട്ടുവാൻ കാരണമാകുന്നു.

ഒ.വാ. (1) 1 പത്രൊ. 4:13 ക്രിസ്തുവിന്റെ കഷ്ടങ്ങൾക്കു പങ്കുള്ളവരാകുന്തോറും സന്തോഷി ച്ചാൽ നിങ്ങൾ അവന്റെ തേജസ്സിന്റെ പ്രത്യക്ഷതയിൽ ഉല്ലസിച്ചാനന്ദിപ്പാൻ ഇടവരും.

(2) റോമ. 8:18 നമ്മിൽ വെളിപ്പെടുവാനുള്ള തേജസ്സു വിചാരിച്ചാൽ ഈ കാലത്തിലെ കഷ്ട ങ്ങൾ സാരമില്ല.

“അല്പനാളീ കണ്ണീരിൻ താഴ്വരയിൽ ആയീടിലും
അത്യന്തം തേജസിൻ ഘനം നിത്യതേ ചെന്നു കാണും ഞാൻ
എന്നിനിയും വന്നങ്ങു ചേർന്നിടും ഞാൻ നിന്നരികിൽ”

“നൊടിനേരത്തേയ്ക്കുള്ള ലഘു സങ്കടം
അനവധി തേജസ്സിന്റെ ഭാഗ്യം തന്നെ
എത്തിപ്പോകാതുള്ള നിക്ഷേപം ഞാൻ
കർത്തന്റെ കൈകളിൽ കാണുന്നുണ്ട്

NB: സ്ഥലപരിമിതി മൂലം ജയിച്ചവരുടെ മാർക്കു വിവരം അടുത്ത ലക്കത്തിൽ

## വരിസംഖ്യ കുടിശികക്കാരുടെ ശ്രദ്ധയ്ക്ക്

മെയിലിംഗ് ലിസ്റ്റ് പുതുക്കി തയ്യാറാക്കിക്കൊണ്ടിരിക്കുന്നതിനാൽ വരിസംഖ്യ കുടിശിക ക്കാർക്ക് അറിയിപ്പുകൾ അയച്ചുവരുന്നു. അറിയിപ്പുകൾ ലഭിച്ചിട്ടും കുടിശിക തന്ന് ഈ ആത്മീയ ശുശ്രൂഷയിൽ സഹകരിക്കാത്തവർക്ക് 2010 ജനുവരി മുതൽ ആത്മപ്രകാശിനി മാസിക ലഭിക്കുന്നതല്ലായിരിക്കും എന്ന് അറിയിച്ചുകൊള്ളുന്നു. അങ്ങനെ ഭവിക്കാതെയി രിക്കുവാൻ ഈ ശുശ്രൂഷയെ പ്രാർത്ഥനയിൽ ഓർക്കുകയും 2009-ൽ തന്നെ കുടിശികയു ള്ളത് തീർത്ത്സഹകരിച്ച് പ്രോത്സാഹിപ്പിക്കുകയും ചെയ്യണമെ. **(മാനേജർ)**

# വാർത്തകൾ, കുറിപ്പുകൾ

## പ്രാർത്ഥനയ്ക്കും സ്തോത്രത്തിനും

**തൂക്കുപാലം :** 1996 -ൽ ഇവിടെ ആരംഭിച്ച പ്രവർത്തനങ്ങളുടെ ഫലമായി ഉണ്ടായ സഭയിൽ ഇപ്പോൾ 70 ൽ അധികം ആളുകൾ ആരാധിക്കുന്നു. ഇവിടെനിന്നും സുവിശേഷ വേലയ്ക്കായി വേർതിരിഞ്ഞ സഹോ. ബിനു എം. നൈനാൻ ആനപ്പാറയിലും അജി സി. ഫിലിപ്പ് പണിക്കൻകുടിയിലും പ്രവർത്തിച്ചുവരുന്നു. രക്ഷിക്കപ്പെട്ടു മുന്നോട്ടുവന്ന 3 യുവസഹോദരങ്ങളുടെ സ്നാനം 11-7-09 നടന്നു. സുവി. ലാലു വി. ഏബ്രഹാംസ്നാനശുശ്രൂഷ നടത്തി. രക്ഷിക്കപ്പെട്ടവരായ ചിലരുടെ ഭവനങ്ങളിൽ ബൈബിൾക്ലാസ്സ് നടക്കുന്നു. ഇവർ വേർപെട്ടുവരുവാനും ഗ്രാമങ്ങൾ തോറും നടന്നുവരുന്ന സുവിശേഷീകരണ പ്രവർത്തനങ്ങൾ അനുഗ്രഹിക്കപ്പെടുവാനും പുതിയ ചില സഭകൾ രൂപം കൊള്ളുവാനും ഇവിടെയുള്ള പ്രവർത്തനങ്ങളെയും ആവശ്യങ്ങളെയും ഓർത്ത് പ്രാർത്ഥന ചോദിക്കുന്നു. എന്ന് സുവി. ലാലു വി. ഏബ്രഹാം, പി.ബി.നമ്പർ. 2, കല്ലാർ പി.ഒ., തൂക്കുപാലം, ഇടുക്കി - കേരള - 685552.

**വയനാട്** : വൈ.എം.ഇ.എഫിന്റെ ഏകദിനസുവിശേഷ പ്രവർത്തനം 2009 ജൂലൈ 25 ന് ചീരാൽ ബ്രദറൺ സഭയുടെ സഹകരണത്തിൽ നടന്നു. ഭവന സന്ദർശനവും ബൈബിൾ ക്ലാസ്സും നടന്നു. സുവി. അനിൽ എസ്. അമ്പലവയൽ ക്ലാസ്സ് എടുത്തു. റ്റി.കെ. പീറ്റർ, എ.എൻ. വത്സലം, ബേബി ഏബ്രഹാം എന്നിവർ മറ്റ് ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. വയനാട്ടിലെ സ്ഥലം സഭകളിൽ നിന്ന് സുവിശേഷകന്മാരും മൂപ്പന്മാരും പങ്കെടുത്തു. പ്രവർത്തനങ്ങളെ ദൈവജനം തുടർന്നും പ്രാർത്ഥനയിൽ ഓർത്താലും എന്ന് സുവി. കുഞ്ഞുമോൻ പി.വൈ.

**കോരുത്തോട്**: പീരുമേട് താലൂക്ക് സുവിശേഷീകരണത്തിന്റെ സഹകരണത്തിലും സഭയുടെ ചുമതലയിലും ഒരു ഏകദിന സുവിശേഷ പ്രവർത്തനം ജൂലൈ 6 ന് മടുക്ക എന്ന സ്ഥലത്തുവെച്ച് നടന്നു. അനേക ഭവനങ്ങൾ സന്ദർശിച്ച് സുവിശേഷം അറിയിക്കുവാൻ സാധിച്ചു. ചിലർ കർത്താവിനെ ഏറ്റുപറഞ്ഞ് സ്വീകരിച്ചിട്ടുണ്ട്. ഇവിടെ ആരംഭിച്ച സഭാകൂടിവരവ് അനുഗ്രഹകരമായി തുടരുന്നു. സുവി. ഇ.എസ്. ജോണിന്റെ ഭവനത്തിലാണ് ഇപ്പോൾ കൂടിവരുന്നത്. പ്രവർത്തനത്തിന്റെ അനുഗ്രഹത്തിനായി പ്രാർത്ഥിച്ചാലും. സഭയുടെ വിലാസം ഇ.എസ്. ജോൺ (ഇവാ.) ഇലവൻകുഴിയിൽ ഹൗസ്, കോരുത്തോട് പി.ഒ. 686513, കോട്ടയം.

**വൈപ്പിൻ :** 11 സ്ഥലം സഭകൾ ചേർന്ന് നടത്തിവരുന്ന ഇരുമാസകൂട്ടായ്മാ യോഗവും പ്രവർത്തനവും തുടരുന്നു. വൈപ്പിൻ, പനമ്പുകാട് സഭകളുടെ സഹകരണത്തിൽ സഭാരൂപീകരണ ലക്ഷ്യത്തോടെ സി.ജി. മൈക്കിൾ, സി.ജെ. ജോൺസൻ എന്നിവർ പ്രവർത്തിച്ചുവരുന്ന കർത്തേടം എന്ന സ്ഥലത്ത് ഇരുമാസ കൂട്ടായ്മ യോഗത്തോടുള്ള ബന്ധത്തിൽ ഏകദിന പ്രവർത്തനം ആഗസ്റ്റ് 4 ന് നടത്തി. ഭവന സന്ദർശനവും ബൈബിൾ ക്ലാസ്സും പരസ്യയോഗവും നടത്തപ്പെട്ടു. സുവി. കുഞ്ഞുമോൻ ദാനിയേൽ, ബാബു വർഗീസ് നടത്തറ വിവിധ ശുശ്രൂഷകൾ ചെയ്തു. കത്തോലിക്കർ തിങ്ങിപ്പാർക്കുന്ന ഇവിടുത്തെ പ്രവർത്തനത്തെയും ഇരുമാസകൂട്ടായ്മയോഗത്തെയും ദൈവജനം പ്രാർത്ഥനയിൽ ഓർത്താലും. എന്ന് കെ.സി. ഉദയൻ (ഇവാ.), സി.എ. മാണി, ആലുവ.

**അഹമ്മദാബാദ്** : മെയ്മാസത്തിൽ 3 ദിവസത്തെ ഗോസ്പൽ മീറ്റിംഗ് നടക്കുകയുണ്ടായി. ബാലസംഘ പ്രവർത്തനം സണ്ടേസ്കൂൾ, ഭവനസന്ദർശനം മുടങ്ങാതെ നടക്കുന്നു. 29-7-09 ൽ ഗൽസുക്ക് എന്നയാൾ രക്ഷിക്കപ്പെടുവാൻ ഇടയായി. ഞങ്ങൾ താമസിക്കുന്ന വീട്ടിൽ നിന്നും ഞങ്ങളെ മാറ്റുവാനായി ചില തീരുമാനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. ഈ തീരുമാനങ്ങൾ ഇല്ലാതെയായി ദൈവത്തിന്റെ പ്രവർത്തി വെളിപ്പെടുത്തുവാൻ പ്രാർത്ഥന അപേക്ഷിക്കുന്നു. വിലാസം Evg. Rajudas, 24, Mahavirsmruti Society,Near Arbudanagar, Karikkattu Canal, Odhav, Ahmedabad 382415, Ph: 09328262399.

**ഝാബുവ** : 25 വർഷങ്ങൾക്കു മുമ്പ് ഞങ്ങൾ കുടുംബമായി മദ്ധ്യപ്രദേശിന്റെ വടക്കുപടിഞ്ഞാറ് ഭീൽ ആദിവാസി ജില്ലയായ ഝാബുവായിൽ നിരക്ഷരരും അരപ്പട്ടിണിക്കാരുമായ 70 ലക്ഷം വരുന്ന ജനവർഗ്ഗത്തിന്റെ ഭാഷ ഭിലിയിൽ വേദപുസ്തക തർജ്ജമയ്ക്കായി വന്നു. 10 വർഷത്തിലേറെ ഓർമ്മശക്തി നഷ്ടപ്പെട്ട് കഴിഞ്ഞുകൂടേണ്ടി വന്നെങ്കിലും ഈ വർഷം ഏപ്രിലിൽ പുതിയ നിയമ തർജ്ജമ പൂർത്തിയാക്കുവാൻ കഴിഞ്ഞു. പുതിയ നിയമ പ്രസിദ്ധീകരണത്തിന് ബൈബിൾ സൊസൈറ്റിയെ ഏൽപ്പിച്ചാൽ വലിയ കാലതാമസം വരുമെന്നുള്ളതിനാൽ തക്കസമയത്ത് ന്യായമായ നിരക്കിൽ അച്ചടിച്ചു തരുവാൻ ഒരുക്കമുള്ള പ്രസാധകരെ അന്വേഷിച്ചുകൊണ്ടിരിക്കുന്നു. സെപ്റ്റംബറിൽ പഴയ നിയമ തർജ്ജമ ആരംഭിക്കുകയാണ്. പ്രാർത്ഥനയിൽ ഓർക്കുക. എന്ന് പി.റ്റി. തോമസ്.

## കൺവൻഷൻ / ക്യാമ്പ്

**കോട്ടയം കൺവൻഷൻ :** 2009 നവം. 30- ഡിസം. 6 വരെ തിരുനക്കര മൈതാനത്തിൽ കൺവൻഷൻ നടക്കുന്നതായിരിക്കും. വൈകുന്നേരം 6-7 വരെ ഗാന ശുശ്രൂഷ, 7-8.15 വരെ സുവിശേഷ സന്ദേശം, ആഹ്വാനം, പ്രാർത്ഥന എന്നിവയയ്ക്കുശേഷം 8.30ന് യോഗം അവസാനിക്കും. പ്രഭാതധ്യാനം, സുവിശേഷക സമ്മേളനം, സണ്ടേസ്കൂൾ മേഖലാ സമ്മേളനം, സഹോദരിമാരുടെ കൂടിവരവ്, ചിൽഡ്രൻസ് ഫെസ്റ്റ്, യൂത്ത് മീറ്റിംഗ് എന്നീ പരിപാടികൾ ഉണ്ടായിരിക്കും. 6-ന് ഞായറാഴ്ച സംയുക്ത ആരാധന കെ.പി.എസ്. മേനോൻ ഹാളിൽ നടക്കും. പ്രസംഗകരായി ജോയി ജോൺ, ജോർജ്ജ് ചാക്കോ, എം.എം. സഖറിയ, വർഗീസ് കുര്യൻ, ചാണ്ടപ്പിള്ള ഫിലിപ്പ് എന്നിവർ ഉണ്ടായിരിക്കും. ഈ മഹായോഗങ്ങൾ അനുഗ്രഹപ്രദമാക്കുവാൻ വളരെ പ്രാർത്ഥിക്കേണ്ടിയിരിക്കുന്നു. എന്ന് കൺവീനർ, ട്രഷറാർ

**സുവിശേഷക്യാമ്പ് :** വൈ.എം.ഇ.എഫ്. മലബാർ ഡിവിഷന്റെ സുവിശേഷ ക്യാമ്പ് നവം. 1-4 വരെ കൊടക്കൽ (മലപ്പുറം), ബ്രദ്റൺ സഭയുടെ സഹകരണത്തിൽ നടത്തുവാൻ ആഗ്രഹിക്കുന്നു. ശുശ്രൂഷകൾക്കായി ബിജു കെ. ആലടി, ഒ.ജെ. ബാബു, ഉണ്ടായിരിക്കും. അനുഗ്രഹത്തിനായി ദൈവജനം പ്രാർത്ഥിക്കുകയും സഹകരിക്കുകയും ചെയ്താലും എന്ന് സെക്രട്ടറി കെ. കെ. മാത്യു.

**ഝാൻസി :** താഴെ പറയുന്ന സമയത്തും സ്ഥലത്തും ടീം പ്രവർത്തനങ്ങൾ നടക്കുന്നതാണ്.

1) 2009 സെപ്റ്റം. 21-24 വരെ. ലളിത്പൂർ ജില്ല.

2) 2009 നവം. 23-26 വരെ മഹോബ ജില്ല.

3) 2009 ഡിസം. 14-17 വരെ ബാൻഡാ ജില്ല

**ലഘുലേഖാ പുസ്തക വിതരണം.**

1) 2009 ഒക്ടോ. 13-18 വരെ. ഝാൻസി സി.എൻ.ഐ. കൺവൻഷൻ സ്ഥലം 2) 2009 ഒക്ടോ. 26-28 വരെ സെന്റ് ജൂഡ് ഫെസ്റ്റിവെൽ, ഝാൻസി.

**സീക്കേഴ്സ് ക്യാമ്പ്**

1) 2009 നവം. 12-15 വരെ ഝാൻസി സഭാഹാൾ

പ്രസംഗകർ : ബന്നി ചരലിൽ, ശാമുവേൽ ബി. തോമസ്, ജോസഫ് ജോൺ.

അനുഗ്രഹത്തിനും സാമ്പത്തീക ആവശ്യങ്ങൾക്കുമായി പ്രാർത്ഥിച്ചാലും. എന്ന് പി.വി. ജോസഫ്, പി.എ. സൃശാമുവേൽ വിലാസം പി.പി. ഫിലിപ്പോസ്, ഗോസ്പൽ ഹോം, 196 സി.പി. മിഷൻ കോംപൗണ്ട് ഝാൻസി - 284003, യു.പി.

## അഭ്യർത്ഥന

**ദമാൻ :** 2004 ൽ സുവി. എ.സി. ഷാജി കുടുംബമായി ഇവിടെ വന്ന് പ്രവർത്തനമാരംഭിച്ച ഫലമായി 2006 മെയ്മാസം ഒരു സഭാ കൂടിവരവ് 10 വിശ്വാസികളോടു കൂടി ആരംഭിക്കുവാൻ കർത്താവ് സഹായിച്ചു. ഇപ്പോൾ ഏകദേശം 30 പേർ കൂടിവരുവാനായിട്ടുണ്ട്. സുവി. ഷാജിയുടെ വാടകവീട്ടിലെ പരിമിതമായ സ്ഥലത്താണ് ഇപ്പോൾ കൂടി വരുന്നത്. ഈ ബുദ്ധിമുട്ട് മനസ്സിലാക്കി ഒരു പൊതു ഹാൾ ഉണ്ടാകാനായി പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നു. അതിനുയോഗ്യമായ ഒരു കെട്ടിടം ലഭിക്കുവാനായി 13,70,000 കൊടുക്കണം. സഭാവിശ്വാസികൾ 75,000 ശേഖരിച്ചിട്ടുണ്ട്. ബാക്കി തുക ഉണ്ടാക്കേണ്ടിയിരിക്കുന്നു. കെട്ടിടം "ക്രിസ്ത്യൻ ബ്രദറൺ അസംബ്ലി" എന്ന പേരിൽ എഴുതുവാൻ ആഗ്രഹിക്കുന്നു. ഈ ആവശ്യത്തിലേക്ക് ദൈവമക്കളുടെ വിലയേറിയ പ്രാർത്ഥനയും സഹകരണവും പ്രതീക്ഷിക്കുന്നു. സംഭാവനകൾ ക്രിസ്ത്യൻ ബ്രദറൺ അസംബ്ലി, ദമാൻ SB A/C No. 045610005618 Dena Bank, Daman എന്നെഴുതി സുവി. എ.സി. ഷാജി. F1/2 Roshni Apt. P.B. 21,Mashal Chowk Navi Deman 396210 U T of Daman & Diu അയച്ചാലും എന്ന് എ.സി. ഷാജി. ബി. ജോൺ

**പിച്ചനാട്ടുകുളം :** ഏകദേശം 90 വർഷങ്ങൾക്കുമുമ്പ് മിഷനറി ഇ.എച്ച്. നോയലിന്റെ പ്രവർത്തനഫലമായി ഉളവായതും കൂലിവേലക്കാരും സാമ്പത്തീകശേഷി ഇല്ലാത്തവരുമായ 30 ൽ അധികം വിശ്വാസികൾ ഉൾപ്പെടുന്നതുമായ ഒരു പഴയ സ്ഥലംസഭയാണ് പിച്ചനാട്ടുകുളം ബ്രദറൺ സഭ. കൂടിവരുന്ന ഹാൾ നോയൽ സായിപ്പ് നിർമ്മിച്ചു തന്നതാണ്. കാലപ്പഴക്കത്തിൽ മേൽക്കൂര ദ്രവിച്ച് വീഴാറായിരിക്കുന്ന സ്ഥിതിയിലാണ്. ജനലുകളും കതകുകളും മാറ്റേണ്ടിയിരിക്കുന്നു. 4.5 ലക്ഷം രൂപ ചെലവ് കണക്കാക്കുന്നു. ഇത്രയും രൂപ ശേഖരിക്കുവാൻ സഭയായി ഞങ്ങൾക്ക് കഴിവില്ല. അതുകൊണ്ട് വിശ്വാസികളും സഭകളും ഈ ആവശ്യത്തിൽ ഞങ്ങളെ സഹായിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഈ ആവശ്യത്തിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ വാകത്താനം ശാഖയിൽ ബ്രദറൺ അസംബ്ലി പിച്ചനാട്ടുകുളം എന്ന പേരിൽ 67078966715 നമ്പറിൽ ഒരു ജോയിന്റ് അക്കൗണ്ട് തുടങ്ങിയിട്ടുണ്ട്. സഹായം അയയ്ക്കുന്നവർ ഈ അക്കൗണ്ടിൽ മാറത്തക്കവണ്ണം യോഹന്നാൻ നെടുങ്ങമൂല, പള്ളിക്കുന്നേൽ, പൊങ്കന്താനം പി.ഒ., വാകത്താനം, കോട്ടയം-686538 എന്ന വിലാസത്തിൽ അയയ്ക്കണമെന്ന് താല്പര്യപ്പെടുന്നു. എന്ന് സഭയ്ക്കുവേണ്ടി യോഹന്നാൻ നെടുങ്ങാമൂല. പി.റ്റി. ബാബു, കെ.സി. ബാബു, ഇ.സി. ജോസഫ് (സുവി.), വി. കുര്യാക്കോസ്, പി.എ. ഏബ്രഹാം, കെ. പോൾ തോമസ് എന്നിവർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

RN.No. 36067/ 81
Postal Reg. No. KL/TLA/44/2009-11 dt.14-11-08
ആത്മപ്രകാശിനി
If undelivered Please return to:
Athma Prakashini
P.B.No.10
Kumbanad
Thiruvalla 689 547
Printed and Published by
C.A.George
at Excel Offset Printers, Omallor

## വിവിധ വിഷയങ്ങൾ

**വൃന്ദാവനം (കൊറ്റനാട്) :** ഇവിടെയുള്ള സഭയ്ക്ക് അടുത്ത സ്ഥലമായ മാടത്തുചാലിൽഒരുബ്രദറൻ സഭയുണ്ടെന്നും വസ്തു വാങ്ങി ഹാൾ വയ്ക്കുവാൻവേണ്ടി ചിലർ ധനാഭ്യർത്ഥന നടത്തുന്നതായും അറിയുന്നു. എന്നാൽ ആ സ്ഥലത്ത് ഒരു സഭയില്ലെന്നും ഈ അഭ്യർത്ഥന വഴി ദൈവമക്കൾ വഞ്ചിക്കപ്പെടരുതെന്നും സി. കെ ലോറൻസ്, എം. കെ. മാത്യു, എം. കെ ചാക്കോ, ജോൺ പി. മാത്യു, റ്റി. ജെ. പാപ്പച്ചൻ എന്നിവർ അറിയിക്കുന്നു.

Angamaly : Vedanadam Training Centre- Acepting application from born again dedicated young men who have a desire to study the Bible. 2 years Intensive Bible Training course begins on Oct 1st, 2009. Boarding and lodging provided by the School. Apply for prospectus and application form to; Principal, Vedanadam Training Centre , Mookkannoor, 683 577, Angamaly, Mobile : 09895780530, vedanam@gmail.com

## വിലാസമാറ്റം

**നിരണം:** നിരണം ബ്രദറൻ സഭയ്ക്കുള്ള കത്തിടപാടുകൾക്കുള്ള വിലാസം- THE BRETHREN ASSEMBLY, C/o V. A. Ravi, Vazhakkuttathil house,Kizhakkumbhagam P. O, NIRANAM .THIRUVALLA 689629. എന്ന് സി. വി. റജി, ആനന്ദൻ, വി. എ. രവി.